# ദീപനാളം

കലാസാംസ്കാരിക ESTD-1968 ദേശീയവാരിക

2020 ഡിസംബർ 10 | ദീപം 53 | നാളം 31 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org





# അന്നം തരുന്നവന്റെ അറുതി മുട്ടിക്കുന്നവർ!



**ജോർജ് കള്ളിവയലിൽ**

അന്നം തരുന്നവർ ഭൂമിയിലെ കാണപ്പെട്ട ദൈവങ്ങളാണ്. പക്ഷേ, അന്നം തരുന്നവനെ അടിച്ചോടിക്കുന്നതാണ് ഡൽഹിയിൽ കണ്ടത്. കേന്ദ്രസർക്കാരിന്റെ വിവാദകാർഷികനിയമങ്ങൾക്കെതിരേ സമരം ചെയ്യുന്ന കർഷകരെ ക്രൂരമായി തല്ലിച്ചതച്ചു. വെല്ലുവിളികൾ നോക്കാതെ സമരത്തിനെത്തിയ വയോധികർ അടക്കമുള്ള കർഷകർക്കു നേരേയാണ് പോലീസ് ബലപ്രയോഗവും കണ്ണീർവാതകവും ജലപീരങ്കികളും പ്രയോഗിച്ചത്.

കതിരു കാക്കുന്ന കർഷകന്റെയും അതിരു കാക്കുന്ന ജവാന്റെയും ചോരയും നീരുമാണ് ഇന്ത്യ അടക്കമുള്ള രാജ്യങ്ങളുടെ കരുത്തും ജീവവായുവും. കർഷകരുടെ അധ്വാനത്തിലൂടെ മാത്രമേ ജനതകൾക്കു ഭക്ഷണം ലഭ്യമാകൂ. അരിയും ഗോതമ്പും പയർവർഗങ്ങളും സവോളയും കിഴങ്ങും പച്ചക്കറികളും പഴങ്ങളും ഭക്ഷ്യയെണ്ണകളും സുഗന്ധവ്യഞ്ജനങ്ങളും നാളികേരവും മത്സ്യവും മാംസവും മുട്ടയും പാലും കാപ്പിയും തേയിലും റബറും തുടങ്ങി ഉപ്പും മുളകും കടുകും വരെ ഉത്പാദിപ്പിക്കുന്ന കർഷകരില്ലാതെ മനുഷ്യരാശിക്കു നിലനിൽക്കാനാകില്ല. മന്ത്രിമാർ ഉൾപ്പെടെയുള്ള രാഷ്ട്രീയക്കാർക്കോ ഉദ്യോഗസ്ഥർക്കോ കർഷകന്റെ വിയർപ്പില്ലാതെ ഒരു നേരത്തേ ഭക്ഷണം കിട്ടില്ല.

### അതിശൈത്യത്തിലും വീറോടെ

ഉത്തരേന്ത്യയിലാകെ ശൈത്യകാലം തുടങ്ങിക്കഴിഞ്ഞു. രാത്രികളിൽ ആറു ഡിഗ്രി സെൽഷ്യസാണ് താപനില. കേന്ദ്രസർക്കാരിന്റെ വിവാദകർഷകനിയമങ്ങൾക്കെതിരേ പ്രക്ഷോഭവുമായി ഡൽഹി ചലോ സമരത്തിൽ പങ്കെടുക്കാനെത്തിയ പതിനായിരക്കണക്കിനു കർഷകർ തെരുവിലും ട്രക്കുകളിലുമാണു കൊടുംതണുപ്പിനെ വകവയ്ക്കാതെ ഉറങ്ങുന്നത്. ഭക്ഷണം പാചകം ചെയ്യുന്നതും കഴിക്കുന്നതും വസ്ത്രങ്ങൾ മാറ്റുന്നതുമൊക്കെ തെരുവിൽ.

മാസങ്ങൾ തെരുവിൽ കിടക്കേണ്ടിവന്നാലും വിവാദ കർഷകവിരുദ്ധനിയമങ്ങൾ പിൻവലിക്കാതെ സമരത്തിൽ നിന്നു പിന്നോട്ടില്ലെന്നാണു കർഷകസംഘടനാ നേതാക്കളുടെ പ്രഖ്യാപനം. മൂന്നു മാസത്തേക്കുള്ള ഗോതമ്പും അരിയും അടക്കം റേഷൻസാധനങ്ങൾ കൊണ്ടുവന്നിട്ടുണ്ടെന്നും വേണ്ടിവന്നാൽ ചെറുസംഘങ്ങൾ തിരികെ നാട്ടിൽ പോയി കൂടുതൽ കർഷകരും സാധനങ്ങളുമായി മടങ്ങിവരുമെന്നും കർഷകനേതാക്കൾ പറഞ്ഞു. സിക്കുകാരുടെ ഗുരുവായ ഗുരുനാനാക്കിന്റെ ജയന്തിപോലും ഹരിയാന-ഡൽഹി അതിർത്തികളിലെ സമരവേദികളിലാണ് പഞ്ചാബികളായ കർഷകർ തിങ്കളാഴ്ച ആചരിച്ചത്.

### കൊമ്പന്മാരും മുട്ടുമടക്കിയ ശക്തി

സമരക്കാരുടെ പ്രതിനിധികളുമായി ചർച്ചയ്ക്ക് ഉപാധി വച്ച കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായ്ക്ക് ഉത്തരേന്ത്യയിലെ ചങ്കുറപ്പുള്ള കർഷകരുടെ മുന്നിൽ മുട്ടുമടക്കേണ്ടിവന്നു. ഡൽഹി അതിർത്തിക്കടുത്തുള്ള ബുറാഡിയിലെ നിരങ്കാരി മൈതാനിയിലേക്കു പോയാൽ മാത്രമേ കർഷകരുമായി ചർച്ചയുള്ളൂവെന്നു പ്രഖ്യാപിച്ച മന്ത്രിയോടു പോയി പണിനോക്കാനാണു കർഷകർ പറഞ്ഞത്. ഏതെങ്കിലും മൈതാനിയിലൊതുക്കി സമരത്തിന്റെ വീര്യം കളയാനുള്ള തന്ത്രം കർഷകർ പൊളിച്ചടുക്കി.

കർഷകരുമായുള്ള ചർച്ചയ്ക്ക് ഉപാധി വച്ചാൽ സംസ്ഥാനങ്ങളിലേക്കുകൂടി സമരം വ്യാപിക്കുമെന്നു തീർച്ചയായതോടെ കേന്ദ്രം വഴങ്ങി. തെരുവിൽ സമരം ചെയ്യുന്ന കർഷകസംഘടനകളുടെ പ്രതിനിധികളുമായി ചർച്ച നടത്താൻ കേന്ദ്രം സമ്മതിച്ചതു മറ്റൊരു മാർഗവും ഇല്ലെന്നു ബോധ്യമായപ്പോഴാണ്.

കർഷകരെ രക്ഷിക്കാനാണു പുതിയ നിയമങ്ങളെന്നാണു കേന്ദ്രത്തിന്റെ വാദം. പക്ഷേ, വിവാദനിയമങ്ങളിൽ പ്രതിഷേധിച്ചാണ് എൻഡിഎ സഖ്യകക്ഷിയായിരുന്ന അകാലിദൾ മുന്നണി വിട്ടതും കേന്ദ്രമന്ത്രി ഹർസിമ്രത് കൗർ രാജിവച്ചതും. ബിജെപി ഭരണമുള്ള ഹരിയാനയിലും യുപിയിലുംപോലും നൂറുകണക്കിനു കർഷകരാണ് പ്രതിഷേധവുമായി തെരുവിലിറങ്ങുന്നത്.

കർഷകരെ വഴിതെറ്റിക്കുകയാണെന്നും അനാവശ്യ ഭീതി നിറയ്ക്കുകയാണെന്നുമാണു കഴിഞ്ഞ തിങ്കളാഴ്ചയും പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞത്. കർഷകക്ഷേമത്തിനായി ഒരു ലക്ഷം കോടി രൂപ അനുവദിച്ചുവെന്നും പ്രധാനമന്ത്രി അവകാശപ്പെട്ടു.

### വരുമാനം ഇരട്ടിയായില്ല

കർഷകന്റെ വരുമാനം അഞ്ചു വർഷംകൊണ്ട് ഇരട്ടിയാക്കുമെന്നു വാഗ്ദാനം ചെയ്ത് അധികാരത്തിലേറിയവർതന്നെ കർഷകരെ നിർദാക്ഷിണ്യം ദ്രോഹിക്കുന്നു! കർഷകരെ രക്ഷിക്കാനെന്നു പറഞ്ഞു കൊണ്ടുവന്ന മൂന്നു വിവാദകാർഷികനിയമങ്ങളാണ് കർഷകരുടെ ഉറക്കം കെടുത്തുന്നത്. കർഷകരക്ഷയ്ക്കെന്ന പേരിൽ കൊണ്ടുവരുന്ന നിയമങ്ങൾ കോർപ്പറേറ്റ് കർഷകചൂഷണത്തിനു കളമൊരുക്കുമെന്നാണ് കർഷകരുടെ ആശങ്ക.

കാർഷികോത്പന്നവ്യാപാരവാണിജ്യനിയമം -ഫാർമേഴ്സ് പ്രൊഡ്യൂസ് ട്രേഡ് ആൻഡ് കൊമേഴ്സ് (പ്രൊമോഷൻ ആൻഡ് ഫസിലിറ്റേഷൻ) ആക്ട് 2020, കർഷക (ശക്തീകരണ, സംരക്ഷണ) നിയമം - ദി ഫാർമേഴ്സ് (എൻപവർമെന്റ് ആൻഡ് പ്രൊട്ടക്ഷൻ) എഗ്രിമെന്റ് ഓൺ പ്രൈസ് അഷ്വറൻസ് ആൻഡ് ഫാം സർവീസസ് ആക്ട് 2020, അവശ്യസാധന നിയമഭേദഗതി- ദി എസെൻഷ്യൽ കമ്മോഡിറ്റീസ് (അമെൻഡ്മെന്റ്) ആക്ട് 2020 എന്നിവയാണു വിവാദനിയമങ്ങൾ.

വിശദമായ ചർച്ചപോലുമില്ലാതെ കഴിഞ്ഞ സെപ്റ്റംബറിൽ പാർലമെന്റിൽ പാസാക്കിയ ഈ ബില്ലുകളിൽ അതേമാസംതന്നെ രാഷ്ട്രപതി ഒപ്പുവച്ചതോടെ നിയമം രാജ്യമാകെ പ്രാബല്യത്തിലായി.

### പഠനവും പൊതുചർച്ചയും വരട്ടെ

കാർഷികമേഖലയിൽ ഒരേസമയം ഗുണദോഷസമ്മിശ്രമായ പല മാറ്റങ്ങൾക്കും വഴിതെളിക്കുന്ന, ദൂരവ്യാപകപ്രത്യാഘാതമുണ്ടാക്കാവുന്ന നിയമനിർമാണങ്ങൾക്കുമുമ്പ് ശാസ്ത്രീയവും വിശദവുമായ പഠനങ്ങൾക്കും പൊതുചർച്ചയ്ക്കും സർക്കാർ തയ്യാറാകണം. സർക്കാരിനെ അത്തരം ചർച്ചകൾക്കു നിർബന്ധിക്കാൻ കർഷകരും രാഷ്ട്രീയക്കാരും കൂട്ടായി ശ്രമിക്കുകയും വേണം.

വിവാദമായ മൂന്നു നിയമങ്ങളിൽ ആദ്യത്തെ കാർഷികോത്പന്ന വ്യാപാരവാണിജ്യനിയമം കേരളത്തിലെയും മറ്റും കർഷകർക്കു ഗുണകരമാകും. എന്നാൽ, പഞ്ചാബ്, ഹരിയാന സർക്കാരുകൾക്കും ഇടനിലക്കാർക്കും വൻകിട കർഷകർക്കും ഇതിനോടു താത്പര്യമുണ്ടാകില്ല. ഈ മൂന്നു വിഭാഗക്കാരുടെയും വരുമാനത്തിൽ കുറവുണ്ടാക്കാൻ എപിഎംസി നിയമഭേദഗതി വഴിതെളിക്കും. പഞ്ചാബിലെ കർഷകരുടെ സമരത്തിന് പഞ്ചാബ് സർക്കാർ പിന്തുണ നൽകുന്നതിനു പ്രധാന കാരണം ഇതാണ്.

കരാർ കൃഷിക്കായുള്ള കർഷക (ശക്തീകരണ, സംരക്ഷണ) നിയമം ഒറ്റനോട്ടത്തിൽ നല്ലതെന്നു തോന്നിക്കാവുന്ന മധുരം പുരട്ടിയ ഗുളികയാണ്. ചെറുകിടകർഷകർക്കു പ്രായോഗികമായി ദോഷകരമായേക്കാവുന്നതാണു നിയമത്തിലെ വ്യവസ്ഥകൾ. കർഷകനുമായി കരാറിലേർപ്പെടുന്ന കുത്തകകൾക്കും വൻകിടവ്യാപാരികൾക്കും വ്യവസായലോബിക്കുമാകും ഈ നിയമം കൂടുതൽ സഹായകരമാകുക.


▶ 12

# പാലാ ടൗൺ കപ്പേളയിൽ
# അമലോത്ഭവമാതാവിന്റെ ജൂബിലിത്തിരുനാൾ

## 2020 ഡിസംബർ 8 -ാം തീയതി ചൊവ്വാഴ്ച

ചരിത്രപ്രസിദ്ധമായ പാലാ ടൗൺ കപ്പേളയിൽ പരിശുദ്ധ അമലോദ്ഭവമാതാവിന്റെ ജൂബിലിത്തിരുനാൾ ഡിസംബർ 1 മുതൽ 8 വരെ തീയതികളിൽ ഭക്തിനിർഭരമായി നടത്തപ്പെടുന്നു. പ്രധാന തിരുനാൾ ഡിസംബർ 8 ന് ആചരിക്കും. അമ്മയുടെ അനുഗ്രഹങ്ങളുടെ കരങ്ങൾ പാലായുടെമേൽ വിരിയുന്ന മനോഹരമുഹൂർത്തം! ജൂബിലിത്തിരുനാൾ പാലാക്കാർക്ക് ആത്മീയനിർവൃതിയുടെ നിമിഷങ്ങളാണ്.

സ്വർഗ്ഗവാതിലോളം മുട്ടിനില്ക്കുന്ന പാലാ കുരിശുപള്ളി ആരിലും അദ്ഭുതമുണർത്തും. മനോഹരമായ ഈ ശിലാഗോപുരം ആരിലും അനുഭൂതി ഉണർത്തും. പരിശുദ്ധ അമലോദ്ഭവമാതാവിന്റെ നാമധേയത്തിലുള്ള ഈ കുരിശുപള്ളിയുടെ സന്നിധാനത്തിലെത്തിനിൽക്കുമ്പോൾ നാം എല്ലാ ദുഃഖവും മറക്കും. ആശ്വാസത്തിന്റെ അനുഗ്രഹത്തിന്റെ അഭൗമികപ്രപഞ്ചം നാമറിയാതെ നമുക്കു മുമ്പിൽ തുറക്കും.

പാലാ കത്തീഡ്രൽ, ളാലം പഴയപള്ളി, ളാലം പുത്തൻ പള്ളി എന്നീ മൂന്ന് ഇടവകകളുടെയും സംയുക്താഭിമുഖ്യത്തിലാണ് ജൂബിലിത്തിരുനാൾ ആഘോഷിക്കുന്നത്. ഡിസംബർ 8 ജൂബിലിത്തിരുനാൾ ദിനം അനുഗ്രഹവർഷത്തിന്റെ ദിനമായി മാതാവിന്റെ ഭക്തർ കാണുന്നു.

തിരുനാൾ ദിവസം കുരിശുപള്ളിക്കപ്പേളയിലെ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാൻ പാലായിലും പരിസരപ്രദേശങ്ങളിലുമുള്ള നാനാജാതി മതസ്ഥർ എത്തിച്ചേരുന്നു. മാതാവിന്റെ അനുഗ്രഹംവാങ്ങി സംതൃപ്തിയോടെ അവർ മടങ്ങിപ്പോകുന്നു. അഭയംതേടി... ആശ്വാസം തേടി... മാതൃസന്നിധിയിലെത്തുന്ന തന്റെ ഭക്തരെ അമ്മ കൈവെടിയാറില്ല... ഒരിക്കലും!

– ജോയി മുത്തോലി



### ഡിസംബർ 8

5.30 am വി. കുർബാന, ലദീഞ്ഞ്
റവ. ഫാ. ജോൺ കണ്ണന്താനം

8.00 am ആഘോഷമായ പാട്ടുകുർബാന, സന്ദേശം
മാർ ജേക്കബ് മുരിക്കൻ
(പാലാ രൂപത സഹായമെത്രാൻ)

രാവിലെ 10.00 മുതൽ വൈകിട്ട് 5.00 വരെ
ബൈബിൾ പാരായണം, ജപമാല

05.15 pm ആഘോഷമായ സുറിയാനി കുർബാന, സന്ദേശം, ലദീഞ്ഞ്
മാർ ജോസഫ് കല്ലറങ്ങാട്ട്
(പാലാ രൂപതാദ്ധ്യക്ഷൻ)

തത്സമയസംപ്രേഷണം
Trias Media Pala cathedral

### ഭക്തജനങ്ങളുടെ പ്രത്യേക ശ്രദ്ധയ്ക്ക്

- കോവിഡ്–19 രോഗവ്യാപനം നിലനില്ക്കുന്നതിനാലും സർക്കാർനിയന്ത്രണങ്ങൾ നിലവിലുള്ളതിനാലും ഈവർഷത്തെ തിരുനാൾപരിപാടികൾ കർശനനിയന്ത്രണത്തിലായിരിക്കും നടത്തപ്പെടുക.
- പോലീസ്, ആരോഗ്യ, മുനിസിപ്പൽ അധികാരികളുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണം.
- തിരുനാൾ ദിവസങ്ങളിൽ കുരിശുപള്ളി പരിസരത്ത് ആളുകൾ കൂട്ടംകൂടാൻ അനുവദിക്കുന്നതല്ല. കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ചുള്ള അകലം കൃത്യമായി പാലിക്കേണ്ടതാണ്.
- കുരിശുപള്ളിയിൽ എത്തുന്ന ഭക്തജനങ്ങൾ അകലംപാലിച്ച് നേർച്ചകാഴ്ചകൾ സമർപ്പിക്കേണ്ടതാണ്. മാതാവിന്റെതിരുസ്വരൂപത്തെ സ്പർശിക്കുവാൻ ഒരു കാരണവശാലും അനുവദിക്കുന്നതല്ല.
- ഈവർഷം അടിമവയ്ക്കൽ ഉണ്ടായിരിക്കുന്നതല്ല.
- കുരിശുപള്ളിയിൽ എത്തുന്നവർ മാസ്ക് ധരിക്കേണ്ടതും, സാനിറ്റൈസർ ഉപയോഗിച്ച് കൈകൾ വൃത്തിയാക്കേണ്ടതുമാണ്
- മാതാവിന്റെ തിരുസ്വരൂപത്തിൽ പൂമാല, നാരങ്ങാമാല സമർപ്പണം ഈ വർഷം ഉണ്ടായിരിക്കുന്നതല്ല.





ജൂബിലിത്തിരുനാൾ ആശംസകൾ!

# ചെറുവള്ളിൽ സ്റ്റോഴ്സ്

ടൗൺ ബസ്സ്റ്റാൻഡിനു സമീപം, പാലാ
Ph: 04822- 212360(Shop), 212016, 205429 (Res)

അരി, പലചരക്ക്, കാലിത്തീറ്റ, ബിരിയാണി ഐറ്റംസ്, സ്പൈസസ്, സ്റ്റേഷനറി etc...



## ലിത്തോസ് പാവിംഗ് ടൈൽസ് നിങ്ങളുടെ മുറ്റം
## കൂടുതൽ സുന്ദരമാക്കും..

വ്യത്യസ്തവും, മനോഹരവുമായ ഡിസൈനുകളുടെ വിപുല ശേഖരവുമായി ലിത്തോസ് പാവിംഗ് ടൈൽസ് വിപണിയിൽ. കുറഞ്ഞ വിലയിൽ ഏറ്റവും മികച്ചതും ദീർഘകാലം ഈട് നിൽക്കുന്നതുമായ പാവിംഗ് ടൈലുകളാണ് ലിത്തോസ് നൽകുന്നത്. ഏറ്റവും ആധുനിക മെഷിനറികളുടെ സഹായത്തോടെ സ്വന്തം ഫാക്ടറിയിൽ നിർമ്മിക്കുന്നതിനാൽ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ആവശ്യക്കാർക്ക് ടൈലുകൾ തിരഞ്ഞെടുക്കുവാൻ കഴിയുന്നു. നിർമ്മാണത്തിന്റെ ഓരോ ഘട്ടങ്ങളിലും ഗുണമേന്മ പരിശോധിച്ച് ഉറപ്പ് വരുത്തുന്നു എന്നതാണ് ലിത്തോസിന്റെ മറ്റൊരു പ്രത്യേകത. വിവിധ ഡിസൈനുകളിലുള്ള ടൈലുകൾ കേരളത്തിൽ എവിടെയും കുറഞ്ഞ നിരക്കിൽ വിരിച്ച് കൊടുക്കാനുള്ള സൗകര്യവും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്.

- പൂർണ്ണമായും വൈറ്റ് സിമന്റിൽ നിർമ്മിക്കുന്നതിനാൽ പായൽ പിടിക്കാനുള്ള സാധ്യത തീർത്തും കുറവ്.
- സാധാരണ ഇന്റർ ലോക്കുകളെ അപേക്ഷിച്ച് ഏറ്റവും മികച്ച കളർ ഓക്സൈഡ് ഉപയോഗിക്കുന്നു.
- പരിചയ സമ്പന്നരായ തൊഴിലാളികളാൽ പൂർണ്ണ ഉത്തരവാദിത്വത്തോടെ സൈറ്റിൽ വിരിച്ചു കൊടുക്കപ്പെടും

LITHOS PAVING TILES
ISO 9001:2015





**Royal Industries**
Near St Antony's Abbot Church,
Elamthottam, Pala, Pin 686651

907 264 7007
907 264 7008

# ദൈവം തെളിച്ച വഴിവിളക്ക്

**പാലാ രൂപതയുടെ പ്രഥമാധ്യക്ഷൻ മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയുടെ 34–ാം ചരമവാർഷിക ദിനത്തോടനുബന്ധിച്ച് പാലാ കത്തീഡ്രലിൽ നടന്ന പ്രാർത്ഥനാശുശ്രൂഷാമദ്ധ്യേ, രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നടത്തിയ അനുസ്മരണപ്രസംഗത്തിൽനിന്ന് :**



**മാർ ജോസഫ് കല്ലറങ്ങാട്ട്**

നസ്രാണിസമുദായത്തിന്റെ പ്രൗഢിയും പാലായുടെ തെളിമയും ഉയർത്തിപ്പിടിച്ച പാലാ രൂപതയുടെ പ്രഥമാചാര്യന്റെ സ്മരണകൾ നമ്മിൽ ഒരു ജ്വലനം സൃഷ്ടിക്കുന്നുണ്ട്. കനവും ആഴവുമുള്ള ദർശനങ്ങൾ ഇടയലേഖനങ്ങളിലൂടെയും പ്രഭാഷണങ്ങളിലൂടെയും അദ്ദേഹം നല്കിക്കൊണ്ടിരുന്നു. മനുഷ്യത്വത്തിൽ ഊന്നിയ ഒരു ദൈവികതയ്ക്കാണ് വയലിൽപിതാവ് പ്രാധാന്യം നല്കിയത്. അതുകൊണ്ട് അല്മായരെ വളരെയേറെ അടുത്തു നിർത്തുന്നതിനും അവരോട് ഇടപെടുന്നതിനും പിതാവിനു സാധിച്ചു. നിർണ്ണായകാവസരങ്ങളിൽ ആശയങ്ങൾ അസ്ത്രമൂർച്ചയോടെ കുറിക്കുകയും പറയുകയും ചെയ്തിട്ടുണ്ട്. വിനയാന്വിതനായ ഒരു വ്യക്തിക്കു മാത്രമേ ഇത്ര വലിയ കാഴ്ചപ്പാടുകൾ കൊണ്ടുനടക്കാൻ കഴിയുകയുള്ളൂ. ഏതു സങ്കീർണ്ണതകളെയും ക്രാന്തദർശിത്വത്തോടെ അദ്ദേഹം കൈകാര്യം ചെയ്തു. ഋഷിതുല്യമായ നിർമ്മമതയോടെയും ശിശുസഹജമായ നൈർമല്യത്തോടെയും ആശയാവിഷ്കരണം നടത്തിയ വയലിൽപിതാവ് ആയിരങ്ങൾക്ക് ആവേശമായിത്തീർന്നു. സമർപ്പിതർ, രൂപതവൈദികർ, മിഷനറി വൈദികർ തുടങ്ങിയ ഒരുപറ്റം ആളുകൾ നമ്മുടെ രൂപതയിൽനിന്ന് ആ കാലഘട്ടത്തിൽ ജന്മമെടുത്തു. ഇത്ര ലളിതമായി, സൗമ്യമായി, നിഷ്കളങ്കമായി ഇടപെടാൻ വയലിൽപിതാവിനു മാത്രമേ കഴിയൂ. രൂപതയിലൂടെ ഒരു അന്തർവാഹിനിയായി പിതാവ് ഒഴുകി. നിതാന്തജാഗ്രതയോടെ ഉണർന്നിരുന്നു.

സത്യസഭയുടെ വിശ്വാസം സംരക്ഷിക്കാൻ നിരന്തരം പഠിക്കുകയും എഴുതുകയും ചെയ്തുകൊണ്ടിരുന്നു. തന്നെ ഭരമേല്പിച്ച ദൈവജനത്തെ മുഴുവൻ തൊട്ടുതലോടിയ ഒരു മന്ദമാരുതനായിരുന്നു പിതാവ്. സങ്കീർണ്ണതകളെ ഏറ്റവും ലളിതമായ രീതിയിൽ കൈകാര്യം ചെയ്തു. നഷ്ടമാകുന്ന ഒരു മാനവികതയെപ്പറ്റി പിതാവ് സങ്കടപ്പെട്ടുകൊണ്ടിരുന്നു. രാഷ്ട്രീയദർശനങ്ങൾ ആഴത്തിലുള്ളതായിരുന്നു. വിദ്യാഭ്യാസദർശനങ്ങൾ ഹിമാലയത്തിന്റെ ഔന്നത്യമുള്ളവയും. വാക്കുകൾ കടഞ്ഞെടുത്തതും അഗ്നിസ്ഫുലിംഗങ്ങൾ പോലെയുമായിരുന്നു. വാക്കുകളിൽ വഴിവിളക്കുകൾ ഉണ്ടായിരുന്നു. പകരംവയ്ക്കാനില്ലാത്ത ഒരു ആശയധാരയുടെ ഉറവയായിരുന്നു വയലിൽപിതാവ്. ഇടയലേഖനങ്ങൾ മലയാളത്തിന്റെ ചന്തവും ഓജസ്സും വെളിപ്പെടുത്തി. ആശയങ്ങളുടെ ഗാംഭീര്യവും അവസരങ്ങളുടെ ഔചിത്യവും ഒരുപോലെ വെളിപ്പെടുത്തി. സംസ്കൃതസാഹിത്യപദങ്ങളും ഗ്രാമ്യപദങ്ങളും നാട്ടുമൊഴികളും വർത്തമാനഭാഷാശൈലികളും അടുക്കളഭാഷയും കാർഷകഭാഷയും എല്ലാം ഒരുപോലെ പിതാവിന്റെ രചനകളിൽ ഒഴുകിയെത്തിയിരുന്നു.



**മാർ സെബാസ്റ്റ്യൻ വയലിൽ**

കലക്കവും കലർപ്പും ഇല്ലാത്ത മലയാളത്തിലൂടെയാണ് പിതാവ് മക്കളെ പഠിപ്പിച്ചത്. മാതൃഭാഷയിൽ നല്ല പ്രാവീണ്യം നേടിയിരുന്നു. സർക്കാരുകളും മറ്റു സംവിധാനങ്ങളും ഉറങ്ങിപ്പോയപ്പോഴും പിണങ്ങിപ്പോയപ്പോഴും വയലിൽപിതാവ് ഉറങ്ങാത്ത കാവൽക്കാരനായിരുന്നുകൊണ്ട് ജനോപകാരപ്രദമായ ഇടപെടലുകൾ നടത്തിക്കൊണ്ടിരുന്നു. പിതാവ് വാത്സല്യത്തിന്റെ ആൾരൂപമായിരുന്നു. ഒപ്പം ലക്ഷ്യബോധത്തിൽനിന്ന് വിട്ടുവീഴ്ചയില്ലാത്ത അജപാലനസമീപനങ്ങളും. പിതാവിന്റെ ഇടപെടലുകൾ പലർക്കും അനുഗ്രഹങ്ങൾക്ക് ഇടയായിട്ടുണ്ട്. സ്വാഭാവികവും നിഷ്കളങ്കവും ആയിരുന്നു ആ പുഞ്ചിരി. വിയോജിപ്പുകളെ വികാരപരമായി കാണാതെ അവയെക്കുറിച്ച് ആഴമായി ചിന്തിച്ച്, അവഗണിക്കേണ്ടവയെ അകറ്റിനിർത്തുകയും പരിഗണിക്കേണ്ടവയെ അടുപ്പിച്ചുനിർത്തുകയും ചെയ്തു. പരിചയസമ്പത്തിലൂടെ പക്വമായ ഒരു ജീവിതശൈലിയുടെ ഉടമയായിരുന്നു. നല്ല നർമ്മബോധവും കൈമുതലായിരുന്നു. പരി.കുർബാന അർപ്പണരീതിയും സുറിയാനി ഭാഷാപ്രേമവും ദൈവാലയ കൂദാശാകർമ്മങ്ങളും തിരുപ്പട്ടാഭിഷേകപ്രാർത്ഥനകളും സ്വർഗ്ഗാനുഭൂതികൾ നല്കിയിരുന്നു. ഭാരതനസ്രാണിചരിത്രത്തെയും സെക്കുലർ മേഖലകളെയും രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവുമായ മേഖലകളെയുംകുറിച്ച് പിതാവിന് വിശാലവും മൂല്യാധിഷ്ഠിതവുമായ കാഴ്ചപ്പാടുകളുണ്ടായിരുന്നു.

സംസ്കാരസമ്പന്നനായ ആചാര്യോത്തമനായിരുന്നു വയലിൽ പിതാവ്. എല്ലാത്തരം കാപട്യങ്ങളെയും എതിർത്തിരുന്നു. കേമത്തവും വങ്കത്തവും നടിക്കുന്നവരോട് ഉള്ളിൽ നീരസമായിരുന്നു. ഭരണപരമായ കാര്യങ്ങളിൽ അന്നുവരെ കാണിച്ചിരുന്ന പരമ്പരാഗത അളവുകോലുകൾ മാറ്റി സ്വന്തമായ നിലപാടുകൾ കൈമുതലാക്കി.

മേലധ്യക്ഷശുശ്രൂഷാപദവിയുടെ യശസ്സ് ഉയർത്തിയ ആളാണ് വയലിൽ പിതാവ്. മാസ്റ്റർ ഷെപ്പേർഡായ ഈശോയിൽനിന്ന് സ്വന്തം കർമ്മപഥങ്ങളിലേക്ക് ഊർജ്ജം ശേഖരിച്ചവനും വിതരണം ചെയ്തവനുമായിരുന്നു വയലിൽ പിതാവ്. ഹൃദയത്തിലാണ് സൂക്തങ്ങൾ ഉദിച്ചുയരുന്നത്. മാനവഹൃദയങ്ങൾക്ക് മാർഗദർശനമായി നില്ക്കുന്ന സൂക്തങ്ങളായിരുന്നു പിതാവിന്റേത്. വിപുലമായ ഒരു പാസ്റ്ററൽ പ്ലാനിംഗ് പിതാവിനുണ്ടായിരുന്നു. ഭക്തനായിരുന്നു പിതാവ്, ഒപ്പം ലിറ്റർജിസ്റ്റും. നല്ല ഭരണകർത്താവും, വായിക്കുകയും പഠിക്കുകയും ചിന്തിക്കുകയും ചെയ്യുന്ന നേതാവുമായിരുന്നു. സഭയുടെ മിഷണറിസ്വഭാവം, ജനാധിപത്യം, സ്വാതന്ത്ര്യം, ബഹുസ്വരത, സമുദായബോധം, സാംസ്കാരികവൈവിധ്യങ്ങൾ തുടങ്ങിയവയെല്ലാം പിതാവിന്റെ ഇഷ്ടവിഷയങ്ങളായിരുന്നു. നിഷ്പക്ഷത പാലിക്കുവാൻ എന്നും ഇഷ്ടപ്പെട്ടിരുന്നു. ആദ്യനാളുകളിൽ അധ്യാപനത്തോളം വയലിൽ പിതാവിന് ഇഷ്ടമുള്ള വേറൊന്നുമില്ലായിരുന്നു. കേരളത്തിൽ തെളിഞ്ഞ ഇന്ത്യയുടെ പ്രസാദാത്മകമായ മുഖമായിരുന്നു പിതാവ്.

പാലായ്ക്ക് ഒരിക്കലും മായാത്ത കൈയൊപ്പു ചാർത്തിക്കൊണ്ടാണ് പിതാവ് സ്വർഗ്ഗസ്ഥനായിരിക്കുന്നത്. സമസ്ത മേഖലകളിലും ഇടപെട്ട് കൃതഹസ്തത തെളിയിച്ച മികവുറ്റ ആത്മീയാചാര്യനായിരുന്നു അദ്ദേഹം. സമർത്ഥനായ മേലദ്ധ്യക്ഷൻ, കേരളം കണ്ട ഏറ്റവും നല്ല പ്രഭാഷകൻ, ചടുലനായ നേതാവ്, നിപുണനായ ഭരണാധികാരി, ദേശീയവാദി, സമുദായസ്നേഹി എന്നീ നിലകളിലെല്ലാം പിതാവു ശ്രദ്ധേയനായി. വിട്ടുവീഴ്ചയില്ലാത്ത സഭാദർശനം, ചരിത്രദർശനം, ലിറ്റർജിക്കൽ ദർശനം, നസ്രാണി സഭയുടെ ആത്മാംശമായിട്ടുള്ള സമുദായബോധം, സുറിയാനി ഭാഷാസ്നേഹം ഇതെല്ലാം പിതാവിന്റെ കൈമുതലായിരുന്നു. പണ്ഡിതനായ വിദ്യാഭ്യാസപ്രവർത്തകനായിരുന്നു വയലിൽ പിതാവ്. സെന്റ് തോമസ് കോളജ്, അൽഫോൻസാ കോളജ്, ബി.എഡ് കോളജ് തുടങ്ങിയവയെല്ലാം അതിന്റെ ഉദാഹരണങ്ങളാണല്ലോ. ഒന്നാംകിട മിഷനറിയായിരുന്നു പിതാവ്. എം.എസ്.റ്റി നല്ല ഉദാഹരണമാണ്. തലശ്ശേരി, ഉജ്ജയിൻ എന്നീ രൂപതകൾ പിതാവിന്റെ ഹൃദയത്തിൽ നിറഞ്ഞുനിന്ന യാഥാർത്ഥ്യങ്ങളായിരുന്നു. ഒരിക്കലും വിഭാഗീയതയുടെ വിത്തു പാകിയില്ല. മികച്ച മാദ്ധ്യസ്ഥ്യപാടവം കൊണ്ടുനടന്നു. ദേശീയത വാക്കുകളിലും കത്തുകളിലും പ്രഭാഷണങ്ങളിലും നിറഞ്ഞുനിന്നു. പാറേമ്മാക്കൽ തോമാക്കത്തനാർ, നിധീരിക്കൽ മാണിക്കത്തനാർ, അൽഫോൻസാമ്മ, തേവർപറമ്പിൽ കുഞ്ഞച്ചൻ, കദളിക്കാട്ടിൽ മത്തായിയച്ചൻ, അന്ത്രയോസ് മല്പാനച്ചൻ, കുടക്കച്ചിറയച്ചൻ, കടവിൽ ചാണ്ടിയച്ചൻ എന്നിവരെക്കുറിച്ചെല്ലാം പിതാവ് രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ കണ്ടാൽ നമുക്ക് വിസ്മയവും ആവേശവും തോന്നും. കാലഹരണപ്പെടാത്ത ചിന്തകളും ദിശാബോധവും പിതാവു നല്കി. ഉറപ്പോടും വെടിപ്പോടുംകൂടി തന്റെ മനസ്സ് പറഞ്ഞ വഴിയേ മാത്രമേ സഞ്ചരിച്ചുള്ളൂ. തുല്യനീതിയും തുല്യപങ്കാളിത്തവും രൂപതയ്ക്കുള്ളിൽ ഉറപ്പാക്കി.

സ്വയം ഒരുക്കലിനുള്ള അവസരമാണ് പിതാവിന്റെ ഓർമ്മത്തിരുനാൾദിവസം. വയലിൽ പിതാവ് ദൂരത്തല്ല, സമീപത്താണ്. സഭാത്മകബോധംകൊണ്ടും ചരിത്രപഠനംകൊണ്ടും ദൈവാരാധനയിലുള്ള താത്പര്യംകൊണ്ടും സമുദായബോധംകൊണ്ടും പിതാവിനോടുള്ള നമ്മുടെ അകലം ഓരോ ദിവസവും നമുക്ക് കുറച്ചുകൊണ്ടുവരാൻ സാധിക്കും. പൈതൃകത്തിന്റെ പിൻതുടർച്ച മുറിയാതെ കൊണ്ടുപോകേണ്ടതിന്റെ ഉത്തരവാദിത്വം നമുക്കാണ്.

വയലിൽ പിതാവിന് ഓരോ വ്യക്തിയോടും ഓരോ സംഭവത്തോടും എങ്ങനെയാണ് ഇടപെടേണ്ടത് എന്നറിയാമായിരുന്നു. കുടുംബവും മാതാപിതാക്കളും മക്കളും ദൈവവിളിയുമെല്ലാം വയലിൽ പിതാവിന്റെ ഹൃദയാന്തരങ്ങളിൽ സ്ഥാനംപിടിച്ച വിഷയങ്ങളായിരുന്നു. പിതാവിന്റെ വാക്കുകൾ : "മാതാപിതാക്കൾക്ക് ശിശുക്കളെക്കാൾ വിലയേറിയ എന്തു സമ്പത്താണുള്ളത്? ശിശുക്കൾ നമ്മുടെ അമൂല്യനിധികളാണ്. രാജ്യത്തിന്റെയും സമുദായത്തിന്റെയും ഭാവിഭാഗധേയം അവരെയാണ് ആശ്രയിച്ചിരിക്കുന്നത്. ശിശുക്കൾ ദൈവത്തിന്റെ സ്നേഹഭാജനങ്ങളും മിശിഹായുടെ രക്തത്തോളം വിലയുള്ളവരുമാണ്."

കുടുംബത്തെക്കുറിച്ച് : "ജീവിതത്തിന്റെ പ്രഥമവും അടിസ്ഥാനപരവുമായ പാഠങ്ങൾ പഠിപ്പിക്കുന്ന സ്കൂൾ കുടുംബവും അവിടത്തെ അദ്ധ്യാപകർ മാതാപിതാക്കളുമാണ്."

ദൈവവിളിയെക്കുറിച്ച് : പരിശുദ്ധ മദ്ബഹയിലേക്കു വേണ്ട പുഷ്പങ്ങൾ ശേഖരിക്കുവാനുള്ള തോട്ടങ്ങൾ യഥാർത്ഥത്തിൽ കത്തോലിക്കാകുടുംബങ്ങളാണ്."

സെമിനാരിക്കാരെക്കുറിച്ച്: "വിദ്യാഭ്യാസം അതിപാവനമായ ഒരു പ്രേഷിതപ്രവൃത്തിയാണ്. വിദ്യാലയങ്ങളിൽ പാവനമായ ഒരു അന്തരീക്ഷം പരിരക്ഷിക്കുന്നതിനുള്ള കടമ അധ്യാപകരിൽ നിക്ഷിപ്തമാണ്. വിദ്യാർത്ഥികൾ അവരിൽ മാതൃകാപുരുഷന്മാരെയാണ് കാണുന്നത്." ഇതുപോലെ ഏതു വിഷയത്തെക്കുറിച്ചും വയലിൽ പിതാവ് എഴുതാതെയും പറയാതെയുമിരുന്നിട്ടില്ല.

■



ഫാ. ജോസഫ് നെച്ചിക്കാട്ട്



# വിഡ്ഢികളും വിദൂഷകരും

**ലോ**കസുന്ദരികളെയെന്നപോലെ ഭൂലോകവിഡ്ഢികളെയും വർഷത്തിലൊരിക്കൽ തിരഞ്ഞെടുക്കാറുണ്ട്. പ്രത്യേകിച്ചും പാശ്ചാത്യനാടുകളിൽ. അതിനു കക്ഷികളുടെ അനുവാദം ഒന്നും ആവശ്യമില്ലല്ലോ.

അപരരെ ചിരിപ്പിച്ചും രസിപ്പിച്ചും കാര്യങ്ങളൊക്കെ ഇത്തരിലാഘവമനോഭാവത്തോടെ എടുക്കുവാനും എടുപ്പിക്കുവാനുമുള്ള പരിശ്രമമാണ് അതിന്റെ പിന്നിൽ. പരിഹാസത്തിന്റെ വ്യംഗ്യഭംഗിയിൽ ചിന്തിക്കുവാനുള്ള വകയും വേണ്ടുവോളമുണ്ടാകും.

'വിദൂഷകർ' എന്നു കേട്ടിട്ടില്ലേ? എന്താണ് അവർക്ക് വിഡ്ഢികളുടമായുള്ള വ്യത്യാസം?

ഇന്നത്തെപോലുള്ള വിനോദപരിപാടികളൊന്നുമില്ലാതിരുന്ന കാലത്ത് രാജാക്കന്മാർക്കൊക്കെ വിദൂഷകരുണ്ടായിരുന്നു. ഏതു വിധേനയും രസം പകരുകയായിരുന്നു അവരുടെ ദൗത്യം. കളിവാക്കുകൾക്കിടയിൽ കാര്യവും പൊതിഞ്ഞാണ് വിരുതരായ വിദൂഷകർ അക്കാര്യം സാധിക്കുക. വിനോദത്തിനു വകയുണ്ടാകുവാൻ ഏതു കോമാളിവേഷം കെട്ടുവാനും വിഡ്ഢിത്തരം കാണിക്കുവാനും അവർക്കു മടിയില്ലായിരുന്നു. രസിക്കാതെവന്നാൽ രാജാവിന് വിദൂഷകരെ ഇഷ്ടംപോലെ പരിഹസിക്കാം, പൊതുവേദിയിൽവച്ചും. പക്ഷേ, ഒരിക്കലും ശാസിക്കുവാനോ ശിക്ഷിക്കുവാനോ പാടില്ലായിരുന്നു.

ദില്ലി ചക്രവർത്തിമാരുടെ ഒരു വിദൂഷകൻ ഒരിക്കലും തിരുസന്നിധിയിൽ കുമ്പിടാറില്ലായിരുന്നു. അവനെ ഒന്നു ചെറുതാക്കാൻവേണ്ടി ചക്രവർത്തി തന്റെ മുമ്പിലുണ്ടായിരുന്ന വാതിലിന്റെ മുകൾഭാഗം മാത്രം അടച്ചിട്ട് വിദൂഷകനെ വിളിച്ചു. കുമ്പിടാതെ ഇത്തവണ അടുത്തുകടക്കാൻ അയാൾക്കു പറ്റില്ലല്ലോ. അയാൾക്കു കാര്യം മനസ്സിലായി. അയാൾ ചെയ്തതെന്തെന്നോ? കമിഴ്ന്നുകിടന്നു നാലുകാലിൽ പുറകോട്ടു നീന്തി അകത്തു ചെന്നത്രേ!

വിദൂഷകർ ചിലപ്പോൾ വിഡ്ഢിവേഷവും കെട്ടും. പക്ഷേ, അവർ ഒരിക്കലും വിഡ്ഢികളല്ല.

2005 ലെ ഭൂലോകവിഡ്ഢി ആരായിരുന്നു? അതു കണ്ടുപിടിക്കാൻ ശ്രമം നടത്തിയത് ലോസ് ആഞ്ചലസ് (യു.എസ്.എ.) നിവാസികളായിരുന്നു. അവർക്ക് അത് ഒരു രസം! അവർ അതിന് ഒത്തിരിയേറെ അന്വേഷണങ്ങളും പഠനങ്ങളും നടത്തിയത്രേ! വിഷയം ഉദ്ദേശ്യം ആയിരത്തിലധികം പേരുമായി വിഷയം ചർച്ച ചെയ്തു! അവരുടെ എല്ലാവരുടെയും ഐകകണ്ഠ്യേനയുള്ള അഭിപ്രായം എന്തുകൊണ്ടും ആ വർഷത്തെ ഒന്നാം സമ്മാനത്തിന് അർഹൻ വിശ്വപ്രസിദ്ധ പോപ് ഗായകനായ മൈക്കിൾ ജാക്സൺ ആണെന്നായിരുന്നു.

പിന്നീടുള്ള വർഷങ്ങളിലും സംഘാടകർ ആ അവാർഡ് അദ്ദേഹത്തിനുതന്നെയാണ് പ്രഖ്യാപിച്ചത്. അതറിഞ്ഞ ജാക്സന്റെ മനോഗതം എന്തായിരുന്നിരിക്കാം? ഏതായാലും, 2009 ൽ അദ്ദേഹം മരിച്ചു.

സംഘാടകരുടെ കാഴ്ചപ്പാടുപ്രകാരം ഈ 'അത്യപൂർവ്വ' ബഹുമതിക്ക് ജാക്സൺ തുടർന്നുള്ള വർഷങ്ങളിലും യോഗ്യത നേടാനുള്ള കാരണമെന്തായിരുന്നു? വിഷയം അതീവഗുരുതരമായ ഒന്നായിരുന്നു: കറയില്ലാത്ത കുറെയേറെ കുഞ്ഞുങ്ങളെ ജാക്സൺ ദുരുപയോഗിച്ചു – പിന്നീടും.

വിഡ്ഢികൾക്കായി ഒരു പ്രത്യേക ദിവസമുണ്ടോ? ലോകത്തിലെ സർവ്വ വിഡ്ഢികളെയും ഒന്നിച്ച് ആദരിക്കുന്ന അവസരമാണ് സകല വിഡ്ഢികളുടെയും തിരുനാളായ ഏപ്രിൽ ഒന്ന്! എങ്ങനെയാണ് അതിന്റെ ആരംഭം? മിക്കവാറും പാശ്ചാത്യനാടുകളിൽനിന്നായിരിക്കണം.

എത്രയോ സ്റ്റേജുകളിൽ ലക്ഷോപലക്ഷം ആളുകളെ മൈക്കിൾ ജാക്സൺ ആവേശം കൊള്ളിച്ചിട്ടുണ്ട് – തന്നോടൊപ്പം നൃത്തം ചെയ്യിച്ചിട്ടുണ്ട്? അനന്തസാധ്യതകളും സിദ്ധികളുമുള്ള അനേകരുടെ ആ ആരാധനപാത്രം കോമാളിവേഷമണിഞ്ഞ് നിഷ്കളങ്കതയുടെ നിറകുടങ്ങളായ പിഞ്ചോമനകളെ വെറും മാംസദാഹത്തിന്റെ പേരിൽ മാനഭംഗം ചെയ്തു! അങ്ങനെ അയാളുടെ മാനം അവമാനമായി, ഖ്യാതി അപഖ്യാതിയായി. വിഡ്ഢി എന്ന് അയാളെ വിളിക്കാത്തവരാണ് ഏറ്റവും വലിയ വിഡ്ഢികൾ എന്നാണ് സംഘാടകർ പറഞ്ഞത്!

ഏറ്റവും രുചികരമായ ഭക്ഷ്യവിഭവമല്ലേ മാംസം? അത് അഴുകുമ്പോഴാണ് ഏറ്റവും കൂടുതൽ ദുർഗന്ധം ഉണ്ടാവുന്നത്! മനുഷ്യവ്യക്തിത്വത്തിന്റെ കാര്യവും അങ്ങനെതന്നെ.

നാമാരെന്നും നാം നിൽക്കുന്നതെവിടെയാണെന്നുമുള്ള ചിന്തയും പരിസരബോധവും നമുക്ക് എപ്പോഴും ഉണ്ടാവണം. കുടുംബനാഥൻ ബാലനെപ്പോലെയാകാം – പക്ഷേ, ബാലിശമായി പെരുമാറരുത്. അതുപോലെ നേതൃസ്ഥാനങ്ങളും അത്യുന്നത പദവികളും അലങ്കരിക്കുന്നവരിൽനിന്നും ആനുപാതികമായ അന്തസ്സും ആഭിജാത്യവും സമൂഹം പ്രതീക്ഷിക്കുന്നുണ്ട്. നമ്മെ നാമാക്കിയ സമൂഹത്തോട് നമുക്കു കടമകളും കടപ്പാടുകളുമുണ്ടെന്ന വസ്തുതയും വിസ്മരിക്കുവാൻ പാടില്ല.

"പാടില്ല പാടില്ല നമ്മെ നമ്മൾ
പാടേ മറന്നൊന്നും ചെയ്തുകൂടാ" – രമണൻ ■



കാരിത്തടം വർക്കി



# ബ്യൂട്ടി മീൻസ്... ക്വാളിറ്റി

## മലയാളിയുടെ ചില കനകചിന്തകൾ

**അ**പ്പുറത്തെ വീട്ടിലെ രമേശ് ചേട്ടന്റെ കല്യാണം ഇന്നലെ കഴിഞ്ഞതേയുള്ളൂ. എ.സി. കല്യാണമണ്ഡപവും ഫൈവ് സ്റ്റാർ ഫുഡ്ഡുമൊക്കെയായി നല്ല ഗ്രാന്റ് ഫങ്ഷനായിരുന്നു. രമേശ്ചേട്ടന് സർക്കാരുദ്യോഗമാണ്. നല്ല സമ്പത്തുണ്ട്. അതനുസരിച്ച് നല്ല സ്റ്റാറ്റസും സമ്പത്തുമുള്ള ഒരു പെണ്ണിനെയാണ് വിവാഹം കഴിച്ചത്. രമേശ്ചേട്ടൻ സ്വതവേ മെലിഞ്ഞിട്ടാണ്. ആടയാഭരണങ്ങൾ അധികം ഇല്ലാത്തതുകൊണ്ട് ആ ശരീരം ഒന്നുകൂടി മെലിഞ്ഞതായി ത്തോന്നി. എന്നാൽ, വധുവാകട്ടെ, നേരേ തിരിച്ചും. ആവശ്യത്തിലധികം ഹൈറ്റും വെയിറ്റുംകൊണ്ട് ഗോളാകൃതിയായിരുന്ന ആ തരുണീമണി സ്വർണ്ണാഭരണങ്ങളുടെ തൂക്കവും ബാഹുല്യവുംകൊണ്ട് പന്തോളമെന്നല്ല ഭൂമിയോളം തന്നെ ഉരുണ്ട് ഒരു സ്വർണ്ണക്കുടമായിത്തന്നെ തോന്നിച്ചു. എടുക്കാൻ വയ്യാത്ത ആടയാഭരണങ്ങളും ഭാരങ്ങളുമായി വേച്ചുവേച്ചു നടന്ന അവർ വളരെ പ്രയാസപ്പെട്ടാണ് ഇന്നലെ കാറിൽ കയറിയത്.

ഇത്രയൊക്കെയായിട്ടും വളരെ വിഷണ്ണനായി ഒരു ത്രാസും തൂക്കിപ്പിടിച്ചു നിൽക്കുന്ന രമേശ്ചേട്ടനെയാണ് ഞാൻ ഇന്നു കണ്ടത്. കൂടെ ഒരു തട്ടാനുമുണ്ട്. ഞാൻ രമേശ്ചേട്ടന്റെ മ്ലാനതയുടെ കാര്യം തിരക്കി. സ്വർണ്ണമാണു പ്രശ്നം. കാര്യം തനി 916 സ്വർണ്ണാഭരണങ്ങളൊക്കെത്തന്നെ. പക്ഷേ, തൂക്കത്തിൽ അല്പം കുറവു വന്നിട്ടുണ്ടോ എന്നൊരു സംശയം. 300 പവൻ എന്നാ പറഞ്ഞത്. പക്ഷേ, 300 ന് ഒരു അരപ്പവൻ കുറവുണ്ടോ എന്നൊരു സംശയം. ഓഹോ! അപ്പോൾ അതാണല്ലേ വിഷമത്തിന്റെ കാര്യം. "ചിലപ്പോൾ തെറ്റിയതായിരിക്കും ചേട്ടാ, ഒന്നൂടെ ഒന്നു നോക്കിയേ" ഞാൻ ചേട്ടനെ ഉപദേശിച്ചു. "തെറ്റിയതൊന്നുമല്ല. പത്തുപതിനഞ്ചു പ്രാവശ്യം ഞാൻ നോക്കി കൺഫേം ചെയ്തതാ. ഇത് പറ്റിച്ചതുതന്നെയാണ്."

"ആട്ടെ സ്വല്പം കുറഞ്ഞാൽത്തന്നെ ബാക്കിയുണ്ടല്ലോ? പിന്നെ ചേട്ടന് നല്ല ഉദ്യോഗമില്ലേ, ഭാര്യയ്ക്കും നല്ല സാമ്പത്തികമില്ലേ, പിന്നെന്തിനാ ഇത്രയും സ്വർണ്ണത്തിന്റെ ആവശ്യം?"

"നീ പരസ്യത്തിലൊക്കെ പറയുന്നതു കേട്ടിട്ടില്ലേ. ബന്ധങ്ങൾ സ്വർണ്ണംപോലെയാണ്. അതെത്ര ഏറെയുണ്ടോ അത്രയേറെ, അതുകൊണ്ട് ബന്ധം നിലനിൽക്കണമെങ്കിൽ സ്വർണ്ണം വേണം."

"അതൊക്കെ എന്തിനാ ചേട്ടാ നോക്കുന്നെ! പെണ്ണിന്റെ ക്വാളിറ്റി നോക്കിയാൽ പോരേ."

"എടാ, ബ്യൂട്ടി മീൻസ് ക്വാളിറ്റി. അതാണ് ഗോൾഡ്. സോ നോ കോംപ്രമൈസ്."

മലയാളികൾക്ക് ഈ മഞ്ഞലോഹത്തോടുള്ള ഭ്രമം പുരാതനകാലംമുതലേ ഉള്ളതാണ്. വേഷത്തിലും ഭാവത്തിലും മാറ്റം വന്നുവെങ്കിലും സ്വർണ്ണത്തിന്റെ കാര്യത്തിൽ അവർ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ല. പണ്ടൊക്കെ ഭാവിവരനെയാണ് വിവാഹത്തിനു മുൻപ് സ്ത്രീജനങ്ങൾ സ്വപ്നം കണ്ടിരുന്നത്. ഇന്നാകട്ടെ അവളുടെ മനംനിറയെ കാന്തനു പകരം കാഞ്ചനമാണ് നിറഞ്ഞുനിൽക്കുന്നത്. പണ്ടത്തെ സൂപ്പർഹിറ്റ്ഗാനങ്ങളിൽപോലും സ്വർണ്ണച്ചാമരം വീശിയെത്തുന്ന സ്വപ്നത്തെയാണല്ലോ കണ്ടിരുന്നത്. പെണ്ണിനുള്ളിലെ സുന്ദരിയെ തിരിച്ചറിയണമെങ്കിലും ഇന്ന് സ്വർണ്ണാഭരണം കൂടിയേ തീരൂ. പണ്ട് നായകൻ നായികയെ നോക്കി, 'സന്ധ്യയ്ക്കെന്തിനു സിന്ദൂരം, എൻ കൺമണിക്കെന്തിന് ആഭരണം' എന്നുപാടി. ഇന്നാകട്ടെ നായകൻ നായികയെ നോക്കി 'പെണ്ണേ, നിന്നെ സുന്ദരിയാക്കിയത് ഏതു ഗോൾഡ്' എന്നു പാടുന്നു.



പാറശ്ശാലമുതൽ കാസർഗോഡുവരെ യാത്രചെയ്യുന്നവർക്ക് മിനിമം ഒരു പതിനായിരം സ്വർണ്ണപ്പരസ്യങ്ങളിലൂടെയെങ്കിലും കടന്നുപോകേണ്ടി വരും. വീട്ടിൽ സ്വർണ്ണം വച്ചാൽ കള്ളൻകൊണ്ടുപോയാലോ? അതുകൊണ്ട് അതു നാട്ടിൽ കൊടുക്കാതെ തങ്ങളെ ഏല്പിക്കൂ എന്ന് ഓരോ സ്വർണ്ണപ്പണയസ്ഥാപനങ്ങളും ഉദ്ഘോഷിക്കുന്നു. സ്വർണ്ണം വാങ്ങാൻ ചെല്ലുമ്പോൾ പണി ചെയ്യുന്ന കൂലി, പണി ചെയ്ത കൂലി, ഡിസൈനർ കൂലി, നോക്കുകൂലി, ആ കൂലി, ഈ കൂലി എന്നൊക്കെപ്പറഞ്ഞ് ഒരു നല്ല തുകതന്നെ അഡീഷണലായി വാങ്ങും. അതേസമയം, അതു തിരികെക്കൊടുക്കുമ്പോൾ (വിറ്റാലോ, പണയംവച്ചാലോ) ഈ അഡീഷണൽ തുകയ്ക്കൊപ്പം സ്വർണ്ണത്തുകയിലും ഒരു അഡീഷണൽ തുക കുറഞ്ഞുകിട്ടും. അക്ഷയതൃതീയ, സ്വർഗവാതിൽ ഏകാദശി മുതലായ ദിവസങ്ങളിൽ സമ്പത്ത് കുന്നുകൂടാനായി സ്വർണ്ണം വാങ്ങാൻ മലയാളികൾ നെട്ടോട്ടം ഓടുന്നു. പക്ഷേ, ആ സമ്പത്തെല്ലാം ജൂവലറിയുടമകളുടെ വീട്ടിൽ കുന്നുകൂടുന്നു.

ഇന്നിപ്പോൾ സൗന്ദര്യം വർദ്ധിക്കണമെങ്കിൽ ഗോൾഡ് ഫേഷ്യൽ വേണം. മഴയാണെങ്കിൽ സ്വർണ്ണമഴതന്നെ പെയ്യണം. പലവ്യഞ്ജനമായാലും മരുന്നായാലും എണ്ണ ആയാലും സ്വർണ്ണത്തിന്റെ ലേബൽ വേണം ചെലവാകാൻ. അങ്ങനെ മലയാളികളുടെ സ്വർണഭ്രമം ഓരോ മേഖലയിലും നിറഞ്ഞുനിൽക്കുന്നു. സ്വർണ്ണം ധനമാണ്. നിക്ഷേപമാണ്. സമ്പാദ്യമാണ്. ഐശ്വര്യമാണ്. പക്ഷേ, ഹിതവും മിതവുമായിട്ട് അതുപയോഗിക്കാൻ ശീലിക്കുക. അപ്പോൾ മാത്രമേ മെച്ചപ്പെട്ട ഫലം പുറപ്പെടുവിക്കാൻ സാധിക്കൂ.

ദീപനാളം
ESTD-1968

ചീഫ് എഡിറ്റർ : റവ. ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : റവ. ഫാ. ജോസഫ് തെരുവിൽ

ഒരു ചിന്തയും അവിടുത്തേക്കജ്ഞാതമല്ല;
ഒരു വാക്കും കർത്താവിനു മറഞ്ഞിരിക്കുന്നില്ല.

**പ്രഭാഷകൻ 42 : 20**

**എഡിറ്റോറിയൽ**

# ഒറ്റത്തിരഞ്ഞെടുപ്പ് ജനാധിപത്യത്തിനു ഭൂഷണമോ?

**ഒ**രു രാജ്യം, ഒരു തിരഞ്ഞെടുപ്പ് എന്ന രാഷ്ട്രീയമുദ്രാവാക്യം രാജ്യം ഭരിക്കുന്ന എൻ.ഡി.എ. സർക്കാരിന്റെ മുഖ്യകക്ഷിയായ ബിജെപി വിളംബരം ചെയ്തിട്ടു കാൽനൂറ്റാണ്ടിലധികമായി. തിരഞ്ഞെടുപ്പുസമയത്തിൽ ഏകീകരണമുണ്ടാവണമെന്ന ആശയം ഇരുപതു വർഷംമുമ്പ് ലോ കമ്മീഷനും ചർച്ച ചെയ്തതാണ്. തിരഞ്ഞെടുപ്പു കമ്മീഷൻതന്നെ ആയിരത്തിത്തൊള്ളായിരത്തി എൺപതുകളുടെ ആദ്യനാളുകളിൽ ഇത്തരമൊരഭിപ്രായം ഉന്നയിച്ചിരുന്നു. നാലു വർഷംമുമ്പാണ് ഒറ്റത്തിരഞ്ഞെടുപ്പിനെക്കുറിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദിയും സംസാരിച്ചു തുടങ്ങിയത്. അന്നു പക്ഷേ, കോൺഗ്രസും പ്രധാന പ്രാദേശികപാർട്ടികളും അതിശക്തമായി എതിർത്തതിനെത്തുടർന്ന് കൂടിയാലോചനകളോ ചർച്ചകളോ നടന്നില്ല. ഇക്കഴിഞ്ഞ നവംബർ 26 ന് ഭരണഘടനാദിനത്തിൽ ഒരു രാജ്യം, ഒരു തിരഞ്ഞടുപ്പ് എന്ന രാഷ്ട്രീയ അജണ്ടയുമായി പ്രധാനമന്ത്രി വീണ്ടും രംഗത്തെത്തിയിരിക്കുന്നതിന്റെ ഉദ്ദേശ്യശുദ്ധിയെക്കുറിച്ച് ജനാധിപത്യവിശ്വാസികളുടെയിടയിൽ വീക്ഷണവ്യതിയാനങ്ങളില്ലാതില്ല.

2024 ലെ പാർലമെന്റ് തിരഞ്ഞെടുപ്പിനൊപ്പം സംസ്ഥാന നിയമസഭകളിലേക്കുള്ള തിരഞ്ഞെടുപ്പും നടക്കുമോയെന്നുള്ള ഗൗരവചോദ്യത്തിന്, ഇപ്പോൾ പാർലമെന്റിൽ മൂന്നിൽ രണ്ടു ഭൂരിപക്ഷമുള്ള സർക്കാരിന് അതു നടത്താൻ അധികം അധ്വാനിക്കേണ്ടതില്ലല്ലോ എന്ന ലളിതമായ ഉത്തരമേ ശേഷിക്കുന്നുള്ളൂ. അതേസമയം, രാജ്യത്തെ സ്വതന്ത്ര ജനാധിപത്യവും ഫെഡറൽ സംവിധാനവും തകരാറിലാകുമെന്ന ബഹുഭൂരിപക്ഷം വരുന്ന ജനസാമാന്യത്തിന്റെ ആശങ്കകളെ ഒട്ടും അവഗണിക്കാനുമാവില്ല.

തിരഞ്ഞെടുപ്പുചെലവുകളും മനുഷ്യപ്രയത്നവും അധികസമയവും ഗണ്യമായി കുറയ്ക്കാനാകുമെന്നതാണ് ഒറ്റത്തിരഞ്ഞെടുപ്പിന്റെ മുഖ്യ സവിശേഷതയായി ചൂണ്ടിക്കാണിക്കുന്നത്. 2019 ലെ ലോക്സഭാതിരഞ്ഞെടുപ്പിലെ ഇലക്ഷൻ കമ്മീഷന്റെ ചെലവുകളും സ്ഥാനാർത്ഥികളുടെ പ്രചാരണച്ചെലവുകളുംകൂടി ഏകദേശം 60,000 കോടി രൂപ വന്നതായാണു കണക്ക്. ഇലക്ഷൻ ചെലവുകളും അനുബന്ധമായുള്ള ധൂർത്തും കുറയുന്നതിനാൽ കോടിക്കണക്കിനു രൂപ വികസനപ്രവർത്തനങ്ങൾക്കായി സമാഹരിക്കാൻ കഴിയും. തിരഞ്ഞെടുപ്പു ജോലി നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥർക്കും സുരക്ഷാസേനയ്ക്കും ഒറ്റത്തിരഞ്ഞെടുപ്പ് വലിയ ആശ്വാസമായിരിക്കുമെന്നതിൽ സംശയമില്ല.

അതേസമയം, തിരഞ്ഞെടുപ്പ് ഏകീകരണമുണ്ടാകുമ്പോൾ അഞ്ചുവർഷത്തിനിടയിൽ വോട്ടർപട്ടിക ഒന്നേയുള്ളൂവെന്നതും ജനങ്ങളുടെ വോട്ടധികാരത്തിന് ഒരവസരമേ ലഭിക്കൂവെന്നതും വലിയ പോരായ്മയായി ചൂണ്ടിക്കാണിക്കപ്പെടുന്നു. മാത്രമല്ല, പാർലമെന്റു തിരഞ്ഞെടുപ്പിലെയും സംസ്ഥാന തിരഞ്ഞെടുപ്പുകളിലെയും വിഷയവൈവിധ്യങ്ങളും അജണ്ടയും അസ്ഥാനത്താകും. പ്രാദേശികവിഷയങ്ങൾ ചർച്ച ചെയ്യപ്പെടാതെ പോകും. പ്രത്യേകിച്ചും തിരഞ്ഞെടുപ്പജൻഡകളും തദ്ദേശീയാഭിമുഖ്യങ്ങളും താഴേത്തട്ടിലുള്ള ജനവികാരങ്ങളും പരിഗണിക്കപ്പെടാതെവരും. ഇതുവഴി അധികാരവികേന്ദ്രീകരണമെന്ന (അധികാരം ജനങ്ങളിലേക്ക്) പഞ്ചായത്തുരാജ് സംവിധാനം അപ്രസക്തമാകാനുള്ള അപകടവുമുണ്ട്.

തിരഞ്ഞെടുക്കപ്പെടുന്നവരെ തിരിച്ചുവിളിക്കാൻ സ്വാതന്ത്ര്യമില്ലാത്ത ജനാധിപത്യമാണ് നമ്മുടേത്. അഴിമതിവീരന്മാരായ രാഷ്ട്രീയക്കാരെയും അവരെ സംരക്ഷിക്കുന്ന പാർട്ടികളെയും നിലയ്ക്കു നിറുത്താനുള്ള ജനാധികാരമെന്ന വോട്ടവകാശം ഇടയ്ക്കിടയ്ക്കുണ്ടാകുന്നത് ഒരർത്ഥത്തിൽ നല്ലതാണെന്നും പറയേണ്ടിവരുന്നു. നിയമസഭാതിരഞ്ഞെടുപ്പും പാർലമെന്റു തിരഞ്ഞെടുപ്പും വെവ്വേറെ നടക്കുമ്പോൾ ജനവികാരം സത്യസന്ധമായി പ്രതിഫലിപ്പിക്കാൻ അവസരമുണ്ടാകും എന്നതു നിസ്സാരകാര്യമല്ല.

ഒറ്റത്തിരഞ്ഞെടുപ്പുനയത്തിലൂടെ രാജ്യത്തെ ജനാധിപത്യസ്വഭാവവും ഫെഡറലിസവും തകരാറിലാകാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. ലോക്സഭാ, നിയമസഭാതിരഞ്ഞെടുപ്പുകൾ തമ്മിൽ ഏതാനും മാസങ്ങളുടെ വ്യത്യാസമേയുള്ളൂവെങ്കിൽ ഏകീകരണം നല്ലതാണ്, അല്ലെങ്കിൽ അതു ജനഹിതത്തിനെതിരാകും. അധികാരകേന്ദ്രീകരണം അരാജകത്വത്തിലേക്കു നയിക്കുമെന്നുറപ്പാണ്. തിരഞ്ഞെടുപ്പ് ഒന്നിച്ചോ പലതായോ നടത്തിയാലും, രാജ്യത്തിന്റെ വിശാലതാത്പര്യങ്ങൾ സംരക്ഷിക്കാനും ഫെഡറൽസംവിധാനം നിലനിറുത്താനും രാജ്യത്തെ പൗരസമൂഹമൊന്നാകെ പ്രതിജ്ഞാബദ്ധമാണ്. ഭരണസംവിധാനത്തിന്റെ തലപ്പത്തിരിക്കുന്നവർക്കുമുതൽ സാധാരണ വോട്ടർക്കുവരെ ആ തിരിച്ചറിവും വിവേകവും അതിജാഗ്രതയും ഉണ്ടാവേണ്ടത് അനിവാര്യമാണ്. □

# ആത്മീയതയിൽ അടിസ്ഥാനമുറപ്പിച്ച രാഷ്ട്രീയമാണ് അഭികാമ്യം



**പ്രതികരണം**

**തോമസ് കുഴിഞ്ഞാലിൽ**
**വെട്ടിമറ്റം**

'ഒരു ജനപ്രതിനിധി ആരായിരിക്കണം' എന്നതിനെ സംബന്ധിച്ച് ഡോ. ജോർജ് ഓണക്കൂർ ഉൾപ്പെടെയുള്ള അഞ്ചു നിരീക്ഷകരുടെ അഭിപ്രായങ്ങൾ ദീപനാളം വാരികയിൽ വായിക്കാനിടയായി.

നാടിന്റെ വികസനം ലക്ഷ്യം വച്ചുകൊണ്ട് രാഷ്ട്രീയം പിൻചെല്ലുന്നവരും ഭരണഘടനയെ മാനിക്കുന്നവരുമാകണം ജനപ്രതിനിധികളായി തിരഞ്ഞെടുക്കപ്പെടേണ്ടതെന്നാണ് ഡോ. ജോർജ് ഓണക്കൂറിന്റെ അഭിപ്രായം. സേവനസന്നദ്ധതയും അർപ്പണബോധവും നേതൃപാടവവുമുള്ള സംശുദ്ധരാഷ്ട്രീയക്കാരനായിരിക്കണം ഒരു നാടിന്റെ ജനപ്രതിനിധിയെന്ന് എഴുത്തുകാരനായ തേക്കിൻകാട് ജോസഫ് നിരീക്ഷിക്കുന്നു. സാമൂഹികപ്രതിബദ്ധതയും ദീർഘവീക്ഷണവുമുള്ള പൊതുപ്രവർത്തകനെയാണ് ജനങ്ങൾ പ്രതീക്ഷിക്കുന്നതെന്ന് പ്രഫ. ആൻസി ജോർജ് കുറിച്ചപ്പോൾ, തീവ്രവാദത്തെയും ഭീകരതയെയും അഴിമതിയെയും അതിജീവിക്കാനുള്ള ഉൾക്കരുത്തുള്ളവരാകണം ജനങ്ങളെ നയിക്കേണ്ടതെന്ന് റവ. സി. തെരേസ് ആലഞ്ചേരി എഴുതി. വ്യക്തിതാത്പര്യങ്ങൾക്കതീതമായി പൊതുസമൂഹത്തിന്റെ നന്മയും അടിസ്ഥാനസൗകര്യവികസനവും ലക്ഷ്യമാക്കി ലാഭേച്ഛയോ വിഭാഗീയചിന്തകളോ ഇല്ലാതെ പ്രവർത്തിക്കുന്ന സേവനസന്നദ്ധരായ വ്യക്തികളെയാണ് തിരഞ്ഞെടുക്കേണ്ടതെന്ന് റവ. ഡോ. ജയിംസ് മംഗലത്തും അഭിപ്രായപ്പെടുന്നു.

ധാർമ്മികനിലപാടുകളും സ്വഭാവശുദ്ധിയും സമൂഹനന്മയിലുള്ള താത്പര്യവും അർപ്പണബോധവും നിശ്ചയദാർഢ്യവും ഒരു ജനപ്രതിനിധിക്കുണ്ടായിരിക്കണമെന്ന് കഴിഞ്ഞ നിയമസഭാതിരഞ്ഞെടുപ്പിനുമുമ്പ് കെസിബിസി പുറത്തിറക്കിയ പ്രസ്താവനയിൽ ആഹ്വാനം ചെയ്തത് ഓർമ്മയിൽവരുന്നു (ദീപനാളം 04-05-2016). വ്യക്തിസ്വാതന്ത്ര്യത്തെയും അവകാശങ്ങളെയും ഹനിക്കാത്തവരും രാജ്യത്തെ നിയമസംവിധാനങ്ങളെ ബഹുമാനിക്കുന്നവരും പരിസ്ഥിതിയെ സംരക്ഷിക്കുന്നവരും വ്യക്തികളെയും കുടുംബങ്ങളെയും ധാർമ്മികതയിലും നന്മയിലും വളർത്തുന്നവരും സ്വജനപക്ഷപാതവും അഴിമതിയും പ്രോത്സാഹിപ്പിക്കാത്തവരുമാണ് തിരഞ്ഞെടുക്കപ്പെടേണ്ടതെന്ന് അന്നത്തെ പ്രസ്താവനയിലുണ്ട്. മദ്യത്തിന്റെ ഉത്പാദനവും വിതരണവും ഫലപ്രദമായി നിയന്ത്രിക്കുന്നവരാകണം ജനപ്രതിനിധികൾ. മദ്യത്തിനുപകരം ലഹരിമരുന്നുകൾ ഉപയോഗിക്കുന്നതും, അതു കുട്ടികളിലേക്കു വ്യാപിക്കുന്നതും നിയന്ത്രിക്കപ്പെടേണ്ടതുണ്ട്. ഇത്തരം സാമൂഹികതിന്മകൾക്കെതിരേ പ്രതികരിക്കാൻ ഇച്ഛാശക്തിയുള്ള വ്യക്തികളാണ് ജനപ്രതിനിധികളാകേണ്ടതെന്നും പ്രസ്താവന അടിവരയിട്ടു നിർദ്ദേശിക്കുന്നു.

ധനികരും ദരിദ്രരും ശക്തരും ബലഹീനരും വിദ്യാഭ്യാസമുള്ളവരും ഇല്ലാത്തവരും ഉൾപ്പെടെ സകലരുടെയും താത്പര്യങ്ങൾ സംരക്ഷിക്കുന്നവനാണ് ഒരു യഥാർത്ഥ ജനപ്രതിനിധിയെന്നാണ് രാഷ്ട്രപിതാവായ ഗാന്ധിജിയുടെ കണ്ടെത്തൽ. ജീവിതത്തിലെ ഓരോ കർമ്മമണ്ഡലവും പരസ്പരം ബന്ധപ്പെട്ടുനില്ക്കുന്നതിനാൽ രാഷ്ട്രീയത്തെ ആധ്യാത്മികപ്രവർത്തനമായി തിരിച്ചറിഞ്ഞ് ആധ്യാത്മികത രാഷ്ട്രീയത്തിലും സാക്ഷാത്കരിക്കണമെന്ന നിലപാടാണ് മഹാത്മജി സ്വീകരിച്ചത്. അധികാരരാഷ്ട്രീയം ആപത്താണെന്നും അമിതരാഷ്ട്രീയം ഗ്രാമങ്ങളെ തകർക്കുമെന്നുമുള്ള അദ്ദേഹത്തിന്റെ മുന്നറിയിപ്പുകളും അവഗണിച്ചുകൂടാ. ആധ്യാത്മികതയിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങളാണ് രാഷ്ട്രപിതാവിൽ നമുക്കു ദർശിക്കാനാകുക. മഹാത്മജിയുടെ ദാർശനികമായ അടിത്തറയിൽ പണിയപ്പെട്ടതിനാലാണ് ഇന്ത്യൻ ജനാധിപത്യം എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് നിലനില്ക്കുന്നതെന്നും തിരിച്ചറിയണം. അദ്ദേഹത്തിന്റെ ഈ വാക്കുകൾ ഹൃദിസ്ഥമാക്കുക: "നിങ്ങൾ അഭിമുഖീകരിച്ചിട്ടുള്ള ഏറ്റവും ദരിദ്രനും ദുർബലനുമായ മനുഷ്യന്റെ മുഖം ഓർമ്മിച്ച് നിങ്ങളെടുക്കുന്ന നടപടികൾ അവന് എന്തു പ്രയോജനം ചെയ്യുമെന്നു ചിന്തിക്കുക. അത്, വിശക്കുന്നവനും ആത്മീയദാരിദ്ര്യം അനുഭവിക്കുന്നവനുമായ ഒരു വ്യക്തിക്ക് ഈശ്വരനിലേക്കുള്ള പാത തുറക്കുന്നതാകട്ടെ."

# ആകർഷകമായ ചുറ്റുവട്ടം

ദീപനാളം വാരികയിൽ പുതുതായി ആരംഭംകുറിച്ച പംക്തി 'ചുറ്റുവട്ടം' ആകർഷകമെന്നു പറയുന്നതിൽ സന്തോഷമുണ്ട്. വളരെയകലെയല്ലാതെ നമ്മുടെ ചുറ്റുവട്ടങ്ങളിൽ അനേകം പ്രകൃതിരമണീയമായ വിനോദകേന്ദ്രങ്ങളുണ്ട്. പലരും ഇതേക്കുറിച്ച് അജ്ഞരാണ്. അത്തരം സ്ഥലങ്ങൾ കണ്ടെത്തി വായനക്കാർക്കു പരിചയപ്പെടുത്തുന്ന കെ.ജി. രഞ്ജിത്തിനു നന്ദി.

ഡിസംബർ 3 ലക്കത്തിൽ ഗവിയെക്കുറിച്ച് എഴുതിക്കണ്ടു. ആ മനോഹരസ്ഥലത്തെക്കുറിച്ച് പൊതുജനം അറിയാൻ തുടങ്ങിയിട്ട് അധികകാലമായിട്ടില്ല. ഗവിയിൽ ചെന്ന പ്രതീതി സൃഷ്ടിക്കാൻ ലേഖനത്തിനു കഴിഞ്ഞു. മഹാമാരി സൃഷ്ടിച്ച പരിമിതികളുടെ നടുവിൽ വട്ടംതിരിയുന്ന സാധാരണക്കാർക്ക് വിനോദകേന്ദ്രങ്ങൾ പഴയതുപോലെ പ്രാപ്യമല്ലെങ്കിൽക്കൂടി ഇത്തരം ലേഖനങ്ങൾ തരുന്ന വായനസുഖം വലിയ ആശ്വാസംതന്നെ.

**ജോയി മാത്യു**
**മരങ്ങാട്ടുപിള്ളി**

# പഞ്ചായത്തുരാജിന്റെ പടിവാതിൽക്കാഴ്ചകൾ



ജെയിംസ് കുന്നപ്പള്ളി

ഇന്ത്യ സ്വതന്ത്രമായതിനു ശേഷം നമ്മുടെ ഭരണസംവിധാനത്തിലുണ്ടായ ഏറ്റവും വിപ്ലവകരമായ പരിവർത്തനങ്ങളിൽ ഒന്നാണ് 73, 74 ഭരണഘടനാഭേദഗതിയിലൂടെ യാഥാർത്ഥ്യമായ അധികാരവികേന്ദ്രീകരണം. അധികാരം എന്നും ന്യൂനപക്ഷമായ ഭരണവർഗ്ഗത്തിനു പ്രിയപ്പെട്ടതും മറ്റുള്ളവർക്കു വിട്ടുകൊടുക്കാൻ താത്പര്യമില്ലാത്തതുമാണ്. ധനത്തിന്മേലുള്ള അവകാശവും തീരുമാനമെടുക്കാനുള്ള അധികാരവും അധികാരകേന്ദ്രങ്ങളെ എന്നും സുഖലോലുപർ മാത്രമാക്കുന്നതായാണ് അനുഭവം. തങ്ങളുടെ കൈവശമുണ്ടായിരുന്ന നിരവധി അധികാരങ്ങളെ 11,12 പട്ടികകളിലാക്കി ത്രിതലപഞ്ചായത്തു സ്ഥാപനങ്ങൾക്കു വിട്ടുകൊടുക്കുകയും അധികാരത്തോടൊപ്പം അധികാരം നടപ്പിലാക്കുന്നതിനുള്ള സ്വാതന്ത്ര്യവും ധനവും കൈമാറുകയും ചെയ്ത സുപ്രധാനമായ ഭരണഘടനാഭേദഗതിയാണ് പഞ്ചായത്തുരാജ്.



### മാറ്റങ്ങൾ

1. ജനങ്ങൾക്ക് അപ്രാപ്യമായിരുന്ന അധികാരസ്ഥാനങ്ങളിൽനിന്ന് അധികാരം ജനങ്ങളുടെ കൈകളിൽ എത്തി.
2. തദ്ദേശീയതാത്പര്യങ്ങളും ആവശ്യങ്ങളും ചർച്ചകളിലൂടെ തിരിച്ചറിഞ്ഞ് ആസൂത്രണം ചെയ്തു നടപ്പിലാക്കി.
3. സർക്കാർതലങ്ങളിൽ മാത്രം നിയന്ത്രിക്കപ്പെട്ടിരുന്ന ധനവിനിയോഗം നേരിട്ട് താഴേത്തട്ടിൽ എത്തിക്കാൻ കഴിഞ്ഞു. (പദ്ധതി വിഹിതത്തിന്റെ 30-35%)

### നേട്ടങ്ങൾ

1. പഞ്ചായത്തുകൾ ശക്തമായ ഭരണനടത്തിപ്പിന്റെ സ്ഥാപനങ്ങളായി മാറി.

2. ഭരണത്തിലെ ജനപങ്കാളിത്തം ഉറപ്പാക്കി.

3. തദ്ദേശസ്ഥാപനങ്ങളുടെ ഇടപെടലിലൂടെ സമസ്തമേഖലകളിലും വ്യത്യസ്തവും വിശേഷണീയവുമായ മുന്നേറ്റത്തിനു കളമൊരുങ്ങി.

4. അടിസ്ഥാനാവശ്യങ്ങളായ റോഡ്, വൈദ്യുതി, വെള്ളം, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹികസുരക്ഷ എന്നീ മേഖലകളിൽ വളർച്ച നേടാൻ കഴിഞ്ഞു.

5. സാമൂഹികസുരക്ഷയുടെ സാങ്കേതികത്വം വഴിമാറി അർഹരായ എല്ലാവർക്കും ലഭിച്ചു.

6. ദുർബലർ എന്നു കരുതി മാറ്റി നിറുത്തപ്പെട്ടിരുന്ന സ്ത്രീകൾ മുഖ്യധാരയിൽ എത്തി. ഇന്ന് അനേകം സ്ത്രീകൾ തദ്ദേശ സ്ഥാപനങ്ങളെ നയിക്കുന്നു.

7. പട്ടികവിഭാഗങ്ങൾക്ക് അർഹമായ അംഗീകാരവും ഭരണപങ്കാളിത്തവും ലഭിച്ചു.

### കോട്ടങ്ങൾ

നേട്ടങ്ങൾ കൊട്ടിഘോഷിച്ച് അധികാരവികേന്ദ്രീകരണം രണ്ടരപ്പതിറ്റാണ്ടു പിന്നിടുമ്പോഴും ചില ദുസ്സൂചനകൾ കണ്ടില്ലെന്നു നടിക്കാനാവില്ല.

സ്ഥാപനവത്കരണത്തിലും കാര്യശേഷിനിർവഹണത്തിലുമുള്ള കുറവ് ഒരു അപാകതതന്നെയാണ്. പുതിയ സാങ്കേതികോപാധികളെ പൂർണ്ണമായും ഉപയോഗിപ്പെടുത്താൻ നമുക്കായിട്ടില്ല. പല മേഖലകളിലും ദീർഘവീക്ഷണത്തിന്റെയും തന്ത്രജ്ഞതയുടെയും കുറവ് പാളിച്ചകൾക്കിടയാക്കുന്നു. സുസ്ഥിര വികസനവും വികസനത്തുടർച്ചയും തടസ്സപ്പെടുന്നുണ്ട്. പല വികസനപ്രവർത്തനങ്ങളുടെയും പിന്നിൽ സ്ഥാപിതതാത്പര്യങ്ങളും രാഷ്ട്രീയതാത്പര്യങ്ങളും കൂടിക്കുഴഞ്ഞു കിടക്കുന്നുണ്ട്. വെറും കക്ഷിരാഷ്ട്രീയകാരണങ്ങളാൽ വികസനത്തെയും പദ്ധതികളെയും എതിർക്കുന്ന നയം മാറ്റാൻ പറ്റുന്നില്ല. ഇത് പദ്ധതികൾ നീണ്ടുപോകാനും നിശ്ചിത സമയത്തു പ്രയോജനം ലഭിക്കാതാവാനും കാരണമാകുന്നു.

തദ്ദേശസ്വയംഭരണരംഗത്തു നേതൃത്വം നല്കുന്നവർക്ക് കൃത്യമായ വികസനകാഴ്ചപ്പാടും ഇച്ഛാശക്തിയും ഉണ്ടാവണം. എല്ലാത്തിനെയും കക്ഷിരാഷ്ട്രീയത്തിന്റെയും വ്യക്തിതാത്പര്യങ്ങളുടെയും കുഴലിലൂടെ നോക്കിക്കാണുന്നവർക്ക് കൂട്ടായ നേതൃത്വം, കൂടിയാലോചന, സമഗ്രമായ വിലയിരുത്തൽ എന്നിവയ്ക്കു കഴിയാതെപോകുന്നു. നമ്മുടെ ഇടയിലുള്ള രാഷ്ട്രീയ അടിമത്തം നല്ല നേതൃത്വത്തിന് അവസരം നഷ്ടപ്പെടുത്തുന്നു. രാഷ്ട്രീയതാത്പര്യങ്ങൾ മാത്രം മുൻനിറുത്തി കൂടക്കൂടെയുണ്ടാകുന്ന നേതൃമാറ്റം വികസനത്തുടർച്ചയെ വളരെ ദോഷകരമായി ബാധിക്കുന്നുണ്ട്.

ഓരോ തദ്ദേശഭരണസ്ഥാപനത്തിന്റെയും പരിധിയിൽ വരുന്ന പ്രകൃതിവിഭവങ്ങൾ, ധനശേഷി, പരിസ്ഥിതി എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ പഞ്ചായത്ത് സ്ഥാപനത്തിനും ദീർഘകാലാടിസ്ഥാനത്തിലുള്ള ഒരു വികസനരേഖയോ മാസ്റ്റർപ്ലാനോ ഉണ്ടാവണം. പൊതുചർച്ചയുടെയും വിലയിരുത്തലിന്റെയും അടിസ്ഥാനത്തിൽ അംഗീകരിക്കപ്പെടുന്ന ഈ മാസ്റ്റർപ്ലാൻ അനുസരിച്ചാവണം വികസനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ. നേതൃത്വം മാറിയാലും ഈ രൂപരേഖ മാറാതെ മുന്നോട്ടുപോകാൻ കഴിയണം.

നിലവിൽ നല്ല ചില ഉദാഹരണങ്ങളും മാതൃകകളും ഉണ്ടായിട്ടുണ്ടെങ്കിലും പല ഗ്രാമസഭകളും വികസനസമിതികളും വെറും ചടങ്ങുകളോ പ്രഹസനങ്ങളോ ആകുന്നുണ്ട്.

പദ്ധതിയുടെ ആസൂത്രണത്തിനും നടത്തിപ്പിനും താങ്ങായിനില്ക്കേണ്ട നിർവഹണോദ്യോഗസ്ഥരിൽ പലരും ഇന്നും പഞ്ചായത്തുരാജ് സംവിധാനങ്ങളിലൂടെയുണ്ടായ മാറ്റങ്ങളോടു സഹകരിക്കുന്നില്ല. അതുകൊണ്ടുതന്നെ ഉദ്യോഗസ്ഥമേധാവിത്വം തുടരുകതന്നെ ചെയ്യുന്നു. ഇങ്ങനെ പരിഹരിക്കപ്പെടേണ്ട വിഷയങ്ങൾ ധാരാളമാണ്.

കൈമാറ്റം ചെയ്ത സ്ഥാപനങ്ങളും പഞ്ചായത്തുകളും തമ്മിലുള്ള ഏകോപനമില്ലായ്മ, ഡിപ്പാർട്ട്മെന്റലിസം, ജീവനക്കാരുടെ അഭാവം, ഗ്രാമസഭകളുടെ നിർജ്ജീവാവസ്ഥ, ജനപങ്കാളിത്തത്തിലുള്ള കുറവ്, സമഗ്രവികസനകാഴ്ചപ്പാടിന്റെ അഭാവം, പൂർത്തീകരിച്ചവയുടെ തുടർനടത്തിപ്പിനും മെയ്ന്റനൻസിനുമുള്ള സംവിധാനമില്ലായ്മ, അഴിമതി തുടങ്ങിയവ ഉദാഹരണം.

ഇവയൊക്കെയുണ്ടെങ്കിലും ഭരണഘടന നല്കിയ ജനകീയാധികാരം എല്ലാ കുറവുകളെയും അതിജീവിച്ച് ഒരുപാടു നേട്ടങ്ങളും നല്ല മാതൃകകളും സംഭാവന ചെയ്ത് നാളെയുടെ നല്ല സ്വപ്നങ്ങൾ പ്രാവർത്തികമാക്കി മുന്നോട്ടുതന്നെ കുതിക്കുമെന്ന് നമുക്കു പ്രത്യാശിക്കാം.

■

# ഉന്നതവിജയത്തിന് ഒരു പദശുദ്ധിമാർഗം

പയസ് കുര്യൻ

തെറ്റില്ലാത്ത ഭാഷ എന്ന സങ്കല്പംപോലും പല ഭാഷാവിദഗ്ധർക്കും പരിഷ്കരണവാദികൾക്കും അസഹ്യമാണ്. അക്ഷര-പദ-വാക്യ വ്യാകരണശുദ്ധികളൊക്കെ അനാവശ്യമാണെന്ന ധാരണ ബോധപൂർവ്വമോ അല്ലാതെയോ പ്രചരിപ്പിക്കപ്പെടുന്നു. ആശയവിനിമയം നടക്കുന്നുണ്ടോ എന്നു ശ്രദ്ധിച്ചാൽ മതിയെന്നാണ് ഭൂരിപക്ഷത്തിന്റെയും അഭിപ്രായം. ഈ സമീപനം ശരിയല്ലെന്നു കരുതുന്ന, പദശുദ്ധിയും വാക്യശുദ്ധിയും വ്യാകരണനിയമങ്ങളും പാലിക്കപ്പെടണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്ന ഭാഷാസ്നേഹികളും ഭാഷാപണ്ഡിതരും അധ്യാപകരുമൊക്കെ നമ്മുടെയിടയിലുണ്ട്. അത്തരം സുമനസ്സുകളുടെ ഗണത്തിൽപ്പെടുന്ന ഭാഷാസ്നേഹിയായ അദ്ധ്യാപകനാണ് പാലാ സെന്റ് തോമസ് കോളജിലെ മലയാളവിഭാഗം തലവനായ ഡോ. ഡേവിസ് സേവ്യർ. അദ്ദേഹത്തിന്റെ സൂക്ഷ്മനിരീക്ഷണത്തിന്റെയും നിരന്തരഗവേഷണത്തിന്റെയും ഫലമാണ് 'പദശുദ്ധികോശം' എന്ന വിശിഷ്ടഗ്രന്ഥം. ഭാഷപരമായ കുറെ തെറ്റുകൾ എടുത്തുകാട്ടി ആരെയും കുറ്റപ്പെടുത്തുന്ന രീതിയല്ല 'പദശുദ്ധികോശ'ത്തിൽ അനുവർത്തിച്ചിരിക്കുന്നത്. തെറ്റുകളെ വകതിരിച്ചും അപഗ്രഥിച്ചും ശരിയിലേക്കുള്ള വഴികൾ ചൂണ്ടിക്കാണിക്കാനാണ് ഗ്രന്ഥകർത്താവ് ഉദ്യമിച്ചിരിക്കുന്നത്.






ഡോ. ഡേവിസ് സേവ്യർ

വാക്യഘടനയുടെയും പ്രയോഗവൈകല്യങ്ങളുടെയും മേഖലയിലാണ് ഏറെയും തിരുത്തൽപ്രക്രിയ നടക്കാറുള്ളത്. എന്നാൽ, ഈ പുസ്തകം ഭാഷയുടെ അടിസ്ഥാനഘടകങ്ങളായ അക്ഷരങ്ങളിലും പദങ്ങളിലുമാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. പദം, നിരുക്തി, അർഥഭേദം, സമാനപദങ്ങൾ എന്നിങ്ങനെ ശബ്ദത്തെ പലവിധത്തിൽ പരിശോധിക്കുന്ന ശില്പക്രമമാണ് ഗ്രന്ഥരചനയിൽ അവലംബിച്ചിരിക്കുന്നത്.

വളരുന്ന ഭാഷയിൽ തെറ്റുകൾ സ്വാഭാവികമായതിനാൽ തിരുത്തലുകൾ അനിവാര്യമാണെന്നും അത് ഭാഷയുടെ വളർച്ചയെ പിന്നോട്ടടിക്കുമെന്ന വാദത്തിൽ കഴമ്പില്ലെന്നും ഇതരശുദ്ധികൾപോലെ ഭാഷാശുദ്ധിയും ജീവിതത്തിൽ സാക്ഷേപമായിരിക്കണമെന്നും ഗ്രന്ഥകാരൻ നിരീക്ഷിക്കുന്നു.

ദീപനാളം വാരികയുടെ ചീഫ് എഡിറ്റർ റവ. ഫാ. കുര്യൻ തടത്തിൽ നല്കിയ പ്രചോദനവും (2013 ജൂലൈ) അവസരവുമാണ് പദശുദ്ധികോശമായി പരിണമിച്ചതെന്ന് ഗ്രന്ഥകാരൻ ആമുഖത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോ പദത്തെക്കുറിച്ചുമുള്ള ചെറുകുറിപ്പുകളിലൂടെ 414 അധ്യായങ്ങളിലായി പതിനായിരത്തിനുമേൽ മലയാളപദങ്ങൾ ഈ ഗ്രന്ഥം വിശകലനം ചെയ്യുന്നു. ഇതിലൂടെ കടന്നുപോകുമ്പോഴാണ് നമ്മുടെ ഭാഷാപദപ്രയോഗത്തിലെ തെറ്റുകൾ എത്രയധികമാണെന്ന് തെല്ല് അദ്ഭുതത്തോടെയും അതിലേറെ ജാള്യത്തോടെയും നാം തിരിച്ചറിയുന്നത്. ഭാഷാശുദ്ധിമാർഗത്തിൽ വഴിവിളക്കായി ശോഭിച്ചു മാർഗദർശനം നല്കുന്ന ആധികാരികഗ്രന്ഥമാണ് 'പദശുദ്ധികോശം'.

## ചിരിപൊരി

താവളം



# ഇതാണു കാവ്യനീതി






ഡോ. കുര്യാസ് കുമ്പളക്കുഴി

ഉപ്പുതിന്നവൻ വെള്ളം കുടിക്കും. കേരളരാഷ്ട്രീയത്തിൽ ഈയിടെ പല നേതാക്കളും ആവർത്തിച്ച് ഉരുവിട്ട ഒരു പഴമൊഴി. പറയുന്ന ആൾ ഉപ്പു തിന്നിട്ടില്ല എന്നും അതുകൊണ്ട് താൻ വെള്ളം കുടിക്കേണ്ട കാര്യമില്ല എന്നുമുള്ള നീതീകരണമാണ് ഇതുവഴി അവർ ഉദ്ദേശിക്കുന്നത്.

അതെന്തായാലും, ഒരു കാര്യത്തിൽ ആർക്കും സംശയമില്ല. ഉപ്പുതിന്നവൻ വെള്ളം കുടിച്ചേ മതിയാവൂ. ബാർകോഴ ആരോപണം ബൂമറാങ്പോലെ തിരിച്ചേറ്റ രമേശ് ചെന്നിത്തലയാണ് ഏറ്റവുമൊടുവിൽ ഇതു സാക്ഷ്യപ്പെടുത്തുന്നത്.

2014-15 കാലത്ത് കേരളരാഷ്ട്രീയത്തിൽ കോളിളക്കം സൃഷ്ടിച്ച ഒരു സംഭവമാണ് ബാർകോഴ ആരോപണം. തലസ്ഥാനഗരിയിലെ ഒരു ബാറുടമയാണ് ആരോപണകർത്താവ്. കെ.എം. മാണിയെന്ന സമുന്നത രാഷ്ട്രീയനേതാവിന്റെ രാഷ്ട്രീയ ജീവിതത്തെ മാത്രമല്ല, വ്യക്തിജീവിതത്തെപ്പോലും അതു ഗുരുതരമായി ബാധിച്ചു. ആ വേദനയിലും അപമാനത്തിലുംനിന്നു മോചനംകിട്ടുംമുമ്പേ അദ്ദേഹത്തിന്റെ ഭൗമികജീവിതത്തിനുപോലും വിരാമം വന്നു.

2014 ഒക്ടോബർ 31 രാത്രി 8.30 ന് ഒരു ചാനൽ ചർച്ചയിലാണ്, പിന്നീട് ഏറെ വിസ്ഫോടങ്ങൾക്കു തീ കൊളുത്തിയ ഈ ആരോപണം ഉന്നയിക്കപ്പെട്ടത്. അതു പെട്ടെന്നു മറ്റു ചാനലുകളിലേക്കും പടർന്നു. പിറ്റേന്ന് അച്ചടിമാധ്യമങ്ങളും അത് ആഘോഷിച്ചു. തുടർന്ന് ഒരു വർഷത്തിലധികം കേരളരാഷ്ട്രീയത്തിൽ കത്തിപ്പടർന്ന ബാർകോഴ വിവാദം തത്കാലത്തേക്കെങ്കിലും ശമിച്ചത് 2015 നവംബർ 10 ന് കെ.എം. മാണി മന്ത്രിസ്ഥാനം രാജിവച്ചതോടെയാണ്.

ഇപ്പോൾ അതു വീണ്ടും പ്രസക്തമാകുന്നത്, പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തലയ്ക്ക് അന്ന് ഒരു കോടി രൂപ ബാറുടമകൾ കോഴ നല്കി എന്ന ആരോപണം അന്നത്തെ ആരോപണകർത്താവുതന്നെ വീണ്ടും ഉന്നയിച്ചിരിക്കുന്നതുകൊണ്ടാണ്. അതിന്റെയടിസ്ഥാനത്തിൽ ചെന്നിത്തലയ്ക്കെതിരേ വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചിരിക്കുന്നു. ഈ ലേഖനം അച്ചടിച്ചുവരുന്നതിനുമുമ്പുതന്നെ അതാരംഭിച്ചേക്കും.

അന്വേഷണത്തിൽ മുഖ്യമന്ത്രി നവംബർ 20 ന് ഒപ്പുവച്ചതാണ്. എന്നാൽ, ഗവർണറുടെ അനുമതി വേണ്ടിവരുമോ എന്ന സംശയത്തിൽ നിയമോപദേശത്തിനു വിട്ടു. കോഴ വാങ്ങുമ്പോൾ രമേശ് മന്ത്രിയായിരുന്നില്ല, കെപിസിസി പ്രസിഡന്റായിരുന്നു. ഇപ്പോൾ പ്രതിപക്ഷനേതാവും. അതുകൊണ്ട് സ്പീക്കറുടെ അനുമതി മാത്രം മതിയത്രേ. എന്നാൽ കെ. ബാബുവിന്റെയും വി.എസ്. ശിവകുമാറിന്റെയും കാര്യത്തിൽ ഗവർണറുടെ അനുമതിതന്നെ വേണം. കാരണം, അവർ ആരോപിക്കപ്പെട്ട അഴിമതിക്കാലത്തു മന്ത്രിമാരായിരുന്നു.

മന്ത്രിമാരെ നിയമിക്കുന്നതു ഗവർണറാണ്. അതുകൊണ്ട് അവരുടെ പേരിൽ അഴിമതിയാരോപണമുണ്ടായാൽ, നിയമനാധികാരിയുടെ അനുവാദത്തോടെയേ അന്വേഷണവും ഉപരിനടപടികളും ഉണ്ടാവാൻ പാടുള്ളൂ.

പ്രതിപക്ഷനേതാവിനു കാബിനറ്റുപദവിയുണ്ട്. അതുപക്ഷേ, ഭരണഘടനാപദവിയല്ല. ഒരാൾക്കു കാബിനറ്റുറാങ്കനുവദിക്കാൻ സർക്കാർ തീരുമാനം മാത്രം മതി. അങ്ങനെയാണു കഴിഞ്ഞ യുഡിഎഫ് ഗവൺമെന്റിന്റെ കാലംമുതൽ ചീഫ് വിപ്പിനു കാബിനറ്റ് റാങ്കു ലഭിച്ചത്. അന്ന് ആർ. ബാലകൃഷ്ണപിള്ളയെ മുന്നാക്കസമുദായവികസനകോർപ്പറേഷൻ ചെയർമാനായി നിയമിച്ചതും കാബിനറ്റുപദവിയോടെയായിരുന്നു. അതൊക്കെ രാഷ്ട്രീയതീരുമാനങ്ങളുടെ പിൻബലത്തിലായിരുന്നു.

കാബിനറ്റു റാങ്കുള്ള മന്ത്രിമാരല്ലാത്തവർക്കും മന്ത്രിമാർക്കു തുല്യം ഓഫീസും പേഴ്സണൽ സ്റ്റാഫുമൊക്കെ ഉണ്ടാവും. അതൊരു ധൂർത്ത് എന്നതിനപ്പുറത്ത് ഗവൺമെന്റിനോ ജനങ്ങൾക്കോ പ്രയോജനമുള്ള നടപടിയൊന്നുമല്ല. കുറെ പാർശ്വവർത്തികൾക്കു ശമ്പളം വാങ്ങാനും ഭരണത്തിൽ പിൻവാതിലിലൂടെ പങ്കുപറ്റാനും അവസരം ലഭിക്കുന്നുണ്ടെന്നു മാത്രം.

പ്രതിപക്ഷനേതാവിനും ചീഫ് വിപ്പിനുംപുറമേ, ഇത്തരത്തിൽ കാബിനറ്റുറാങ്കുള്ള രണ്ടു പ്രമാണിമാർ കിടക്കയിൽനിന്നെഴുന്നേൽക്കാൻപോലും വയ്യാതെ കിടന്നുകൊണ്ടു ജനസേവനം നിർവ്വഹിക്കുന്നുണ്ട്. ഭരണപരിഷ്കാരക്കമ്മീഷൻ ചെയർമാൻ വി.എസ്. അച്യുതാനന്ദനും, ഇപ്പോഴും മുന്നാക്കസമുദായവികസനകോർപ്പറേഷൻ ചെയർമാനായിത്തുടരുന്ന ആർ. ബാലകൃഷ്ണപിള്ളയും. രണ്ടു നേതാക്കൾക്കും സർക്കാർ അനുവദിച്ചിരിക്കുന്ന വാർദ്ധക്യകാലാശ്വാസം!

ഇക്കാര്യങ്ങൾ പറയാനല്ല, പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തലയ്ക്കെതിരേ വീണ്ടും ഉയർന്നിരിക്കുന്ന ആരോപണത്തെയും അതിന്റെയടിസ്ഥാനത്തിൽ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന വിജിലൻസ് അന്വേഷണത്തെയും 'കാവ്യനീതി'യായി ക്കണ്ടു വിശകലനം ചെയ്യാനാണ് എന്റെ ശ്രമം.

ഒരാൾ, നിരപരാധിയാണെന്നറിഞ്ഞുകൊണ്ടുതന്നെ എതിരാളിയെ തകർക്കാൻ മെനയുന്ന തന്ത്രങ്ങൾക്ക് അതേ നാണയത്തിൽതന്നെ തിരിച്ചടി ലഭിക്കുന്നതിനെയാണ് കാവ്യനീതി എന്നു വിളിക്കുന്നത്. സാഹിത്യവിമർശനത്തിൽ ഉപയോഗിക്കുന്ന ഒരു സംജ്ഞയാണിത്. ഇംഗ്ലീഷ് കവിയും നിരൂപകനും ഗവേഷകനും ചരിത്രകാരനുമായിരുന്ന തോമസ് റൈമർ (1641-1713) ആണ് 'കാവ്യനീതി' എന്ന സംജ്ഞ ആദ്യമായി ഉപയോഗിച്ചത്, അദ്ദേഹത്തിന്റെ 'കഴിഞ്ഞകാലദുരന്തങ്ങൾ' എന്ന കൃതിയിൽ.

നായകനെതിരേ പ്രയോഗിക്കുന്ന ആയുധങ്ങൾ ബൂമറാങ്പോലെ തിരിച്ചടിച്ചു വില്ലൻതന്നെ ദുരന്തം വരിക്കുന്നതിനെയാണു റൈമർ കാവ്യനീതി എന്നു വിളിക്കുന്നത്. ചരിത്രത്തിലും ഇത്തരം ഉദാഹരണങ്ങൾ ധാരാളമുണ്ടത്രേ. താൻ കുത്തും കുഴിയിൽ താൻതന്നെ വീഴുക എന്നുതന്നെ.

> **തന്നെപ്പോലെ മുതിർന്ന ഒരു രാഷ്ട്രീയനേതാവിനെതിരേ, മന്ത്രിസഭയിലെ ഏറ്റവും മുതിർന്ന അംഗത്തിനെതിരേ, വേണ്ടത്ര ചർച്ചയും കൂടിയാലോചനയുമില്ലാതെ വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചതിൽ കെ.എം. മാണി വളരെ അസ്വസ്ഥനായിരുന്നു. രമേശ് ത്വരിതാന്വേഷണം പ്രഖ്യാപിച്ചിരുന്നില്ലെങ്കിൽ, അതു നീട്ടിനീട്ടികൊണ്ടുപോയിരുന്നില്ലെങ്കിൽ ബാർകോഴക്കേസ് അത്രയ്ക്കും വഷളാകുമായിരുന്നില്ല; അദ്ദേഹത്തിന്റെ മരണം അത്രയ്ക്കു വേഗത്തിലാകുമായിരുന്നില്ല.**

സാഹിത്യകൃതികൾ ധാർമ്മികമൂല്യങ്ങൾ ഉള്ളടക്കുന്നതും മൂല്യാധിഷ്ഠിതജീവിതം നയിക്കാൻ വായനക്കാരനെ പ്രേരിപ്പിക്കുന്നതും ആയിരിക്കണം എന്നായിരുന്ന റൈമറുടെ പക്ഷം. നന്മ ചെയ്യുന്നവർക്ക് സമ്മാനവും തിന്മ ചെയ്യുന്നവർക്കു ശിക്ഷയും ലഭിക്കണം. അത് ദൈവനീതിയാണ്. അതു വായനക്കാർക്കു പ്രചോദനമാകണം.

ഒരു രാഷ്ട്രീയസംഭവത്തെ രാഷ്ട്രീയതലത്തിൽനിന്നു വേറിട്ടെടുത്തു സാംസ്കാരികവും ധാർമ്മികവുമായ മാനദണ്ഡങ്ങൾ ഉപയോഗപ്പെടുത്തി വിലയിരുത്താനാണിവിടെ ശ്രമിക്കുന്നത്.

കെ.എം. മാണിക്കെതിരേ ബാർകോഴ ആരോപണമുയരുമ്പോൾ രമേശ് ചെന്നിത്തല ആഭ്യന്തരവകുപ്പിന്റെയും വിജിലൻസിന്റെയും ചുമതലയുള്ള മന്ത്രിയായിരുന്നു. താക്കോൽസ്ഥാനത്തു നല്ല നായരുണ്ടാവണമെന്ന എൻ.എസ്.എസ്. ജനറൽ സെക്രട്ടറി സുകുമാരൻ നായരുടെ ആവശ്യത്തിന് ഒരു മുന്നറിയിപ്പിന്റെ സ്വരമുണ്ടായിരുന്നതുകൊണ്ടാവണം മുഖ്യമന്ത്രി ഉമ്മൻചാണ്ടി രമേശ് ചെന്നിത്തലയെ ഇടക്കാലത്ത് മന്ത്രിയാക്കിയത്. ജനുവരി ഒന്നിന് അദ്ദേഹം സത്യപ്രതിജ്ഞ ചെയ്തു. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ കൈവശമിരുന്ന ആഭ്യന്തരവകുപ്പെടുത്ത് അദ്ദേഹത്തിനു നല്കുകയും ചെയ്തു.

ഇപ്പോൾ മദ്യവ്യവസായി ആവർത്തിക്കുന്ന ആരോപണം ശരിയെങ്കിൽ കെ.എം. മാണിക്കെതിരേ ത്വരിതാന്വേഷണം പ്രഖ്യാപിക്കുമ്പോൾ രമേശ് ചെന്നിത്തലയുടെ കൈയിൽ അഴിമതിക്കറ പുരണ്ടിട്ടുണ്ടായിരുന്നു. ആ കൈകൊണ്ടാണ് അദ്ദേഹം അന്വേഷണഉത്തരവിൽ ഒപ്പുവച്ചത്. അക്കാര്യത്തിൽ അദ്ദേഹം അനാവശ്യധൃതി കാണിച്ചു എന്നാണ് വിമർശകരുടെ ആക്ഷേപം.

ബാർകോഴയാരോപണം ഉയരുമ്പോൾ ചെന്നിത്തല അമേരിക്കയിലായിരുന്നു. അന്നത്തെ സ്പീക്കർ ജി. കാർത്തികേയനെ വിദഗ്ധചികിത്സയ്ക്കു കൊണ്ടുപോയപ്പോൾ അദ്ദേഹവും ഒപ്പം പോയതാണ്. ആരോപണങ്ങൾ ഉയർന്നതിന്റെ മൂന്നാം ദിവസം, നവംബർ രണ്ടിനു മടങ്ങിയെത്തിയ അദ്ദേഹം നെടുമ്പാശേരി വിമാനത്താവളത്തിൽവച്ചുതന്നെ ഫയലിൽ ഒപ്പിട്ടത്രേ. തുടർന്ന് അദ്ദേഹം പോയത് തൃശൂർക്ക്. അവിടെ തന്നെ കാണാനെത്തിയ മാധ്യമപ്രവർത്തകരോടാണ് ഇക്കാര്യം ആദ്യം വെളിപ്പെടുത്തിയത്. മൂന്നാംതീയതിയിലെ പത്രങ്ങളിൽ വാർത്ത വന്നു.

2013 ൽ ലളിതാകുമാരി കേസിൽ സുപ്രീംകോടതിയിൽനിന്നുണ്ടായ വിധിയുടെ അടിസ്ഥാനത്തിലാണ് കെ.എം. മാണിക്കെതിരേ ത്വരിതാന്വേഷണം പ്രഖ്യാപിച്ചതെന്നായിരുന്നു രമേശിന്റെ ന്യായീകരണം. ആ വർഷം നവംബർ 19 നുണ്ടായ വിധിയിൽ, ഇത്തരം സന്ദർഭങ്ങളിൽ, സാധാരണ കേസാണെങ്കിൽ 15 ദിവസത്തിനകവും ഗുരുതരമായ ആരോപണമെങ്കിൽ ആറ് ആഴ്ചകൾക്കകവും ത്വരിതാന്വേഷണം നടത്തി നടപടിയെടുക്കണമെന്നാണു സുപ്രീംകോടതി നിർദ്ദേശിക്കുന്നത്.

അതെന്തുമാകട്ടെ, തന്നെപ്പോലെ മുതിർന്ന ഒരു രാഷ്ട്രീയനേതാവിനെതിരേ, മന്ത്രിസഭയിലെ ഏറ്റവും മുതിർന്ന അംഗത്തിനെതിരേ, വേണ്ടത്ര ചർച്ചയും കൂടിയാലോചനയുമില്ലാതെ വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചതിൽ കെ.എം. മാണി വളരെ അസ്വസ്ഥനായിരുന്നു. മദ്യവ്യവസായിയുടെ ആരോപണത്തെക്കാൾ, അദ്ദേഹത്തെ വേദനിപ്പിച്ചതും ഈ നടപടിയായിരുന്നു.

ഒരുദിവസം കരിങ്ങോഴയ്ക്കൽ വീട്ടിൽ ഞാനും മാണിസാറും തനിച്ചായിരിക്കവേ, ഞാൻ ചോദിച്ചു: ചെന്നിത്തലയെന്താണു സാറിനോട് ഇങ്ങനെ ചെയ്തത്? അദ്ദേഹത്തിന്റെ മറുപടി ഉടനെയുണ്ടായി: മുഖ്യമന്ത്രിയാവാൻ സഹായിക്കാത്തതുകൊണ്ട്!

അദ്ദേഹം അതിങ്ങനെ വിശദീകരിച്ചു: ഒരു ദിവസം ചെന്നിത്തല ഒരു മുതിർന്ന നേതാവിനെ എന്റെ അടുത്തേക്കയച്ചു. ഉമ്മൻചാണ്ടിയെ മാറ്റി രമേശിനെ മുഖ്യമന്ത്രിയാക്കാൻ സഹായിക്കണമെന്നായിരുന്നു ആവശ്യം. അതുവയ്യെന്നു ഞാനറിയിച്ചു.

ഇപ്പോൾ പുറത്തുവന്നിരിക്കുന്ന പാർട്ടിയുടെ അന്വേഷണറിപ്പോർട്ടിലും ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. എന്നല്ല, അന്നു കെ.എം. മാണിയെ കാണാനെത്തിയ ദൂതൻ, ഐ.എൻ.ടി.യു.സി. നേതാവ് ആർ. ചന്ദ്രശേഖരനാണെന്നു കൃത്യമായി പറയുകയും ചെയ്തിരിക്കുന്നു.

2015 ജനുവരി 22 വ്യാഴാഴ്ചയിലെ മംഗളം പത്രത്തിലെ മുഖ്യവാർത്ത 'രമേശിനെതിരേ മാണി - എന്നെ ജയിലിലടയ്ക്കാനാണോ ഭാവം' എന്ന ശീർഷകത്തിലായിരുന്നു. കെ.എം. മാണി പൊട്ടിത്തെറിച്ചു രമേശിനോടു ചോദിച്ചതാണത്രേ. വാർത്ത ശരിയോ തെറ്റോ എന്ന തീരുമാനം പറയാൻ വയ്യ.

എനിക്കുറപ്പിച്ചു പറയാൻ കഴിയും, രമേശിന്റെ നടപടി മാണിസാറിനെ വല്ലാതെ വേദനിപ്പിച്ചിരുന്നു. 2014 ഒക്ടോബർ 31 നു ശേഷം ഞാൻ കണ്ട കെ.എം. മാണി, 1995 മുതൽ ഞാൻ ഏറ്റവും അടുത്തറിഞ്ഞ മാണിസാറായിരുന്നില്ല. ആ കണ്ണുകളിലും മുഖഭാവങ്ങളിലുമെല്ലാം ദുസ്സഹമായ മാനസികവേദനയുടെ നിഴലാട്ടം ഞാൻ വായിച്ചെടുത്തിട്ടുണ്ട്. രമേശ് ത്വരിതാന്വേഷണം പ്രഖ്യാപിച്ചിരുന്നില്ലെങ്കിൽ, അതു നീട്ടിനീട്ടി കൊണ്ടുപോയിരുന്നില്ലെങ്കിൽ ബാർകോഴ കേസ് അത്രയ്ക്കും വഷളാകുമായിരുന്നില്ല; അദ്ദേഹത്തിന്റെ മരണം അത്രയ്ക്കു വേഗത്തിലാകുമായിരുന്നില്ല.

വിജിലൻസ് അന്വേഷണത്തെ നേരിടുമെന്നു പറയുമ്പോഴും, നമുക്കറിയാം, അതത്ര നിസാരകാര്യമല്ലെന്ന് ചെന്നിത്തലയ്ക്ക് ഉറപ്പുണ്ടെന്ന്. ഇതാണു കാവ്യനീതി.

എങ്കിലും രമേശ് ചെന്നിത്തല കുറ്റക്കാരനാണെന്നു വിധിപറയാൻ നമുക്കു കഴിയില്ല. അന്വേഷണങ്ങൾക്കൊടുവിൽ, കുറ്റവിമുക്തനായി, വർധിതതേജസ്സോടെ അദ്ദേഹം രാഷ്ട്രീയത്തിൽ തിളങ്ങിനില്ക്കട്ടെ എന്നാണെന്റെ പ്രാർത്ഥന. ■

ചുറ്റുവട്ടം

# ഒരു പകൽയാത്രയുടെ വിനോദത്തിന് പാലാക്കരി ഫിഷ്ഫാം



**കെ.ജി. രഞ്ജിത്ത്**

**ഓ**ളപ്പരപ്പിനെ തഴുകിയെത്തുന്ന കുളിർക്കാറ്റേറ്റ് വേമ്പനാട്ടു കായലിലൂടെ ഒരു ബോട്ടുയാത്ര. പ്രകൃതി സൗന്ദര്യം ആവോളം ആസ്വദിച്ച് പുൽത്തകിടിയിലൂടെയുള്ള നടത്തം. തലയുയർത്തിനിൽക്കുന്ന തെങ്ങിൻതോപ്പുകൾക്കുതാഴെ തണലിൽ അല്പം വിശ്രമം. ഇടനേരങ്ങളിൽ ദാഹമകറ്റാൻ ഇളനീര്. നേരംപോക്കിന് തണൽമരങ്ങൾക്കു താഴെ ഇരുന്നുള്ള ചൂണ്ടയിടീൽ. കുറഞ്ഞ ചെലവിൽ ഇത്തരത്തിൽ മറക്കാനാവാത്ത ഒരു വിനോദയാത്ര സമ്മാനിക്കുകയാണ് വൈക്കം പാലാക്കരി ഫിഷ് ഫാം. ഒരിക്കൽ പോയാൽ വീണ്ടും അങ്ങോട്ട് ഓടിയടുക്കാൻ ആരുടെയും മനസ് കൊതിക്കുന്ന പ്രകൃതിഭംഗി. ഇങ്ങനെ മനം കൊതിപ്പിക്കുന്ന ദൃശ്യഭംഗിയൊരുക്കി സഞ്ചാരികൾക്കായി കാത്തിരിക്കുന്ന പാലാക്കരി ഫിഷ് ഫാമിന്റെ വിശേഷങ്ങളിലൂടെയാവാം ഇന്നത്തെ ചുറ്റുവട്ടത്തിന്റെ യാത്ര.

**ഒരുദിവസത്തെ ഉല്ലാസയാത്ര**

തിരക്കിട്ട ജീവിതത്തിനിടയിൽ കുടുംബവുമൊത്ത് ഉല്ലാസയാത്ര പോകണമെങ്കിൽ കുറഞ്ഞത് രണ്ടു മൂന്നു ദിവസമെങ്കിലും വേണ്ടിവരുമെന്നാണ് പലരുടെയും വാദം. അതുകൊണ്ടുതന്നെ സമയക്കുറവുകാരണം പറഞ്ഞ് പലരും ഇത്തരം യാത്രകൾ നീട്ടിവയ്ക്കുകയാണ്. എന്നാൽ, ഒരു ദിവസംകൊണ്ട് കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ആസ്വദിക്കാവുന്ന വിനോദങ്ങളാണ് ചുരുങ്ങിയ ചെലവിൽ പാലാക്കരി ഫാമിൽ ഒരുക്കിയിരിക്കുന്നത്. രാവിലെ പത്തു മുതൽ വൈകിട്ട് ആറു വരെയാണ് പ്രവേശനസമയം. 120 ഏക്കർ വിസ്തൃതിയുള്ള ഫാമിലൂടെയുള്ള യാത്ര കാഴ്ചകളുടെ വിസ്മയ ലോകമാണ് സഞ്ചാരികൾക്കു നൽകുന്നത്. ബോട്ടിംഗിന് പെഡൽ ബോട്ട്, തുഴച്ചിൽ ബോട്ട് എന്നിങ്ങനെ സഞ്ചാരികൾക്ക് ഇഷ്ടാനുസരണം തിരഞ്ഞെടുക്കാം. ചൂണ്ടയിടാനുള്ള സൗകര്യങ്ങളുമുണ്ട്. പിടിക്കുന്ന മീൻ വലുതാണെങ്കിൽ വിലയ്ക്കു വാങ്ങി വീട്ടിൽ കൊണ്ടുപോകുകയോ കറിവയ്ക്കുകയോ ചെയ്യാം. ഒപ്പം മീൻവളർത്തലിന്റെ വിവിധ വശങ്ങളും മനസ്സിലാക്കാം.

**പാലാക്കരി ഫിഷ് ഫാം കേരള ടൂറിസം മാപ്പിലും**

കേരള ടൂറിസം മാപ്പിലും പാലാക്കരി ഫിഷ് ഫാം ഇടം നേടിയിട്ടുണ്ട്. മത്സ്യഫെഡിനു കീഴിലുള്ള ചെമ്പ് ഗ്രാമപഞ്ചായത്തിലെ കാട്ടിക്കുന്നിലാണ് പാലാക്കരി ഫിഷ് ഫാം സ്ഥിതിചെയ്യുന്നത്. ചെലവു കുറഞ്ഞ രീതിയിൽ വിനോദവും വിജ്ഞാനവുമൊരുക്കുന്ന വിനോദ സഞ്ചാരകേന്ദ്രമെന്നനിലയിലാണ് പാലാക്കരി വ്യത്യസ്തമാകുന്നത്. അക്വാടൂറിസവും മത്സ്യക്കൃഷിയും സംയോജിപ്പിച്ചാണ് ഇവിടെ ഫിഷ് ഫാം ഒരുക്കിയിരിക്കുന്നത്. 30 വർഷമായി ഇവിടെ മീൻവളർത്തൽ തുടങ്ങിയിട്ട്. ആറുവർഷംമുമ്പാണ് ടൂറിസം പദ്ധതി തുടങ്ങിയത്. കൊവിഡ് വ്യാപനത്തിനുമുമ്പ് ഒരു മാസം ഏകദേശം മൂവായിരത്തിലേറെ ഏറെ സഞ്ചാരികൾ ഇവിടെ എത്തിയിരുന്നുവെന്നാണ് കണക്ക്. പദ്ധതിയുടെ വികസനസാധ്യതകൾ കണ്ട് ടൂറിസം വകുപ്പിന്റെ സാമ്പത്തികസഹായത്തോടെ കൂടുതൽ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. കേരള തീരദേശവികസനകോർപ്പറേഷനാണ് നിർമ്മാണച്ചുമതല. സന്ദർശകസ്വീകരണകേന്ദ്രം, വിശദീകരണകേന്ദ്രം, വ്യൂ ഡസ്ക്, ശൗചാലയങ്ങൾ, കോട്ടേജുകൾ, നടപ്പാത എന്നിവയുൾപ്പെടെ മികച്ച സൗകര്യങ്ങളാണ് സഞ്ചാരികൾക്കായി ഇവിടെ ഒരുക്കിയിരിക്കുന്നത്.

**തനി കോട്ടയം മീൻകറി**

മീൻകറിക്ക് പേരുകേട്ട ജില്ലയാണ് കോട്ടയം. കുടംപുളിയിട്ടു വച്ച മീൻകറിയാണ് കോട്ടയത്തെ സ്പെഷൽ. അത് നമ്മൾത്തന്നെ പിടിച്ച മീൻ കൂടിയാണെങ്കിലോ, ടേസ്റ്റ് കൂടും. വിഭവസമൃദ്ധമായൊരു സദ്യയോടൊപ്പം തനി നാടൻ മീൻകറിയൊരുക്കിയാണ് പാലാക്കരി ഫിഷ് ഫാം സന്ദർശകരുടെ മനംകവരുന്നത്. ഫാമിൽനിന്നു പിടിച്ച കരീമിൻ, കൊഞ്ച്, ഞണ്ട് മുതലായവ ആവശ്യാനുസരണം പൊരിച്ചും കൊടുക്കും.

**മിതമായ പാക്കേജ്**

കൈയിലൊതുങ്ങുന്ന പാക്കേജാണ് പാലാക്കരി ഫിഷ് ഫാമിന്റെ പ്രത്യേകത. വെൽക്കം ഡ്രിങ്ക്, ഉച്ചയ്ക്ക് തനി നാടൻ മീൻകറി കൂട്ടി ഊണ്, കായലോരത്തിന്റ ഭംഗി ആവോളം ആസ്വദിച്ച് തിരികെയിറങ്ങുമ്പോൾ താങ്ക്സ്കാർഡിനൊപ്പം ഐസ്ക്രീം ഇവയെല്ലാം അടങ്ങുന്നതാണ് പാക്കേജ്. എന്നാൽ, കൊവിഡ് നിയന്ത്രണങ്ങൾ വന്നതോടെ പാക്കേജിന് ചെറിയ മാറ്റം വരുത്തിയിട്ടുണ്ട്. അഞ്ചു പേരടങ്ങുന്ന ചെറു സംഘങ്ങളായിട്ടാണ് പ്രവേശം. രാവിലെ ഒമ്പതു മുതൽ രണ്ടുമണിവരെയും, രണ്ടുമണിമുതൽ വൈകിട്ട് അഞ്ചുമണിവരെയും എന്നിങ്ങനെയാണ് പുതിയ സമയക്രമം. രാവിലെയുള്ള പ്രവേശനത്തിന് 350 രൂപയും, ഉച്ചകഴിഞ്ഞുള്ള പ്രവേശത്തിന് 250 രൂപയുമാണ് ഈടാക്കുന്നത്.

**തരംഗിണി സ്പെഷ്യൽ പാക്കേജ്**

- **ഫാമിന്റെ മനോഹാരിത ആകർഷിക്കാൻ പാലാക്കരി ഫിഷ് ഫാം ഒരുക്കിയിരിക്കുന്ന പുതിയ പാക്കേജാണ് തരംഗിണി.**
- **രാവിലെ 9.30 മുതൽ 3 വരെ നീളുന്നതാണ് പാക്കേജ്.**
- **ശിക്കാരി ബോട്ടിൽ കായലിലൂടെ ഒന്നര മണിക്കൂർ നീളുന്ന സവാരി. കായലിന്റെ ഭംഗി ആസ്വദിച്ചു കൊണ്ട് ബോട്ടിനുള്ളിൽ തന്നെ രാവിലെത്തെ ഭക്ഷണം.**
- **തുടർന്ന് കെട്ടുവള്ള മ്യൂസിയം, മത്സ്യക്കൂട് കൃഷി, തുടങ്ങിയവയെല്ലാം കണ്ട് തിരികെയെത്തുമ്പോൾ ഉച്ചയ്ക്കുള്ള ഊണു റെഡിയായിരിക്കും. ഉച്ചകഴിഞ്ഞ് കൈതൊഴവഞ്ചിയിൽ സവാരി നടത്താം. ചൂണ്ടയിടാൻ താത്പര്യമുള്ളവർക്ക് അതിനുള്ള സൗകര്യവുമുണ്ട്. വൈകുന്നേരം ചായയും ചെറു കടിയും. നാലു പേരടങ്ങുന്ന സംഘത്തിന് 2000 രൂപയാണ് ഫീസ്. അതിൽ കൂടുതലാളുണ്ടെങ്കിൽ ആളൊന്നിന് 500 രൂപ എന്നതാണ് തരംഗിണി പാക്കേജ്.**

**ഫാമിലേക്കുള്ള വഴി**

കോട്ടയം - എറണാകുളം റൂട്ടിൽ കാട്ടികുന്ന് ബസ് സ്റ്റോപ്പിൽ ഇറങ്ങി 50 മീറ്റർ നടന്നാൽ ഫാമിലെത്താം. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. ഫോൺ: 04829273314, 9497031280.

**ശ്രേഷ്ഠമലയാളം**

**ഡോ. ഡേവിസ് സേവ്യർ**

# ഗ്രാമപ്പഞ്ചായത്ത്

1998 ൽ പുറത്തിറങ്ങിയ സിനിമയാണ് 'ഗ്രാമപഞ്ചായത്ത്.' അലി അക്ബറാണ് സംവിധായകൻ. കഥയും കഥാപാത്രങ്ങളും മനസ്സിൽനിന്നു മാഞ്ഞെങ്കിലും പേരിലെ തെറ്റ് ഇപ്പോഴും അവശേഷിക്കുന്നു. പഞ്ചായത്ത് വെയിറ്റിംഗ് ഷെഡ്ഡുകളിൽ 'ഗ്രാമപഞ്ചായത്ത്' എന്നെഴുതിത്തുടങ്ങിയതോടെ അതിന്റെ വേരുറയ്ക്കുകയും ചെയ്തു. ഇന്നിപ്പോൾ ആർക്കും എവിടെയും ഗ്രാമപഞ്ചായത്ത് എന്നും സധൈര്യം എഴുതാം എന്നായിട്ടുണ്ട്. ശരിയെക്കാൾ എത്രയോ വേഗമാണ് ഒരു തെറ്റ് പ്രചരിക്കുന്നതെന്നോർക്കുമ്പോൾ അദ്ഭുതം തോന്നുന്നു! ദ്വിത്വവിധിയെക്കുറിച്ചുള്ള സാമാന്യനിയമം കൈവിട്ടുപോയതിന്റെ ഫലമാണിത്.

ഗ്രാമം എന്നും പഞ്ചായത്ത് എന്നും രണ്ടു പദങ്ങൾ ചേർന്നുവരുന്ന സമസ്തപദമാണ് ഗ്രാമപ്പഞ്ചായത്ത്. ആദ്യത്തേത് വിശേഷണവും രണ്ടാമത്തേത് വിശേഷ്യവും. വിശേഷണവിശേഷ്യങ്ങൾ പൂർവ്വോത്തരപദങ്ങളായി സമാസിക്കുമ്പോൾ ഉത്തരപദാദിയിലെ ദൃഢവർണ്ണം (ഖരം, അതിഖരം, മൃദു, ഘോഷം, ഊഷ്മാവ്) ഇരട്ടിക്കുമെന്നാണ് സാമാന്യവ്യവസ്ഥ. അതനുസരിച്ച് ഗ്രാമവും പഞ്ചായത്തും ചേർന്നുവരുമ്പോൾ ഗ്രാമപ്പഞ്ചായത്ത് എന്ന് 'പ'കാരം ഇരട്ടിച്ചുതന്നെ എഴുതണം. കുഞ്ഞിക്കൂനൻ, മല്ലിപ്പൊടി, സ്വർണ്ണപ്പണയം, ഇറച്ചിക്കോഴി, ആക്രിക്കട, വെള്ളക്കടല, ആഴ്ചപ്പതിപ്പ്, വ്യാജപ്പരാതി, ഏലത്തോട്ടം, പണിപ്പുര, വായനക്കളരി, വ്യാജക്കണക്ക്, അത്താഴപ്പട്ടിണി, അത്താഴപ്പൂജ, അത്താഴക്കോടതി, മനപ്പൊരുത്തം, വർത്തമാനപ്പുസ്തകം എന്നിങ്ങനെ ഇരട്ടിച്ചെങ്കിലേ ഇവയൊക്കെ ശുദ്ധരൂപമാവുകയുള്ളൂ. എന്നാൽ, പൂർവ്വപദം അനുനാസികാന്തമോ 'ഉ'കാരമോ ആകുന്നിടത്തും (തേൻതുള്ളി, കൺപീലി, മുളകുപൊടി, കൊതുകുകടി, പാട്ടുപെട്ടി) ധാതുപൂർവ്വസമാസത്തിലും (കുതികാൽ, എരിതീ) ക്രിയാനാമം പരമായി വരുന്നിടത്തും (പന്തുകളി, മലകയറ്റം) ഉത്തരപദാദിയിലെ വർണ്ണം ദൃഢമാണെങ്കിലും ഇരട്ടിക്കേണ്ടതില്ല എന്നും വിധിയുണ്ട്. ഇത്തരം ലഘുനിയമങ്ങൾ മനസ്സിലാക്കുന്നില്ലെങ്കിൽ ആന പുറത്തു കയറുന്നതും ആനപ്പുറത്തു കയറുന്നതും തമ്മിലുള്ള അന്തരം ആനപ്പാപ്പാന്മാർക്കുമാത്രം പിടികിട്ടുന്ന ഒന്നാകും!



*പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് രചിച്ച 'മാർജിനാലിയ : ടെക്സ്റ്റ് ആൻഡ് തോട്ട്സ്' എന്ന ഗ്രന്ഥം പാലാ രൂപത മുൻ അധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ, രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കനു നല്കി പ്രകാശനം ചെയ്യുന്നു. ഗ്രന്ഥകാരൻ മാർ ജോസഫ് കല്ലറങ്ങാട്ട്, രൂപത സിഞ്ചെല്ലൂസ് മോൺ. അബ്രാഹം കൊല്ലിത്താനത്തുമലയിൽ, ദീപനാളം ചീഫ് എഡിറ്റർ ഫാ. കുര്യൻ തടത്തിൽ എന്നിവർ സമീപം.*

# പാലായുടെ പത്മശ്രീ

## തികഞ്ഞ ഭാഷാസ്നേഹിയും മലയാളത്തിലെ ബാലസാഹിത്യശാഖയുടെ പിതാവുമായ പത്മശ്രീ മാത്യു എം. കുഴിവേലിയെക്കുറിച്ച്



ഡോ. സിറിയക് തോമസ്

### വിളക്കുമരം

**പാ**ലായുടെ ആദ്ധ്യാത്മിക - രാഷ്ട്രീയ - കാർഷിക - വാണിജ്യപാരമ്പര്യങ്ങളെക്കാൾ ഒട്ടുംതന്നെ പിന്നിലല്ലല്ലോ ഈ പ്രദേശത്തിന്റെ സാഹിത്യ-സാംസ്കാരിക പൈതൃകവും. മലയാളസാഹിത്യത്തിൽ വഞ്ചിപ്പാട്ടുണ്ടാക്കിയത് രാമപുരത്തു വാര്യരാണെങ്കിൽ മലയാളത്തിലെ ആദ്യത്തെ സഞ്ചാരസാഹിത്യഗ്രന്ഥം-വർത്തമാനപ്പുസ്തകം - രചിച്ചത് പാറേമ്മാക്കലച്ചനാണല്ലോ. അദ്ദേഹം സുറിയാനിസഭയുടെ ഗോവർണദോറുമായിരുന്നു.

പിൽക്കാലത്ത് മഹാകവി കട്ടക്കയത്തിൽ ചെറിയാൻ മാപ്പിളയും മഹാകവി പാലാ നാരായണൻനായരും മഹാകവി പ്രവിത്താനം പി.എം. ദേവസ്യയും ലളിതാംബിക അന്തർജനവും കവയിത്രി സിസ്റ്റർ മേരി ബനീഞ്ഞായും മലയാളസാഹിത്യപന്തലിലെ മുൻനിരക്കാരായെങ്കിൽ അവരെ തുടർന്നുവന്നവരും ഒട്ടും മോശക്കാരായിരുന്നില്ലല്ലോ. വെട്ടൂർ രാമൻനായരും സക്കറിയയും ഏഴാച്ചേരി രാമചന്ദ്രനുമൊക്കെ പുതിയ കാലത്തിന്റെ സാഹിത്യ പ്രതിഭകളാണ്. എന്നാൽ, ഇവർക്കെല്ലാമിടയിൽ ഒരു കുത്തബ്മീനാർപോലെ ഉയർന്നുനില്ക്കുന്ന സമാനതകളില്ലാത്ത ഒരു മഹാപണ്ഡിതനാണ് പത്മശ്രീ മാത്യു എം. കുഴിവേലി. ഭാഷാവിജ്ഞാനീയശാഖയോടായിരുന്നു കുഴിവേലിയുടെ പഥ്യം. അദ്ധ്യാപകനായിരുന്നു അദ്ദേഹം. ഭാഷാപഠനത്തിന്റെ മഹോപാദ്ധ്യായയും. പാലാ സെന്റ് തോമസ് ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂളിന്റെ ആദ്യത്തെ പ്രധാനാദ്ധ്യാപകനും കുഴിവേലിസാറായിരുന്നു. മലയാളത്തിലെ പ്രഥമ ഭാഷാവിജ്ഞാനകോശം തയ്യാറാക്കിയതിന്റെ ക്രെഡിറ്റും കുഴിവേലിക്കുതന്നെ. 1973 ൽ രാഷ്ട്രം അദ്ദേഹത്തെ പത്മശ്രീ നൽകി ആദരിച്ചു.

1905 ഏപ്രിൽ 20 നായിരുന്നു ജനനം. പാലാ ളാലം പഴയപള്ളിയുടെ സ്ഥാപകകുടുംബങ്ങളിലൊന്നായിരുന്നു കുഴിവേലിൽ. മത്തായി കുഴിവേലിലും മറിയവുമായിരുന്നു മാതാപിതാക്കൾ. പാലാ സെന്റ് തോമസ് സ്കൂളിലും ചങ്ങനാശ്ശേരി എസ്.ബി. കോളജിലും പഠിച്ചശേഷം പാളയംകോട്ട സെന്റ് ജോസഫ്സ് കോളജിൽനിന്ന് എൽ.റ്റി. ബിരുദമെടുത്തു. തുടർന്ന് പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ അധ്യാപകനായി. പിന്നീട് അവിടെത്തന്നെ സെന്റ് തോമസ് ട്രെയിനിംഗ് സ്കൂളിന്റെ ഹെഡ്മാസ്റ്ററുമായി. അക്കാലത്ത് പാലായിൽനിന്ന് സ്കൂൾ മാസ്റ്റർ എന്ന പേരിൽ ഒരു മാസികയും അദ്ദേഹം പ്രസിദ്ധീകരിച്ചിരുന്നു. കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള ആയിരുന്നു പ്രധാന സഹായി. നിലവാരമുള്ള ഒരു പ്രസിദ്ധീകരണമായിരുന്നു സ്കൂൾ മാസ്റ്റർ.

പിൽക്കാലത്ത് തിരുവിതാംകൂർ യൂണിവേഴ്സിറ്റി സ്ഥാപിതമായപ്പോൾ മാത്യു എം കുഴിവേലി അവിടെ പബ്ലിക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ ചുമതലക്കാരനായി. പകരം ട്രെയിനിംഗ് സ്കൂൾ ഹെഡ്മാസ്റ്റർ പദവിയിൽ വന്നത് പിന്നീട് പാലാ രൂപതയുടെ ആദ്യബിഷപ് ആയിത്തീർന്ന മാണിക്കുട്ടിയച്ചൻ എന്ന ഫാദർ സെബാസ്റ്റ്യൻ വയലിൽ ആയിരുന്നു. തിരുവനന്തപുരത്തു സർവകലാശാലാപ്രസിദ്ധീകരണവകുപ്പിൽ കുഴിവേലിൽ സാറിന്റെ സഹായികളായി പിൽക്കാലത്തു വന്നത് മഹാകവി പാലാ നാരായണൻനായർസാറും കവി ചെമ്മനം ചാക്കോയുമായിരുന്നു. മലയാളഭാഷയിൽ ഒരു സർവവിജ്ഞാനകോശം പ്രസിദ്ധീകരിക്കണമെന്നത് കുഴിവേലിസാറിന്റെ ജീവിതസ്വപ്നമായിരുന്നു.

മലയാളത്തിലെ ബാലസാഹിത്യശാഖയുടെ പിതാവും കുഴിവേലിസാറായിരുന്നുവെന്നു പറയാം. ബാലൻ പ്രസിദ്ധീകരണങ്ങൾ എന്ന ബാനറിലാണ് അദ്ദേഹം കുട്ടികൾക്കായി പഞ്ചതന്ത്രകഥകളും ഈസോപ്പു കഥകളും യവനകഥകളും അറബിക്കഥകളുമൊക്കെ പ്രസിദ്ധീകരിച്ചത്. അക്കാലത്ത് അതു വളരെ സാഹസികമായ ഒരു സംരംഭംതന്നെ ആയിരുന്നു. ബാലനായിരുന്ന അദ്ദേഹത്തിന്റെ മകൻ ബാലന്റെ (പിൽക്കാലത്ത് ഡോ. ബാലൻ കുഴിവേലി) പേരാണ് മാത്യുസാർ തന്റെ ബാലസാഹിത്യപ്രസിദ്ധീകരണ സംരംഭത്തിനു നൽകിയത്. അങ്കമാലി പാറയ്ക്കൽ അന്നമ്മ ആയിരുന്നു കുഴിവേലിസാറിന്റെ പത്നി. നാല് ആൺകുട്ടികളും അഞ്ചു പെൺകുട്ടികളുമായിരുന്നു മക്കൾ.

കാഴ്ചയിൽ അതിസുഭഗനായിരുന്നു മാത്യു എം. കുഴിവേലി. ചുവപ്പുകലർന്ന വെളുപ്പുനിറം. നല്ല പൊക്കം. എപ്പോഴും ശുദ്ധശുഭ്രവസ്ത്രധാരി. മുണ്ടും ജുബ്ബയും കഴുത്തു ചുറ്റി ഇടുന്ന കവണിയുമായിരുന്നു കുഴിവേലി മാത്യു സാറിന്റെ ഡ്രസ് കോഡ്. വലിയ അഭിമാനിയായിരുന്നു. നീണ്ടുനിവർന്നു പ്രൗഢമായ നില്പും ആത്മവിശ്വാസത്തോടെയുള്ള നടപ്പും വാക്കും സംസാരവും.

ഭാഷയോടുള്ള ഭക്തിയും ആരാധനയുമായിരുന്നു കുഴിവേലി മാത്യുസാറിന്റെ ജീവവായു. സർവ്വകലാശാലയിൽ ജോലിയിലിരിക്കേ അധികാരികളോട് അനുവാദം ചോദിക്കാതെ സ്വന്തനിലയിൽ ഭാഷാവിജ്ഞാനകോശം പ്രസിദ്ധീകരിക്കുവാൻ തയ്യാറായതിന്റെ പേരിൽ അദ്ദേഹത്തിനെതിരേ ശിക്ഷണനടപടിക്കുപോലും ശ്രമമുണ്ടായി. വിജ്ഞാനകോശത്തിന്റെ ആദ്യവാല്യം പ്രസിദ്ധീകരിക്കുന്നതിനുള്ള സാമ്പ



ത്തികഭാരം അദ്ദേഹത്തിനു താങ്ങാവുന്നതിനുമപ്പുറമായിരുന്നു. ഒടുവിൽ താൻതന്നെ ഡ്രൈവ് ചെയ്തു പൊന്നുപോലെ കൊണ്ടു നടന്നിരുന്ന ഇഷ്ടവാഹനമായിരുന്ന മോറീസ് മൈനർ കാർ വിറ്റിട്ടാണ് വിജ്ഞാനകോശത്തിന്റെ ആദ്യ വാല്യം അച്ചടിക്കുവാനുള്ള പണം കണ്ടെത്തിയതെന്നറിയുമ്പോഴാണ് മലയാളത്തിലെ ആദ്യ വിജ്ഞാനകോശപ്രസാധകന്റെ ഭാഷാസ്നേഹത്തിന്റെ ആഴമറിയുന്നത്. 1956 ൽ കവടിയാർ കൊട്ടാരത്തിൽ അമ്മമഹാറാണിയുടെയും മകൾ കാർത്തികതിരുനാളിന്റെയും കേണൽ ഗോദവർമ്മ രാജായുടെയും സാന്നിധ്യത്തിൽ അന്ന് തിരു-കൊച്ചി രാജപ്രമുഖനായിരുന്ന ശ്രീ ചിത്തിരതിരുനാൾ മഹാരാജാവാണ് വിജ്ഞാനകോശത്തിന്റെ പ്രഥമവാല്യം ഔപചാരികമായി പ്രകാശിപ്പിച്ചത്. വാശിയിൽ കുഴിവേലി മാത്യുസാറും ഒരൊന്നാംതരം പാലാക്കാരൻതന്നെ ആയിരുന്നിരിക്കണം!

തിരുവനന്തപുരത്തായിരിക്കേ 'ട്രിവാൻഡ്രം ലെറ്റേഴ്സ്' എന്ന പേരിൽ ഒരു ഇംഗ്ലീഷ്മാസികയും 'കുഴിവേലി പത്രിക' എന്നൊരു മലയാളപ്രസിദ്ധീകരണവും മുടങ്ങാതെ നടത്തിപ്പോന്നിരുന്നു. മാത്യു എം. കുഴിവേലിയുടെ ഭാഷാവിജ്ഞാനകോശപ്രസിദ്ധീകരണപരിശ്രമങ്ങളെ 'ഭഗീരഥപ്രയത്നം' എന്നാണ് പ്രൊഫ. സുകുമാർ അഴീക്കോട് പ്രകീർത്തിച്ചത്. അതിനെതിരേ സർവകലാശാലാധികൃതർ നടത്തിയ തടസ്സശ്രമങ്ങളെ അഴീക്കോടു കണക്കിനു പരിഹസിക്കുകയും ചെയ്തു. ഏഴു വാല്യങ്ങൾ കുഴിവേലിസാർ പൂർത്തിയാക്കി. പതിനായിരത്തോളം പേജുകൾ അഴീക്കോടു പറഞ്ഞതുപോലെ ഒരു ഭഗീരഥപ്രയത്നംതന്നെ ആയിരുന്നു. സരസ്വതീദേവി പ്രസാദിച്ചിരിക്കാമെങ്കിലും ലക്ഷ്മി കനിഞ്ഞില്ല. തനിക്ക് ആ വകയിൽ ഉണ്ടായ ഭീമമായ സാമ്പത്തികബാധ്യതകൾപോലും കുഴിവേലിസാറിനെ ലക്ഷ്യത്തിൽനിന്നു പിന്തിരിപ്പിച്ചതുമില്ല. ഒരർത്ഥത്തിൽപ്പറഞ്ഞാൽ അത് ഒരു ഒറ്റയാൾയജ്ഞമായിരുന്നു.

1972 ൽ അന്നത്തെ രാഷ്ട്രപതി വി.വി. ഗിരി തിരുവനന്തപുരത്തു വന്നു ഭാഷാവിജ്ഞാനകോശത്തിന്റെ ബാക്കി വാല്യങ്ങൾ ഔപചാരികമായി പ്രകാശിപ്പിച്ചു. ഗവർണർ വി. വിശ്വനാഥൻ അധ്യക്ഷനായി. രണ്ടു പേരും കുഴിവേലിസാറിനുമേൽ പ്രശംസാവാക്കുകൾകൊണ്ടു ധാരകോരി. പിറ്റേവർഷം രാഷ്ട്രം മാത്യു എം. കുഴിവേലിയെ പത്മശ്രീ നൽകി ആദരിക്കുകയും ചെയ്തു. അപ്പോഴും വിജ്ഞാനകോശത്തിന്റെ എട്ടാം വാല്യത്തിന്റെ പണിപ്പുരയിലായിരുന്നു സാത്വികനായിരുന്ന ആ ഭാഷാഭക്തൻ.

നിർഭാഗ്യവശാൽ അവസാനവാല്യം പൂർത്തിയാക്കുംമുമ്പ് 1974 ഒക്ടോബർ 27 ന് അദ്ദേഹം കാലത്തെ കടന്നുപോയി. പാലാ നഗരസഭ മുനിസിപ്പൽ ലൈബ്രറി പത്മശ്രീ മാത്യു എം. കുഴിവേലി സ്മാരക ലൈബ്രറി എന്നു നാമകരണംചെയ്താണ് സ്വന്തം ജന്മനഗരത്തിന്റെ ആദരവ് പ്രകടമാക്കിയത്. മാത്യു എം. കുഴിവേലിസാറിന് അദ്ദേഹത്തിന്റെ കർമ്മക്ഷേത്രമായ തിരുവനന്തപുരത്താണ് ഉചിതമായ ഒരു സ്മാരകം ഉയരേണ്ടത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തും പിന്നീട് അധികാരത്തിൽ വന്ന ഇപ്പോഴത്തെ എൽ.ഡി.എഫ്. ഗവണ്മെന്റിന്റെ മുൻപിലും ഈ ലേഖകൻ അധ്യക്ഷനും പ്രശസ്ത സാഹിത്യകാരന്മാരായ മുൻ ചീഫ് സെക്രട്ടറി ശ്രീ സി.പി. നായരും ശ്രീ പെരുമ്പടവം ശ്രീധരനും ഡോ. ബാബു പോളും ഉപാധ്യക്ഷന്മാരും കുഴിവേലിസാറിന്റെ പുത്രൻ ഡോ. ബാലൻ കുഴിവേലി സെക്രട്ടറിയുമായ പത്മശ്രീ മാത്യു എം. കുഴിവേലി സ്മാരകനിർമ്മാണസമിതി പലവട്ടം നിവേദനങ്ങൾ നൽകിയെങ്കിലും നിർഭാഗ്യമെന്നു പറയട്ടെ, രണ്ടു സർക്കാരുകളും അതിൽ താത്പര്യമൊന്നുമെടുത്തില്ല. ഇനി അടുത്ത സർക്കാരോ കേന്ദ്രസർക്കാരോ അതുല്യനായിരുന്ന ഈ ഭാഷാപ്രതിഭയെ ആദരിക്കുവാൻ സന്മനസ്സു കാണിക്കു മോയെന്നു നമുക്കു കാത്തിരിക്കാം... പാലായുടെ അഭിമാനപുത്രനു സ്നേഹപ്രണാമം!

■

പുഴയൊഴുകുംവഴി

മാത്യൂസ് ആർപ്പൂക്കര

## വോൾഗ



**റ**ഷ്യയുടെ ദേശീയനദിയായ വോൾഗ (Volga), യൂറോപ്പിലെ ഏറ്റവും നീളമുള്ള നദിയും, ഉൾക്കൊള്ളുന്ന വെള്ളത്തിന്റെ അളവും നദീതടവിസ്തീർണ്ണവുംപ്രകാരം യൂറോപ്പിലെ ഏറ്റവും വലിയ നദിയുമാണ്. മോസ്കോയ്ക്ക് വടക്കുപടിഞ്ഞാറേ വാൽഡൈ കുന്നുകളിൽ സമുദ്രനിരപ്പിൽനിന്ന് 225 മീറ്റർ ഉയരത്തിലാണ് വോൾഗയുടെ ഉദ്ഭവം. ഇരുനൂറോളം കൈവഴികളിൽനിന്നു ജലം സ്വീകരിച്ച് വോൾഗ സുന്ദരിയായി, സുഭഗയായി ഒഴുകുന്നു. തലസ്ഥാനനഗരമായ മോസ്കോ ഉൾപ്പെടെ പതിനൊന്നു വലിയ നഗരങ്ങളെ പുൽകിയാണ് വോൾഗയുടെ സഞ്ചാരം. 3530 കി. മീറ്റർ യാത്രയുടെ അവസാനം വോൾഗ, കാസ്പിയൻകടലിൽ പതിക്കുന്നു.

പടിഞ്ഞാറൻ റഷ്യയിലെ ജനങ്ങളുടെ ജീവിതം വോൾഗാനദിയുമായി ബന്ധപ്പെട്ടു കിടക്കുന്നു. വളരെ ഫലഭൂയിഷ്ഠമാണിതിന്റെ തീരപ്രദേശങ്ങൾ. മാത്രമല്ല, പെട്രോളിയം പോലെയുള്ള പ്രകൃതിവിഭവങ്ങൾകൊണ്ടും സമ്പുഷ്ടമാണ് ഈ പ്രദേശങ്ങൾ. സ്റ്റേജൻ (Sturgeon) എന്ന വലിയ ഇനം മീനുകൾകൊണ്ടും ഈ നദി പേരുകേട്ടതുതന്നെ. റഷ്യയുടെ ചരിത്രത്തിലും സംസ്കാരത്തിലും സമ്പദ്വ്യവസ്ഥയിലും നിർണായക പങ്കു വഹിച്ച് വോൾഗ റഷ്യക്കാരുടെ മനസ്സിലൂടെയും ഒഴുകുന്നു, റഷ്യക്കാർക്ക് ഒട്ടേറെ നന്മകൾ ഒഴുക്കി നല്കിക്കൊണ്ട്.

■




**ഡിസംബർ 13**
**മംഗളവാർത്തക്കാലം**
**മൂന്നാം ഞായർ**



ഉത്പ 18:1–10
ന്യായ 13:2–7, 24
എഫേ 3:1–13
ലൂക്കാ 1: 57–66

**ഫാ. ആന്റണി ഞള്ളംപുഴ CMI**

# യാഹ്‌വെ കരുണയുള്ളവനാണ്

“**യൂ**ദയായിലെ മലനാട്ടിലെങ്ങും ഈ സംഗതികൾ സംസാരവിഷയമായി” ലൂക്കാ 1/66.

ഒരു മലനാട്ടിൽ സംസാരവിഷയമായ, വാർത്താപ്രാധാന്യം നേടിയ ഒരു കുഞ്ഞിന്റെ പിറവിയാണ് ഇന്നത്തെ സുവിശേഷവിചിന്തനവിഷയം. സ്നാപകയോഹന്നാന്റെ പിറവിയാണ് മലനാട്ടിലെങ്ങും ചർച്ചയായത്. മലനിരകളിലും മരുഭൂമിയിലും പാർക്കാനും മാനസാന്തരം പ്രസംഗിക്കാനുമായി പിറന്നവനെ മലയോരവാസികൾ തങ്ങളുടെ സംസാരത്തിന്റെ വിഷയമാക്കിയിക്കുന്നു.

സ്നാപകയോഹന്നാന്റെ പിറവിയുടെ പിന്നിലുള്ള പ്രത്യേകതകളാണ് ഈ പ്രസവത്തെ വാർത്താപ്രാധാന്യമുള്ളതാക്കിയത്. അവന്റെ അമ്മ എലിസബത്ത് വന്ധ്യയായിരുന്നു; അപ്പൻ സഖറിയ പ്രായം കവിഞ്ഞവനും. വന്ധ്യത വലിയ ശാപമായിക്കരുതിയിരുന്ന പഴയനിയമകാലം. അതിരുകവിഞ്ഞ പ്രായവും വന്ധ്യതയും ഒരു ശിശുവിനുള്ള സാധ്യതയെ അപ്പാടെ ചോദ്യം ചെയ്യുന്ന അവസ്ഥ. അപ്പോൾ എലിസബത്ത് ഗർഭം ധരിച്ചു. അർത്ഥവത്തായ ഒരു ഗർഭധാരണം! സഖറിയ മൗനം ധരിച്ചു. വാചാലമായ ഒരു മൗനം! മനുഷ്യർക്കു മാറ്റാനാവാത്ത അവസ്ഥകളെ ദൈവത്തിനു മാറ്റാനാവും. പ്രായവും കാലവും ദൈവത്തിന്റെ അനുഗ്രഹങ്ങൾക്ക് ഒരു തടസ്സമല്ല. 18 വർഷം കുനിഞ്ഞു നടന്നവളെ കർത്താവ് നിവർത്തി നിർത്തി! 12 വർഷമായി രക്തസ്രാവം ബാധിച്ചിരുന്ന സ്ത്രീക്ക് ഈശോ സൗഖ്യം നൽകി!

38 വർഷമായി കുളക്കരയിൽ കിടന്ന തളർവാതരോഗിയെ യേശു കിടക്കയിൽനിന്നെഴുന്നേല്പിച്ചു. സംസ്കരിക്കപ്പെട്ടിട്ട് നാലു ദിവസമായ ലാസറിനെ കർത്താവ് ഉയിർപ്പിച്ചു. ന്യായാധിപപുസ്തകത്തിൽ നിന്നുള്ള രണ്ടാംവായനയിലെ മനോവയുടെ ഭാര്യയും വന്ധ്യയായിരുന്നു. അശക്തരും ആശ്രയമില്ലാത്തവരുമായ അവർക്കാണ് ദൈവം ശക്തനായ സാംസൺ എന്ന പുത്രനെ നൽകി അനുഗ്രഹിച്ചത്!

**‘യോഹന്നാൻ’**
**= ദൈവം കരുണയുള്ളവനാണ്**

ശിശുവിന് എന്തു പേരു നൽകണം? അമ്മ പറയുന്നു: ‘യോഹന്നാൻ’. മൂകനായിത്തീർന്ന അപ്പൻ എഴുത്തുപലകയിൽ എഴുതിക്കൊണ്ട് പറയാതെ പറഞ്ഞു: ‘യോഹന്നാൻ.’ ദൈവം കരുണാനിധിയാണ്, കരുണാകരനാണ് എന്നർത്ഥം. വീണ്ടും ജനത്തെ അദ്ഭുതപ്പെടുത്തിയത് സഖറിയായുടെ മൗനം വാചാലമായതാണ്. അവന്റെ വാ തുറന്നു. നാവിന്റെ കെട്ടുകളഴിഞ്ഞു. മനസ്സിന്റെ കെട്ടുകളഴിച്ച് മാനസാന്തരപ്പെടുവിൻ എന്നു പറഞ്ഞ സ്നാപകന്റെ പിറവിയിലുടനീളം അദ്ഭുതങ്ങളുടെ അകമ്പടിയുണ്ട്! അഭിഷേകത്തിന്റെ നിറവുണ്ട്! ദൈവകരം കൂട്ടിനുണ്ട്!



**‘സഖറിയ’ = ദൈവം ഓർത്തു**

സഖറിയ എന്ന തന്റെ പേരിന്റെ മനോഹരമായ അർത്ഥം സഖറിയായ്ക്ക് ഇപ്പോൾ തികച്ചും ബോധ്യമായി. ഒപ്പം എലിസബത്തിനും യൂദയാനിവാസികൾക്കും. ‘കർത്താവ് ഓർമ്മിച്ചിരിക്കുന്നു’, എത്ര അർത്ഥവത്തായ പേര്. ദൈവത്തിന് ഓർമ്മയുണ്ട്. കരുതലുണ്ട്. ഒപ്പം കരുണയുണ്ട്. ദൈവത്തിനു വന്ധ്യത ഒരു പ്രതിബന്ധമല്ല. ദൈവത്തിന് വന്ധ്യതയും ഒരു സാദ്ധ്യതയാണ്. പ്രതിസന്ധികൾ ഉയരുമ്പോൾ അബ്രാഹത്തോടൊപ്പം പ്രത്യാശയോടെ പറയാം: “ദൈവം തരും” (ഉത്പത്തി 22/8).

ആദ്യവായന (ഉത്പ 18/1–10) ദൈവത്തിന്റെ ഉദാരതയുടെയും അബ്രാഹത്തിന്റെ ഉദാരമായ വിരുന്നിന്റെയും ആതിഥ്യമര്യാദയുടെയും കഥയാണ്. അപരിചിതന്റെ രൂപഭാവങ്ങളിൽ എമ്മാവൂസ് യാത്രക്കാരുടെ കൂടെ നടന്ന യേശുവിനെപ്പോലെ അതിഥികളുടെ വേഷത്തിൽ ദൈവം അബ്രാഹത്തിന്റെ വസതി സന്ദർശിച്ചു. ഈ കഥയിൽ രണ്ടുവട്ടം ആവർത്തിക്കുന്ന ഒരു പദമാണ് ‘വസന്തം’ ഉദാരനിധിയായ ദൈവം ഉദാരമതിയായ അബ്രാഹത്തെയും സാറായെയും അനുഗ്രഹിച്ച് അവരുടെ ജീവിതത്തിൽ, വസതിയിൽ വസന്തം വിരിയിച്ച കഥ. അബ്രാഹത്തിന്റെ നിലംപറ്റെയുള്ള വണങ്ങലും മൂന്നുപേർക്കുള്ള മൂന്നിടങ്ങഴിമാവിന്റെ അപ്പവും പാകം ചെയ്ത കൊഴുത്ത അഥവാ കൊഴുപ്പിച്ച (പ്രത്യേകമായി വളർത്തിയത്) ഇളം കാളകുട്ടിയും മൂരിയിറച്ചിയും വെണ്ണയും പാലും അബ്രാഹത്തിന്റെ ഉദാരതയുടെയും സുതാര്യതയുടെയും വ്യക്തമായ അടയാളപ്പെടുത്തലുകളാണ്. പൗലോസ് ശ്ലീഹായുടെ വാക്കുകളിൽ ‘ക്രിസ്തുവിന്റെ ദുർഗ്രഹമായ സമ്പന്നതയുടെ’ (എഫേ 3/8) സാക്ഷ്യപ്പെടുത്തലാണ്. “എന്റെ ദൈവം തന്റെ മഹത്ത്വത്തിന്റെ സമ്പന്നതയിൽനിന്ന് യേശുക്രിസ്തുവഴി നിങ്ങൾക്ക് ആവശ്യമുള്ളതെല്ലാം നൽകും” (ഫിലി 4/19) എന്നതിന്റെ ഉറപ്പാണ്.

**സഖറിയായുടെ ഗാനം**

“അവന്റെ വായ് തുറക്കപ്പെട്ടു. നാവ് സ്വതന്ത്രമായി. അവൻ ദൈവത്തെ വാഴ്ത്തി” (ലൂക്കാ:64).

കെട്ടഴിഞ്ഞ നാവുകൊണ്ട് സഖറിയ പാട്ടുപാടി. കെട്ടുപാടുകൾ തട്ടിമാറ്റുന്ന ദൈവകരുണയുടെ കീർത്തനം. എല്ലാവരും കൈവെടിയുമ്പോഴും കൈവിടാതെ ‘ദൈവകര’ത്തിന്റെ സ്തുതികീർത്തനം.

“അവിടുന്ന് എന്റെ വിലാപത്തെ ആനന്ദനൃത്തമാക്കി മാറ്റി. അവിടുന്ന് എന്നെ... ആനന്ദമണിയിച്ചു. ഞാൻ മൗനം പാലിക്കാതെ അങ്ങയെ പാടിപ്പുകഴ്ത്തും. ദൈവമായ കർത്താവേ, ഞാനങ്ങേക്ക് എന്നും നന്ദി പറയും.” (സങ്കീ 30: 11–12).

“എന്റെ നാവ് കർത്താവിന്റെ സ്തുതികൾ പാടും.” – സങ്കീ. 145/21

ദൈവകൃപകൾ സ്വീകരിച്ചിട്ട് നന്ദി പറയാത്തവരും ദൈവത്തെ സ്തുതിക്കാത്തവരും സങ്കീർത്തകന്റെ ഭാഷയിൽ മൃതരാണ്.

“മരിച്ചവരും നിശ്ശബ്ദതയിൽ ആണ്ടുപോയവരും കർത്താവിനെ സ്തുതിക്കുന്നില്ല” – സങ്കീ. 115/17.

ദൈവത്തെ സ്തുതിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ടാണ് സങ്കീർത്തന ഗ്രന്ഥം സമാപിക്കുന്നത്.

“സർവ്വജീവജാലങ്ങളും കർത്താവിനെ സ്തുതിക്കട്ടെ! കർത്താവിനെ സ്തുതിക്കുവിൻ” – സങ്കീ. 150/6

**‘കർത്താവിന്റെ കരം’**

“കർത്താവിന്റെ കരം അവനോടുകൂടെ ഉണ്ടായിരുന്നു.” – ലൂക്കാ. 1/66

ഇന്നത്തെ സുവിശേഷവായനയുടെ സമാപനവചനമാണിത്. ഈ വചനത്തോട് കൂട്ടിവായിക്കേണ്ട വചനങ്ങളാണ് താഴെ പറയുന്നവ.

“കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്.” – (ലൂക്കാ 4/18)

“ശിശു വളർന്നു, ആത്മാവിൽ ശക്തിപ്പെട്ടു” – (ലൂക്കാ 1/80)

നാസീർവ്രതക്കാരനായി ജീവിച്ച സാംസൺ എന്ന കുട്ടിയുടെ വളർച്ചയെപ്പറ്റിയുള്ള വചനഭാഗംകൂടി ചേർത്തു വായിക്കാം.

“കുട്ടി വളർന്നു. കർത്താവ് അവനെ അനുഗ്രഹിച്ചു... കർത്താവിന്റെ ആത്മാവ് അവനിൽ പ്രവർത്തിച്ചുതുടങ്ങി.” – (ന്യായ 13/24).

കർത്താവിന്റെ ആത്മാവുള്ളപ്പോൾ കർത്താവിന്റെ കരം കൂടെയുണ്ട്. കർത്താവിന്റെ കരം കൂടെയുണ്ടെങ്കിൽ ഒരുവൻ കർത്താവിന്റെ ആത്മാവിലാണ്.

“കർത്താവിന്റെ വലത്തുകൈ കരുത്തു പ്രകടമാക്കി.
കർത്താവിന്റെ വലത്തുകൈ മഹത്ത്വമാർജിച്ചിരിക്കുന്നു;
കർത്താവിന്റെ വലത്തുകൈ കരുത്തു പ്രകടമാക്കി.”
– സങ്കീ. 118/ 15–16.

■



*പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ രചിച്ച് ദീപനാളം പബ്ലിക്കേഷൻസ് പുറത്തിറക്കിയ ‘ആദിതാളം’ എന്ന ഗ്രന്ഥം പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, രൂപത മുൻ അധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിലിനു നല്കി പ്രകാശനം ചെയ്യുന്നു. രൂപത വികാരി ജനറാൾ മോൺ. എബ്രാഹം കൊല്ലിത്താനത്തുമലയിൽ, ദീപനാളം മാനേജിംഗ് ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ എന്നിവർ സമീപം.*

**ജോൺ ജെ. പുതുച്ചിറ**

## ഒരു മൊബൈൽ പ്രണയഗാഥ



**അ**വളുടെ പ്രണയങ്ങളത്രയും പൂവിട്ടതും പോയി മറഞ്ഞതും മൊബൈൽ ഫോണിലൂടെ ആയിരുന്നു.

ആദ്യം മൊബൈലിൽ റിലയൻസിന്റെ കണക്ഷനെടുത്തപ്പോൾ അവൾ റെജിയെ പ്രണയിച്ചു. പിന്നെ അവനുമായി തെറ്റിയപ്പോൾ ആ നമ്പറെ മാറി.

പിന്നെ ‘ജിയോ’ എടുത്തിട്ട് ജിജോയെ പ്രേമിച്ചു.

അനന്തരം സിമ്മും ഒപ്പം കാമുകനെയും മാറി. ‘ഐഡിയ’ എടുത്തിട്ട് ഐവിയെ പ്രണയിച്ചു. ‘ബിഎസ്എൻഎൽ’ എടുത്തിട്ട് ബാബുരാജിനെയും.

തന്റെ സിംകാർഡിന്റെ പേരിന്റെ പ്രാസം നോക്കിയിട്ടാണ് അവൾ കാമുകന്മാരെപ്പോലും തിരഞ്ഞെടുത്തിരുന്നത്. ചുരുക്കത്തിൽ മൊബൈൽ ഫോൺ അവൾക്ക് അത്രമേൽ പ്രാണനായിരുന്നു.

അങ്ങനെയിരിക്കെ ഒരുനാൾ അവൾ തന്റെ സിംകാർഡുകൾ എല്ലാം ഉപേക്ഷിച്ചു. കാമുകന്മാരെയും തഴഞ്ഞു. ജീവന്റെ ജീവനായ തന്റെ മൊബൈൽഫോണും അവൾ കൈയൊഴിഞ്ഞു.

അന്ന് അവളുടെ വിവാഹമായിരുന്നു.



നോവൽ

ജോർജ് പുളികാട്

# ഇടം

## അദ്ധ്യായം 15

നഗരത്തിലെ ബസ്സ്റ്റാൻഡിൽ വൈകുന്നേരം ആറുമണിയോടെയാണ് സെലീന എത്തിയത്. ഓട്ടോറിക്ഷയിൽ കയറി കളക്ടറുടെ ബംഗ്ലാവിനു മുമ്പിലെത്തി. കൂറ്റൻ ഇരുനിലക്കെട്ടിടത്തിന്റെ വമ്പൻ ഗേറ്റ് അടഞ്ഞാണു കിടന്നിരുന്നത്. സെലീനാ പേഴ്സിൽനിന്നു ചെറിയ മൊബൈൽ ഫോണെടുത്ത് സുമലതയുടെ നമ്പർ ഡയൽ ചെയ്തു. മകൾ അത് അമ്മയ്ക്ക് നൽകിയിട്ടുണ്ടായിരുന്നു. സുമലത പെട്ടെന്നുതന്നെ ഫോണെടുത്തു.

“അമ്മേ.... അമ്മയെവിടെയെത്തി?’’ സുമതലത വെപ്രാളത്തോടെ തിരക്കി.

“ഞാനിവിടെ... ഈ വീടിന്റെ മുമ്പിലുണ്ട്.”

“അയ്യോ, ഇപ്പ വരാം. ഓടി വരാം.”

സുമലത പെട്ടെന്ന് വാതിലുകൾ അടച്ച് ഗേറ്റിലേക്കോടിയെത്തി. താക്കോൽക്കൊണ്ട് ഗേറ്റ് തുറന്നു.

“അമ്മ വാ... കളക്ടർസാർ പോയിക്കഴിഞ്ഞാൽ അപ്പഴേ ഞാനീ ഗേറ്റ് അടച്ചുപൂട്ടും. ഞാൻ മാത്രമല്ലേ പിന്നെയിവിടെയുള്ളൂ. അതുകൊണ്ടാ.” സെലീനയുടെ കൈപിടിച്ച് ബംഗ്ലാവിലേക്ക് ആനയിച്ചുകൊണ്ടു പറഞ്ഞു.

“വീട്ടിൽ വന്നപ്പം അവള് സുമലതേടെ കാര്യം പറഞ്ഞു. നല്ലയാളാന്നും തമ്മിൽ വലിയ കൂട്ടാണെന്നും.”

‘‘സലോമിമേഡം എനിക്കെന്റെ പൊന്നുമോളെപ്പോലെയാ. ഇവിടെ ജോലിക്കു വരുമ്പം ഞാൻ വിചാരിച്ചു കുറെ പ്രായമുള്ള ദേഷ്യക്കാരിയായ ഒരു സ്ത്രീയായിരിക്കുമെന്ന്. ഇതെന്റെ ഭാഗ്യാ.”

“എന്റെ മോൾക്ക് പാവത്തുങ്ങളോട് നല്ല അലിവുകാണും. അവള് ഒരുപാട് ദുരിതങ്ങൾ അനുഭവിച്ച് ഈ നെലേലെത്തിയതാ. സുമലത കുറെയൊക്കെ കേട്ടിട്ടുണ്ടായിരിക്കും.”

“ഒണ്ട്. അമ്മ ഇവിടെവന്നു താമസിക്കാത്തത് വലിയ സങ്കടമാ. മകള് ഇത്രേം നല്ല നെലേലെത്തിയപ്പം കൂടെ അമ്മ വേണ്ടതാ. തനിച്ചാക്കുന്നത് കഷ്ടമാ.”

‘‘വരണോന്നുണ്ട് സുമേ. പെട്ടെന്ന് നമ്മള് ഇതുവരെ ജീവിച്ച സാഹചര്യത്തീന്ന് മാറാനൊരു വെഷമമാ.”

“അതു കുറച്ചു ദിവസത്തേക്കുണ്ടാകും. അതു കഴിഞ്ഞ് നമ്മളെണങ്ങിക്കോളുമമ്മേ.” സുമലത പറഞ്ഞു.

കഴിഞ്ഞ ദിവസം സലോമി വീട്ടിലെത്തിയപ്പോൾ വാങ്ങിക്കൊണ്ടുവന്ന പുതിയ സാരിയുമണിഞ്ഞാണ് സെലീന വന്നിരിക്കുന്നത്. മുറ്റത്ത് പുൽത്തകിടിയും പൂച്ചെടികളുമൊക്കെയൊള്ള ആ വലിയ ബംഗ്ലാവുകണ്ട് അവൻ അന്തിച്ചുപോയി. അകത്തുകയറിയ സെലീനയെ വീടിന്റെ പ്രധാനമുറിയിലേക്ക് സുമലത കൂട്ടിക്കൊണ്ടുപോയി. വിലകൂടിയ സെറ്റികളും കസേരകളും ടീപ്പോയിയുമൊക്കെയുള്ള മുറിയുടെ ചുവരിൽ തിരുഹൃദയരൂപവും മാതാവിന്റെ രൂപവും അതിനു താഴെ മാത്തന്റെ ഫോട്ടോയും സെലീന കണ്ടു. മകളെ സ്നേഹിച്ച അപ്പന് ഇങ്ങനെയൊരു യോഗമുണ്ടായല്ലോ. സെലീന ഓർത്തു. സുമതല, സെലീനയെ ഡ്രസ് മാറാനുള്ള മുറിയും ബാത്ത്റൂമുമൊക്കെ കാട്ടിക്കൊടുത്തു. ഇത്രയും സൗകര്യങ്ങളുള്ള ഒരു വീട് സെലീന ഇതുവരെ കയറി നടന്നു കണ്ടിട്ടില്ല. മകൾക്കു കൈവന്നിരിക്കുന്ന സൗഭാഗ്യങ്ങൾ തന്റെ പ്രതീക്ഷകൾക്കുമപ്പുറമാണെന്ന് സെലീന കണ്ടറിഞ്ഞു.

“അമ്മ യാത്ര കഴിഞ്ഞു വന്നതല്ലേ. വേഷം മാറി ഒന്നു കുളിച്ചു ക്ഷീണം മാറ്റ്. ഞാനപ്പഴേക്കും കാപ്പിയെടുത്തു വയ്ക്കാം.” സുമലത പറഞ്ഞു.

സാരി മാറിയിട്ടു ധരിക്കാനുള്ള നൈറ്റി സെലീന വീട്ടിൽനിന്നു കൊണ്ടുവന്നിട്ടുണ്ടായിരുന്നു. അവർ ഡ്രസ്സിംഗ് റൂമിൽ കയറി വേഷം മാറി. പിന്നെ ബാത്ത് റൂമിലേക്കു കയറി. വിശാലവും നിരവധി സൗകര്യങ്ങളോടുകൂടിയതുമായിരുന്നു ബാത്റൂം. ചൂടുവെള്ളവും തണുത്തവെള്ളവുമൊക്കെ വരുന്ന



പൈപ്പുകൾ കോൺവെന്റിലെ ബാത്ത്റൂം കഴുകാൻ കയറുമ്പോൾ സെലീന കണ്ടിട്ടുള്ളതാണ്. കുളിച്ച് വേഷം മാറി പുറത്തിറങ്ങിയ സെലീനയെ സുമലത ഡൈനിംഗ് റൂമിലേക്കു കൂട്ടിക്കൊണ്ടു പോയി. അവിടെയും അതിശയക്കാഴ്ചകളായിരുന്നു. മനോഹരമായ കപ്പിലേക്ക് ജഗ്ഗിൽനിന്നു സുമലത ചൂടു കാപ്പി പകർന്നു നൽകി. ചൂടുപഴംപൊരിയും അടയുമായിരുന്നു വിഭവങ്ങൾ.

“സുമകൂടിയിരിക്ക്. നമുക്കൊന്നിച്ചു കഴിക്കാം.’’ സെലീന പറഞ്ഞു.

“ഞാൻ പിന്നെ കഴിച്ചോളാം. ഇപ്പഴമ്മ കഴിക്ക്. കൂവപ്പൊടികൊണ്ടുള്ള അട അമ്മയ്ക്ക് സ്പെഷ്യലായിട്ടുണ്ടാക്കിയതാ. കടേന്നു വാങ്ങിച്ച മായം ചേർന്ന പൊടിയൊന്നുമല്ല കേട്ടോ. ഞാൻ വീട്ടിപ്പോയി വന്നപ്പം കൊണ്ടുവന്ന നാടൻ സാധനമാ.’’ സുമലത പറഞ്ഞു.

“എനിക്കിങ്ങനെയൊന്നുമുണ്ടാക്കണ്ടായിരുന്നു. ഞാൻ വെറുമൊരു സാധാരണക്കാരിയല്ലേ.”

“സാധാരണക്കാരിയൊന്നുമല്ല. കളക്ടറ്മേഡത്തിന്റെ അമ്മയാ. അമ്മയ്ക്ക് ഒരു കുറവും വരുത്തിയേക്കരുതെന്ന് പ്രത്യേകം പറഞ്ഞിട്ടാ പോയത്. അതൊക്കെയൊന്നു കഴിച്ചിട്ട് അഭിപ്രായം പറഞ്ഞേ.”

“നല്ലതാ. എല്ലാം നല്ലതാ. രുചിയുണ്ട്.’’ സെലീന പറഞ്ഞു.

രാത്രി എട്ടരയായപ്പോൾ കളക്ടർ സലോമി വീട്ടിലെത്തി. അമ്മയെ കാണാൻ ഓടിക്കയറി വന്നു. പ്രധാനമുറികളിലൊക്കെ നോക്കിയിട്ടും കാണാതിരുന്നപ്പോൾ അമ്മ വന്നില്ലേ, എന്നൊരു സംശയം സലോമിക്കുണ്ടായി.

“മോളേ, ഇങ്ങോട്ടു പോരാമോ. അമ്മയിവിടെയാ. കാപ്പികുടിക്കുകാ.”

സുമലത ഡൈനിംഗ് ഹാളിൽനിന്നു വിളിച്ചുപറഞ്ഞു. സലോമി അങ്ങോട്ടു ചെന്നു. സെലീന എഴുന്നേറ്റ് മകളെ കെട്ടിപ്പിടിച്ച് നെറുകയിൽ തെരുതെരെ ഉമ്മ വച്ചു.

“ഇവിടെ വന്നുപെടാൻ എന്തേലും ബുദ്ധിമുട്ടുവന്നോ, അമ്മേ?” അവൾ ചോദിച്ചു.

“ഇല്ല മോളെ. ഒരു കുഴപ്പോമില്ലാതെ ഞാനെത്തി. നീ കൂടി കഴിക്ക്, മടുത്തുവരികയല്ലേ?’’ സെലീന പറഞ്ഞു. സലോമി അമ്മയോടൊപ്പം ചേർന്നു.

“അമ്മേ, ഞാനൊരു കാര്യം പറഞ്ഞാൽ അധികപ്പറ്റായിട്ടു തോന്നുമോ?” സുമലത ചോദിച്ചു.

“ഒന്നുമില്ല, സുമ പറഞ്ഞോ.”

“നമ്മൾക്കിനി ഒട്ടും വൈകാതെ ഈ പൊന്നുമോളുടെ കല്യാണം കൂടിയങ്ങ് നടത്തണം. പറ്റിയ പ്രായവും പറ്റിയ സമയവുമാ.”

“നടത്തണം. പറ്റിയ ഒരാളെ കണ്ടെത്തണം.” സെലീന പറഞ്ഞു. കൂടുതലൊന്നും അതേപ്പറ്റി പറയാൻ സെലീന തയ്യാറായില്ല. മകൾ ഉന്നതപദവിയിലാണ്. സൗന്ദര്യമുണ്ട്. ആരോഗ്യമുണ്ട്. പക്ഷേ, ഒരു വിവാഹമാലോചിക്കുമ്പോൾ ഉയർന്നുവരാനിടയുള്ള പ്രതിസന്ധികളെപ്പറ്റിയോർത്തപ്പോൾ ആശങ്കകൾ സെലീനയുടെ മനസ്സിലേക്കിരച്ചു കയറി. വിവാഹചിന്തകൾ സലോമിയുടെ മുഖത്തും സന്തോഷം പടർത്തിയില്ല. സുമൻ ബാബു വന്നു കണ്ടതും പറഞ്ഞതും അമ്മയെ അറിയിക്കാൻ ഇതല്ല സന്ദർഭമെന്ന് അവൾ ചിന്തിച്ചു.

“അമ്മേ, ഇവിടുത്തെ സൗകര്യങ്ങളൊക്കെ അമ്മ കണ്ടില്ലേ? ഞങ്ങൾ രണ്ടുപേർ മാത്രമല്ലേയുള്ളൂ. അമ്മയവിടെ ഒറ്റയ്ക്കു കഴിയുന്നത് എത്ര കഷ്ടമാണ്.’’ സലോമി പറഞ്ഞു.

“എടീ, ഇവിടെ താമസിച്ച് എനിക്ക് മഠത്തിലെ പണി ചെയ്യാൻ പറ്റുമോ?”

“അതിനി ഉപേക്ഷിക്കണം. അമ്മയ്ക്ക് ആവശ്യത്തിനുള്ള പണം ഞാൻ തരുന്നുണ്ടല്ലോ. വാങ്ങിക്കാഞ്ഞിട്ടല്ലേ?”

“പെട്ടെന്ന് അവിടുന്നൊഴിവാകുന്നതെങ്ങനെയാ? പിടിവിട്ടു ചെന്നപ്പം അഭയം തന്നത് സിസ്റ്റർമാരാ. നിന്നെ വളർത്തിയതും പഠിപ്പിച്ചതും വഴികാട്ടിയതും ഈ നെലയിലെത്തിച്ചതും അവരാ. നല്ല കാലം വരുമ്പം കടന്നു വന്ന വഴി മറക്കാമോ?”

‘‘മറന്നിട്ടില്ലല്ലോ ഞാൻ. എന്നും അമ്മ മഠത്തിലെ കുശിനിക്കാരിയായി കഴിയുന്നത് കഷ്ടമാണെന്നാ പറഞ്ഞത്.”

“എല്ലാം കരോളിനമ്മയ്ക്കറിയാം. വേറെ അടുക്കളക്കാരിയെ അന്വേഷിക്കുന്നുമുണ്ട്. പറ്റിയൊരാളെ കിട്ടുമ്പം എന്നെ ഒഴിവാക്കും. അന്നു ഞാൻ നിന്റെ കൂടെ വരാം.”

“മതി. അതു മതി. ഞാൻ കുറച്ചു രൂപ തന്നാൽ അമ്മയ്ക്കു വാങ്ങിച്ചാലെന്താ?”

“എനിക്കു ജീവിക്കാനുള്ളത് ഞാൻ ജോലി ചെയ്തുണ്ടാക്കുന്നുണ്ട്. കൂടുതൽ പണം എനിക്കെന്തിനാണ്? പിന്നെ നെനക്കു കിട്ടുന്ന പണം നീ സൂക്ഷിക്കണം. ഇത് സർക്കാരിന്റെ പണംകൊണ്ടു താമസിക്കുന്ന വീടല്ലേ? കളക്ടർ സ്ഥാനത്തുനിന്നു മാറുമ്പം ഇവിടുന്നെറങ്ങേണ്ടിവരില്ലേ?”

“അമ്മയിതൊക്കെ മനസ്സിലാക്കിയോ?”

“ങും. നീയിങ്ങോട്ടു താമസിക്കാൻ വിളിച്ചിട്ടുണ്ടെന്നൊക്കെ ഞാൻ മദറിനോടു പറഞ്ഞായിരുന്നു. അപ്പഴാ കാര്യങ്ങളൊക്കെ പറഞ്ഞുതന്നത്. ഒരു കല്യാണമാലോചിക്കുമ്പം ചെറുക്കന്റെ വീട്ടുകാര് നമ്മുടെ വീട്ടിലാ വരുന്നത്. അതിന് വഴീം പൊഴേം സൗകര്യങ്ങളുമൊന്നുമില്ലാത്ത ഇപ്പഴത്തെ വീടു പോരാ.

റോഡരുകിൽ സ്ഥലം വാങ്ങിച്ച് പുത്തൻ വീടുണ്ടാക്കണം. നിന്റെ നെലയനുസരിച്ചൊരു വീടുണ്ടാക്കണമെങ്കിൽ ഒരമ്പതു ലക്ഷമെങ്കിലും വേണം. സ്ഥലത്തിനും നല്ല വിലകൊടുക്കേണ്ടി വരും.”

“അമ്മ പറഞ്ഞകാര്യം വളരെ ശരിയാ. ഞാനിതുവരെ അങ്ങനെയൊരു കാര്യം ചിന്തിച്ചിട്ടില്ല.”

“കുറച്ചു വെല കൂടുതലുകൊടുത്താൽ ഇവിടെത്തന്നെ സ്ഥലം കിട്ടാനുണ്ട്.” സുമലത ഇടയ്ക്കു കയറിപ്പറഞ്ഞു.

‘‘ടൗണിൽത്തന്നെ വീടു വയ്ക്കുന്നതാ നല്ലത്. കളക്ടറൊക്കെയാവുമ്പം അതാ സൗകര്യം.” സെലീന സുമലത പറഞ്ഞതിനോടു യോജിച്ചു.

“അമ്മയിതെന്താ കാര്യമായിട്ടൊന്നും കഴിക്കാത്തെ?” സലോമി ചോദിച്ചു.

‘‘വൈകിട്ട് ഞാനിച്ചിരി കഞ്ഞിയാ പതിവ്. പലഹാരങ്ങളോടൊന്നും ഒരു താത്പര്യവുമില്ല.”

‘‘ഇന്ന് കഞ്ഞിയൊന്നും വേണ്ട. അത്താഴത്തിന് പല കൂട്ടങ്ങളുമുണ്ടാക്കീട്ടുണ്ട്; സ്പെഷ്യലായിട്ട്.” സുമലത പറഞ്ഞു.

“ഉണ്ടാക്കിയെങ്കിൽ നമുക്കെല്ലാവർക്കുംകൂടെ കഴിച്ചുതീർക്കാം.” സെലീന കൈകഴുകാനെഴുന്നേറ്റുകൊണ്ടു പറഞ്ഞു.

അമ്മയും മകളും തിരുഹൃദയരൂപത്തിനുമുമ്പിൽ മുട്ടുകുത്തിനിന്നാണ് പ്രാർത്ഥന ചൊല്ലിയത്. പലവഴി ചിതറിപ്പോയ ഒരു കുടുംബത്തിലെ രണ്ടുപേരുടെ ഒത്തുചേരൽ. ഭിത്തിയിൽ മാത്തന്റെ ഫോട്ടോ കണ്ട സെലീനയുടെ മനസ്സിലൂടെ പല ചിന്തകളും കടന്നുപോയി. കർത്താവിന്റെ രണ്ടാംവരവിൽ തന്റെ ഭർത്താവ് മാത്തന്റെ സ്ഥാനം എവിടെയായിരിക്കും? കുടുംബപ്രാർത്ഥനകളിൽ പങ്കെടുക്കാത്ത മനുഷ്യൻ! കൂദാശകൾ സ്വീകരിക്കാതെ തോന്ന്യാസം ജീവിച്ചവൻ! ക്രിസ്മസ് ദിനത്തിൽ മാത്രം പാതിരാക്കുർബാനയ്ക്കു പോകുമായിരുന്നു. ദുർമ്മരണം വരിച്ച മാത്തന്റെ മൃതദേഹം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചത് വികാരിയച്ചന്റെ സന്മനസ്സുകൊണ്ടുമാത്രമാണ്. പാപത്തെ വെറുക്കണം, പാപിയെ സ്നേഹിക്കണമെന്ന ചിന്താഗതിക്കാരനായിരുന്നു മറ്റപ്പള്ളിയച്ചൻ.

“അമ്മേ, പ്രാർത്ഥന തീർന്നിട്ടും എന്താ മുട്ടിന്മേൽ നിൽക്കുന്നെ?’’ സലോമി ചോദിച്ചപ്പോഴാണ് സെലീന ചിന്തകളിൽനിന്നു മാറിയത്. അവൾ മെല്ലെ എഴുന്നേറ്റു.

“മോളേ, ഞാൻ നിന്റപ്പന്റെ ഫോട്ടോ കണ്ടപ്പം പഴയ ചെല കാര്യങ്ങളോർത്തുപോയി. നിന്നെ അതിയാൻ സ്നേഹിച്ചത് വെറുതെയായില്ല. ഇവിടുത്തെ ഭിത്തിയേൽ ആ മനുഷ്യന്റെ ഫോട്ടോ നീ കൊണ്ടുവന്നു സ്ഥാപിച്ചല്ലോ!”

“അപ്പന്റെ ഫോട്ടോ കാണുന്നത് എനിക്കു വലിയ ധൈര്യം തരുന്നുണ്ടമ്മേ.” സലോമി പറഞ്ഞു. അപ്പോൾ സലോമിയുടെ ഫോണിലേക്ക് സുമൻ ബാബുവിന്റെ കോൾ വന്നു.

അവൾ കോൾ അറ്റൻഡ് ചെയ്തുകൊണ്ട് അമ്മയുടെയടുത്തുനിന്നു മാറിപ്പോയി. (തുടരും)

# അന്നം തരുന്നവന്റെ അറുതി മുട്ടിക്കുന്നവർ

1–ാം പേജ് തുടർച്ച

അവശ്യസാധനഭേദഗതി നിയമമാകട്ടെ, രാജ്യത്തു വിലക്കയറ്റത്തിനു വഴിതെളിക്കുമെന്നതിൽ സംശയിക്കാനില്ല. കരിഞ്ചന്തക്കാർക്കും പൂഴ്ത്തിവയ്പുകാർക്കും കൊള്ള ലാഭക്കാർക്കും സഹായകമാകുന്നതാണു പുതിയ നിയമഭേദഗതി. രാജ്യത്തെ സാധാരണക്കാരായ ഉപഭോക്താക്കളുടെ താത്പര്യങ്ങൾക്കു വിരുദ്ധമാണ് ഈ നിയമം. വിവാദനിയമങ്ങളെക്കുറിച്ച് ഇനിയെങ്കിലും പാർലമെന്റിലും നിയമസഭകളിലും പുറത്തും വിശദമായ ചർച്ചകളും പഠനങ്ങളും അനിവാര്യമാണ്.

**ചതിക്കുഴികളാകുന്ന നിയമങ്ങൾ**

കേട്ടാൽ സുഖമുള്ള പേരു നൽകിയ കർഷകശക്തീകരണ, സംരക്ഷണനിയമം കരാർകൃഷിക്കുവേണ്ടിയുള്ളതാണ്. കുത്തകകൾക്കാവശ്യമായ കാർഷികോത്പന്നം അവർ പറയുന്ന രീതിയിലും അളവിലും കർഷകൻ ഉത്പാദിപ്പിച്ചുനൽകാമെന്നതാണു കരാർ. വിത്തും വിത്തിന്റെ വിലയുമെല്ലാം വൻകിടക്കാരുടെ താത്പര്യത്തിലാകും.

കർഷകനും അവന്റെ വിയർപ്പിന്റെ ഫലം വാങ്ങുന്നവനും തമ്മിൽ കൃഷിക്കുമുമ്പേ കരാറിലേർപ്പെടാനാകും. പക്ഷേ, വൻകിടക്കാരന്റെ താത്പര്യങ്ങളെ ചെറുക്കാൻ സാധാരണ കേരളത്തിലെ ചെറുകിട, ഇടത്തരം കർഷകർക്കു ഗുണമുണ്ടാകില്ല. ഓൺലൈൻ വ്യാപാരത്തിലൂടെ കച്ചവടം ഉറപ്പിച്ചാലും സാധനങ്ങൾ ഉത്തരേന്ത്യൻ വിപണയിലെത്തിക്കാൻ ഇടനിലക്കാരുടെ ചൂഷണമില്ലാതെ പറ്റില്ല. രാജ്യത്താകെ കോർപ്പറേറ്റുകൾക്കും വൻതോതിൽ സാധനങ്ങൾ വാങ്ങിക്കൂട്ടി സംഭരിക്കുകയും വിൽക്കുകയും ചെയ്യാമെന്ന സ്ഥിതിയുണ്ടാകും.

കർഷകോത്പാദകകമ്പനികളാണു പരിഹാരം. ചെറുകിടകർഷകർ സംഘടിച്ചു വൻകിട സഹകരണ കമ്പനികൾ ഉണ്ടാക്കിയേ മതിയാകൂ. പക്ഷേ, ഇതുവരെയുള്ള ഇത്തരം കമ്പനികൾ പലതും പിടിച്ചുനിൽക്കാൻ പാടുപെടുകയാണ്. കേരളത്തിലെ നാളികേര, റബർ കർഷകരുടെ സ്ഥിതി നോക്കിയാൽ ഇതു മനസിലാകും.

കേരളത്തിലെ കൂടിയ ഉത്പാദനച്ചെലവും തിരിച്ചടിയാകും. മറ്റു സംസ്ഥാനങ്ങളിൽനിന്നു കുറഞ്ഞ വിലയിൽ സംഭരിക്കുന്ന കാർഷികോത്പന്നങ്ങൾ കോർപ്പറേറ്റുകൾ കേരളത്തിൽ വിറ്റഴിക്കുന്നതോടെ കർഷകർ പെരുവഴിയിലാകും. വിദേശ ഇറക്കുമതികൂടി വന്നാൽ രാജ്യത്തെ സാധാരണ കർഷകരാകും തകരുക.



കർഷകനു കഴിയില്ല. വാഴക്കുളത്ത് മോൺസണ്ടോ കമ്പനിയുടെ വിത്തു നൽകി പൈനാപ്പിൾ കൃഷി ചെയ്യിപ്പിക്കാനുള്ള ശ്രമം തുടങ്ങിയിട്ടുണ്ട്. ഇതിൽനിന്നു തൈകൾ കുറവുണ്ടാകുന്നതിനാൽ വിത്തിനായി വീണ്ടും കുത്തകയെത്തന്നെ ആശ്രയിക്കേണ്ടിവരും.

ഇന്ത്യയിൽ 85 ശതമാനവും ചെറുകിട-ഇടത്തരം കർഷകരാണ്. ഇവരിലേറെയും പാട്ടക്കൃഷി ചെയ്യുന്നവരാണ്. പുതിയ നിയമംമൂലം കുത്തകക്കമ്പനികൾക്കു നൂറുകണക്കിന് ഏക്കറിൽ പാട്ടക്കൃഷി നടത്താനാകും. ഇതുമൂലം നിലവിൽ പാട്ടക്കൃഷി ചെയ്തിരുന്ന കർഷകർക്കു രക്ഷയില്ലാതാകും. പാട്ടക്കൃഷി അവസാനിപ്പിക്കുകയോ കമ്പനികളുടെ ഭൂമിയിൽ കൃഷിചെയ്യേണ്ടിവരുകയോ ആകും ഫലം.

യൂബർ, ഒല ടാക്സികൾപോലെ തുടക്കത്തിൽ നിലവിലുള്ളതിനെക്കാൾ കൂടിയ വില നൽകി ചെറുകിടകർഷകരിൽനിന്നു കുത്തകകൾ ഉത്പന്നങ്ങൾ സംഭരിക്കും. മുണ്ടുടുത്തവനു പകരം കോട്ടിട്ടവർ പിന്നീട് വിലപേശി കാർഷികമേഖലയിൽ ആധിപത്യം നേടും. മൊത്തക്കച്ചവടക്കാർ, റിലയൻസ്, അദാനി, ബിർള പോലെ രാജ്യമാകെ ശൃംഖലകളുള്ള വൻകിട ചില്ലറ വില്പനക്കാർ, ഫാക്ടറികൾ അടക്കം വൻ സംസ്കരണക്കാർ, കയറ്റുമതിക്കാർ എന്നിവർക്കെല്ലാം സാധാരണകർഷകരുമായി കരാർകൃഷിയിൽ ഏർപ്പെടാൻ നിയമം സഹായിക്കും.

പരാതിപരിഹാരത്തിനുള്ള ത്രിതലസംവിധാനവും ഫലത്തിൽ കുത്തകക്കാർക്കാകും ഗുണം. സമവായ സമിതി (കൺസിലീയേഷൻ ബോർഡ്), സബ് ഡിവിഷണൽ മജിസ്ട്രേറ്റ്, അപ്പലേറ്റ് അഥോറിറ്റി എന്നിവയാണു സമിതികൾ. പരാതിപരിഹാരത്തിനുള്ള സമവായബോർഡിൽ ന്യായവും സന്തുലിതവുമായ പ്രാതിനിധ്യം ഉണ്ടാകണമെന്നു പറയുന്നുണ്ടെങ്കിലും ചില അവ്യക്തതകളുണ്ട്.

കരാർ ലംഘിച്ചതായി കണ്ടെത്തിയാൽ ലംഘനം നടത്തിയ പാർട്ടിക്കെതിരേ പിഴ ഏർപ്പെടുത്താൻ സബ് ഡിവിഷണൽ മജിസ്ട്രേറ്റിനും കളക്ടറുടെ അപ്പലേറ്റ് അഥോറിറ്റിക്കും അധികാരമുണ്ട്. എന്നാൽ ഇതെത്ര ശതമാനമെന്നു കൃത്യമായി പറയുന്നില്ല. ഏതു കാരണത്താലും കുടിശ്ശിക ഈടാക്കാനായി കർഷകന്റെ ഭൂമിക്കെതിരേ നടപടിയെടുക്കാൻ പാടില്ലെന്ന വ്യവസ്ഥയാണ് ഏക ആശ്വാസം.

**പുകമറയാകുന്ന വാഗ്ദാനങ്ങൾ**

കാർഷികോത്പന്ന, വ്യാപാരവാണിജ്യനിയമംമൂലം കർഷകർക്കു രാജ്യത്തെവിടെയും ഉത്പന്നം വിൽക്കാമെന്നാണ് സർക്കാർ പറയുന്നത്. ശരി, പ്രായോഗികമായി പക്ഷേ, ഓൺലൈനിലും മറ്റും ഓർഡർ ചെയ്യുന്ന സാധനങ്ങൾ ഇവർ വീടുകളിലെത്തിക്കും. വളർന്നുവരുന്ന കർഷകമാർക്കറ്റുകളും കർഷകരും കർഷകത്തൊഴിലാളികളുമെല്ലാം ഇതോടെ പ്രതിസന്ധിയിലാകാനാണു സാധ്യത. കർഷക വിപണികൾ തകർന്നാൽ വൻകിട ശൃംഖലകൾവഴി സാധനങ്ങൾ വിലകൂട്ടി വിൽക്കാൻ കോർപ്പറേറ്റുകൾക്കാവും.

പുതിയ നിയമം വന്നാലും തറവില ഉണ്ടാകുമെന്നു കേന്ദ്രം പറയുന്നു. നിലവിൽ 27 ഉത്പന്നങ്ങൾക്കാണ് കേന്ദ്രം താങ്ങുവില നിശ്ചയിച്ചിട്ടുള്ളത്. കേരളത്തിൽ സർക്കാർസംഭരണമുള്ള നെല്ലിനു മാത്രമാണിതു ലഭിക്കുന്നത്. സംഭരണം നിലച്ചാൽ തറവില കടലാസിലൊതുങ്ങും. എടുക്കാൻ ആളില്ലാതാകുമ്പോൾ, കിട്ടുന്നവിലയ്ക്കു കൊടുക്കാൻ കർഷകർ നിർബന്ധിതരാകും.

**വില കൂട്ടാനുമൊരു നിയമം!**

കരിഞ്ചന്തയും പൂഴ്ത്തിവയ്പും വിലക്കയറ്റവും പ്രോത്സാഹിപ്പിക്കുന്നതാണ് അവശ്യസാധന ഭേദഗതി നിയമം. ഭക്ഷ്യധാന്യങ്ങൾ, പയർ-പരിപ്പുവർഗങ്ങൾ, ഉള്ളി, ഉരുളക്കിഴങ്ങ്, ഭക്ഷ്യയെണ്ണകൾ, എണ്ണക്കുരുക്കൾ തുടങ്ങി പതിവായി വില കൂടുന്നവയെ അവശ്യസാധനങ്ങളുടെ പട്ടികയിൽനിന്നു നീക്കിയെന്നതാണു പുതിയ നിയമഭേദഗതിയിലെ ഞെട്ടിക്കുന്ന കാര്യം.

ആർക്കും എന്തും ഇനി അനിയന്ത്രിതമായി സ്റ്റോക്കു ചെയ്യാനാകും. കർഷകരിൽനിന്നു കുറഞ്ഞ വിലയ്ക്കു വാങ്ങി ഏത് ഉത്പന്നവും കോർപ്പറേറ്റുകൾക്കും വൻകിടക്കാർക്കും എത്ര വേണമെങ്കിലും സംഭരിച്ചു സ്റ്റോക്കു ചെയ്യാൻ അനുവദിക്കുന്നു. അത്യപൂർവ അവസരങ്ങളിൽ മാത്രമാകും സർക്കാർ ഇടപെടുക. യുദ്ധം, വലിയ പ്രത്യാഘാതം ഉണ്ടാക്കിയ പ്രകൃതിദുരന്തം, കൊടുംപട്ടിണി, അസാധാരണ വിലക്കയറ്റം തുടങ്ങിയവയാണ് ഈ അത്യപൂർവ അവസരങ്ങൾ.

ഫലത്തിൽ വില വളരെക്കൂടിയാലും സർക്കാർ ഇടപെടൽ ഉണ്ടാവില്ല. രാജ്യത്തെ പാവങ്ങളെയും സാധാരണക്കാരെയുമാകും ഏറ്റവും ദോഷകരമായി ബാധിക്കുക. □

കവിത

നിഷ ആന്റണി

## പ്രണയപരിണാമം

ഒരിക്കൽ നഗരവും ഗ്രാമവും...
ഒരേ താക്കോലിൽ പൂട്ടിയിട്ട കാലത്ത്...
സൗഹൃദത്തിന്റെ പകൽ...
പകുത്തു തന്നുകൊണ്ടൊരു മുഖം...
പുറത്തു പ്രത്യക്ഷപ്പെട്ടപ്പോൾ
എന്റെ കണ്ണു തെളിഞ്ഞു.
അതോടെ നക്ഷത്രങ്ങളാകാശത്തും
തളിരിലകൾ ഭൂമിയിലും എഴുതിയത്
ഞാൻ വായിച്ചു തുടങ്ങി.
ജാതി ചോദിക്കുന്നതു പാപമാണെന്ന്
പുസ്തകം പഠിപ്പിച്ചതുകൊണ്ട്
ഞാൻ ജാതി ചോദിച്ചില്ല...
അവനെന്നെക്കുറിച്ചറിയാനുള്ള
ആകാംക്ഷയാണെന്നോർത്ത്...
അവനും ഞാനും സംസാരിക്കുന്ന
ഒരേ അക്ഷരയുടുപ്പിൽ
ഞാനെല്ലാമെന്നെക്കുറിച്ച് പങ്കുവച്ചു.
ഒരാമസോൺ വില്പനക്കാരന്റെ
കറുത്തു വീർത്ത ബാഗിൽ....
അവനെനിക്കു നുകരുവാനായ്
മാത്രമൊരു മൊബൈൽ നൽകി.
പിന്നീടെന്റെ പ്രണയത്തിന്
രാത്രിയും പകലുമില്ലായിരുന്നു...
അപ്പോൾ പുറത്തേതോ ദൈവപ്രമാണം
പേടിച്ച് ഉച്ചഭാഷിണിയിലലറി...
അത് പരീക്ഷച്ചൂടിനു മാത്രം
പഠിക്കേണ്ട പുസ്തകമല്ലേ?
എന്നവൻ എന്നെ പഠിപ്പിച്ചു.
പ്രണയസേച്ഛാധിപത്യങ്ങളിൽ
എനിക്കെല്ലാം അവനായിരുന്നു...
പരിശുദ്ധപ്രണയത്തിന്
'ലൗ ജിഹാദി' എന്നു പേരിട്ടവനെതിരേ
ഞാൻ തെരുവിൽ പ്രതിഷേധത്തിനിറങ്ങി...
വിശുദ്ധപുസ്തകത്തിലെ
ഉത്തമഗീതങ്ങളെക്കാൾ
വിജാതീയന്റെ പർദ്ദയുടെ
സുവിശേഷം ഞാനറിയാതണിഞ്ഞു.
ഒരിക്കൽ ഞാൻ പൊതിഞ്ഞു
ഭദ്രം മൂടി വച്ച നഗ്നാവേശങ്ങളിൽ
അവൻ അത്രമേൽ തലോടിയപ്പോ...
വിലക്കിന്റെ അവസാനത്തെ
പൂട്ടും ഞാൻ തുറന്നു...
വീണ്ടും ഒരാമസോൺവില്പനക്കാരന്റെ
കറുത്ത ബാഗിൽ കറുത്ത ഉടലാട
അവനെനിക്കു നിധിയായ് നീട്ടിയപ്പോ...
എനിക്കവനോടാദ്യമായ് ജാതി
ചോദിക്കണമെന്നു തോന്നി...
പ്രണയമൊരു കഴുമരം
പോലെൻ കഴുത്തിലാടുന്നത്
അപ്പോൾ ഞാൻ തിരിച്ചറിഞ്ഞു...
പ്രണയത്തിൽ അവനെനിക്ക്
സമ്മാനിച്ച പ്രമാണങ്ങൾ
മരണത്തിന്റെ പ്രമാണങ്ങളായി
എന്നെ പിൻതുടരുന്നതും...
പ്രണയത്തിന്റെ കറുത്തശീലയിൽ
എന്റെ നിറം മായുന്നതും ഞാനറിഞ്ഞു.
നുകർന്നു ചതച്ചീമ്പിത്തുപ്പുവാനായ് മാത്രം,
പല പേരിൽ, പല സ്ഥലങ്ങളിൽ....
നീ ഉദിക്കല്ലേ, പ്രിയ പ്രണയമേ....

# മഴവിൽ മരങ്ങൾ
## പ്രകൃതിയുടെ പെയിന്റിംഗ്



ശ്രീദേവി എസ്.കെ.

പ്രകൃതിയുടെ ലാവണ്യം മനുഷ്യന്റെ മനസ്സിലുണ്ടാക്കുന്ന മായികപ്രപഞ്ചം അതിശയകരങ്ങളാണ്. ചിത്രസമാനമായ കാഴ്ചകൾ നമുക്കു സമ്മാനിക്കുന്ന പല പ്രതിഭാസങ്ങളും പ്രപഞ്ചത്തിലുണ്ട്. അത്തരത്തിലൊന്നാണ് മഴവിൽ മരങ്ങൾ (Rainbow Trees). ഫിലിപ്പൈൻസിലും ഇൻഡോനേഷ്യയിലും പാപ്പുവ ന്യൂഗിനിയയിലും കണ്ടുവരുന്ന കളർമരങ്ങളാണ് യൂക്കാലിപ്റ്റസ് ഡിഗ്ലപ്റ്റ. 'ഡിഗ്ലപ്റ്റ'എന്ന ലാറ്റിൻ പദത്തിന്റെ അർത്ഥം 'തോലുരിയുക' എന്നതാണ്. ഒറ്റനോട്ടത്തിൽ ജലച്ചായചിത്രങ്ങൾ ആണെന്നു തോന്നിക്കുന്ന ഇവ മഴക്കാടുകളിൽ കാണപ്പെടുന്ന ഒരു തരം യൂക്കാലിപ്റ്റസ് മരങ്ങളാണ്.

റെയിൻബോ യൂക്കാലിപ്റ്റസ് മരങ്ങൾ അലങ്കാരസസ്യമായി കൃഷി ചെയ്യാറുണ്ട്. മഞ്ഞില്ലാത്ത കാലാവസ്ഥയാണ് ഇവയ്ക്ക് അനുയോജ്യം. കാലിഫോർണിയയുടെ തെക്കൻ പ്രവിശ്യകൾ, ടെക്സസ്, ഫ്ളോറിഡ എന്നിവിടങ്ങളിൽ ഇവ വളർത്തുന്നുണ്ട്. തടികളിൽ കാണുന്ന ബഹുവർണ്ണങ്ങളാണ് ഇവയുടെ പ്രത്യേകത. മഴയ്ക്കുശേഷമുള്ള മരക്കൂട്ടങ്ങൾ സ്വപ്നസദൃശമായ കാഴ്ച സമ്മാനിക്കുന്നു. കടുംചുവപ്പ്, ഓറഞ്ച്, നീല എന്നീ തീവ്രവർണ്ണങ്ങളുടെ നിറച്ചാർത്തുകളാണ് ഈ മരത്തിന്റെ പ്രത്യേകത.



ഇതിന്റെ തൊലി വിഷമയമാണ്. പുറംതൊലി കൊഴിയുമ്പോൾ ഉള്ളിലുള്ള ചുവപ്പ്, പച്ച, ഓറഞ്ച്, പർപ്പിൾ നിറങ്ങൾ കാണാറാകും. ഉയരത്തിൽ വളരുന്ന ഇവയുടെ തടിക്ക് ഏകദേശം 240 സെന്റീമീറ്റർ ചുറ്റളവ് ഉണ്ടാവും. പൂമൊട്ടുകൾ കുലകളായി കാണപ്പെടുന്നു. വിടരാറായവ മങ്ങിയ പച്ചനിറത്തിലോ ക്രീം നിറത്തിലോ ആയിരിക്കും. കായ്കൾ കട്ടിയുള്ളവയാണ്. ഇവ വിളഞ്ഞ് മൂപ്പെത്തുമ്പോൾ പൊട്ടി വിത്തുകൾ പുറത്തേക്കു വരുന്നു. ഓരോ കായിലും മൂന്നുമുതൽ 12 വരെ വിത്തുകൾ



ഉണ്ടായിരിക്കും. ബ്രൗൺനിറത്തിലുള്ള വിത്തുകൾക്ക് ഇരുവശവും ചിറകുപോലെയുള്ള ഭാഗങ്ങളുമുണ്ട്.

അഞ്ചുവർഷം വളർച്ചയെത്തിയ ചെടിയിൽനിന്ന് കമ്പു മുറിച്ച് തൈകൾ ഉണ്ടാക്കാം. ഫ്ളോറിഡയിലെ ഫെയർ ചൈൽഡ് ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡനിൽ തീവ്രനിറങ്ങളുള്ള മഴവിൽമരങ്ങൾ കാണാം. പേപ്പർനിർമ്മാണത്തിനുവേണ്ടിയാണ് പ്രധാനമായും മഴവിൽ യൂക്കാലിപ്റ്റസ് ഉപയോഗിക്കുന്നത്. ഫിലിപ്പൈൻസിൽ പേപ്പർനിർമ്മാണത്തിനു പ്രധാനമായി ഉപയോഗിക്കുന്നത് ഇത്തരം മരങ്ങളുടെ പൾപ്പ് ആണ്. ഇന്ത്യയിൽ വ്യാവസായികാടിസ്ഥാനത്തിൽ ആന്ധ്രപ്രദേശ്, തെലുങ്കാന, തമിഴ്നാട്, പഞ്ചാബ്, ഹരിയാന, കർണാടക എന്നീ സംസ്ഥാനങ്ങളിൽ ഇവ വളർത്തുന്നുണ്ട്. കെട്ടിടനിർമ്മാണത്തിനും ഫർണിച്ചർനിർമ്മാണത്തിനും ബോട്ടുകൾ ഉണ്ടാക്കുവാനും അലങ്കാരവസ്തുക്കൾ നിർമ്മിക്കാനും ഇവ ഉപയോഗിക്കുന്നു. അപൂർവ്വമായ ഒരു അലങ്കാരസസ്യമാണ് മഴവിൽ യൂക്കാലിപ്റ്റസ്.

നയനാനന്ദകരമെങ്കിലും ഇവ വളർത്തുന്നതിൽ ചില പ്രശ്നങ്ങളുമുണ്ട്. പടർന്നു പന്തലിക്കാൻ ധാരാളം സ്ഥലം ഇവയ്ക്കാവശ്യമുണ്ട്. കെട്ടിടങ്ങൾക്കും റോഡുകൾക്കും അകലെ മാത്രമേ നടാൻ പറ്റൂ. തായ്ത്തടിയിൽനിന്ന് അകലേക്കു പായുന്ന വേരുകൾ ഇവയുടെ പ്രത്യേകതയാണ്.

കാലാവസ്ഥയുടെ മാറ്റം അനുസരിച്ചു നിറങ്ങൾക്ക് ഏറ്റക്കുറച്ചിൽ ഉണ്ടാവാമെങ്കിലും പ്രകൃതിയുടെ ഈ പെയിന്റിംഗ് രാജകീയപ്രൗഢിയോടെ തലയുയർത്തി നിൽക്കുന്നു. പ്രകൃതിയുടെ അദ്ഭുതങ്ങൾ മനുഷ്യമനസ്സിലുണ്ടാക്കുന്ന നിറഭേദങ്ങൾക്കു മങ്ങലേൽക്കാതെ സൂക്ഷിക്കാം. □

# കീറ്റോഡയറ്റ്
## മിഥ്യാധാരണകളും സത്യങ്ങളും

ആരോഗ്യവീഥി



അനുപ ജോസ്

ഒരു ശരാശരി മലയാളിയുടെ ഭക്ഷണത്തിലെ പ്രധാനഘടകം കാർബോഹൈഡ്രേറ്റ് അഥവാ അന്നജമാണ്. അത് പ്രഭാതഭക്ഷണമോ ഉച്ചഭക്ഷണമോ അത്താഴമോ ആയാലും ഈ അന്നജത്തെ മാറ്റിനിർത്തി വെറും 5% മാത്രം ഉൾപ്പെടുത്തി പ്രധാനമായും കൊഴുപ്പേറിയ ഭക്ഷണങ്ങൾ 75% വും 20% മാംസ്യവും ഉൾപ്പെടുത്തുന്ന ലോ കാർബോഹൈഡ്രേറ്റ് ഹൈഫാറ്റ് ഭക്ഷണക്രമമാണ് കീറ്റോഡയറ്റ്.

അന്നജമടങ്ങിയ ഭക്ഷണം കഴിക്കുമ്പോൾ ദഹനപ്രക്രിയവഴി ഗ്ലൂക്കോസാണ് ശരീരത്തിനുവേണ്ട ഊർജം നൽകുന്നത്. എന്നാൽ കീറ്റോഡയറ്റിൽ നമ്മുടെ ശരീരത്തിൽ അടിയുന്ന അല്ലെങ്കിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന കൊഴുപ്പ് ദഹനപ്രക്രിയവഴി ഉത്പാദിപ്പിക്കുന്ന കീറ്റോൺസ് ആണ് ശരീരത്തിനാവശ്യമായ ഊർജം നൽകുന്നത്.




പെട്ടെന്നുള്ള ശരീരഭാരം കുറയൽ എന്നതാണ് കീറ്റോഡയറ്റ് ഭക്ഷണക്രമത്തിലൂടെ പറയപ്പെടുന്ന പ്രധാന ആകർഷണം. കൊളസ്ട്രോൾ നിയന്ത്രണം, ഫാറ്റിലിവർ നിയന്ത്രണം, അൽഷിമേഴ്സ് അസുഖത്തിന്റെ നിയന്ത്രണം എന്നിവയ്ക്കും കീറ്റോഡയറ്റ് സഹായകമാകുന്നു.

ശരീരത്തിൽ അന്നജം എത്താത്ത സാഹചര്യത്തിൽ ഇൻസുലിൻ എന്ന ഹോർമോൺ ഉത്പാദിപ്പിക്കപ്പെടുകയില്ല. ഇൻസുലിനാണ് ശരീരത്തിൽ ഗ്ലൂക്കോസിന്റെയും കൊഴുപ്പിന്റെയും അളവ് നിയന്ത്രിക്കാൻ സഹായിക്കുന്നത്.

തലച്ചോറിന്റെ പ്രധാന ഊർജം ഗ്ലൂക്കോസാണ്. ഇതുകൊണ്ടുതന്നെ കീറ്റോഡയറ്റ് ആരംഭിക്കുന്നവർക്ക് പല വിധ ബുദ്ധിമുട്ടുകൾ കണ്ടുവരാറുണ്ട്. ആദ്യദിവസങ്ങളിൽ തലചുറ്റൽ, തലവേദന, മനംപുരട്ടൽ, ക്ഷീണം ഇവയൊക്കെ ഉണ്ടാവുന്നു. ഈ അവസ്ഥയെ കീറ്റോ ഫ്ലൂ എന്നുപറയുന്നു. കീറ്റോഡയറ്റ് ആരംഭിച്ച് 3 മുതൽ 4 വരെ ആഴ്ചകൾ ഈ കീറ്റോ ഫ്ലൂ പലരിലും കാണപ്പെടുന്നു. കൊഴുപ്പിന്റെ അളവ് എത്ര കൂടിയാലും കുഴപ്പമില്ല എന്ന രീതിയിലുള്ള പല പ്രചാരണങ്ങളും ഇന്നു നടക്കുന്നു. ഓരോ വ്യക്തിയുടെയും ശരീരം അന്നജത്തിനോടും കൊഴുപ്പിനോടുമൊക്കെ പ്രതികരിക്കുന്നത് വ്യത്യസ്ത രീതികളിലായിരിക്കും. ചിലർ എത്രമാത്രം കൊഴുപ്പ് കുറച്ച് ഉപയോഗിച്ചാലും എത്രമാത്രം വ്യായാമം ചെയ്താലും കൊളസ്ട്രോൾ കുറയാറില്ല. ഇങ്ങനെയുള്ളവർ അന്നജം കുറച്ച് കൊഴുപ്പ് കൂടുതലായി ഉപയോഗിച്ചാൽ പെട്ടെന്നുള്ള ഹൃദയസ്തംഭനം, മസ്തിഷ്കാഘാതം എന്നിവ ഉണ്ടായേക്കാം.

മാംസഭക്ഷണങ്ങൾ കൂടുതലായി ഉൾപ്പെടുത്തുന്നതിനാൽ പ്രോട്ടീൻ കൂടുതലായി ഉൽപാദിപ്പിക്കപ്പെടുന്നു. ഇതുമൂലം രക്തം, മൂത്രം എന്നിവ അസിഡിക് ആവുകയും യൂറിക് ആസിഡിന്റെ അളവുകൂടി മൂത്രാശയക്കല്ല് ഉണ്ടാവാനുള്ള സാധ്യതകൾ കൂടുകയും ചെയ്യുന്നു.

ശരീരത്തിൽ അസിഡിറ്റി കൂടുന്നതിനാൽ ശരീരത്തിൽനിന്ന് കാൽസ്യം കൂടുതലായി നഷ്ടപ്പെടുകയും ഇത് എല്ലുകളുടെ കട്ടി കുറയ്ക്കുന്ന ഒരവസ്ഥയിലേക്കു നയിക്കുകയും ചെയ്യുന്നു. പെട്ടെന്നുള്ള ഒടിവുകൾക്ക് ഇത് കാരണമാവുന്നു.

കീറ്റോഡയറ്റിൽ നാരുകളുടെ ഉപയോഗം വളരെ കുറവായതിനാൽ മലശോധന കൃത്യമായി നടക്കാതെ വരികയും ഇത് കുടൽകാൻസർ, മലബന്ധംപോലെയുള്ള ദോഷഫലങ്ങളിലേക്കു നയിക്കുകയും ചെയ്യുന്നു. ഈ നാരുകൾതന്നെ കുടലിലെ നല്ല അണുക്കളുടെ വളർച്ചയ്ക്കു സഹായകമാണ് എന്നതിനാൽത്തന്നെ അവയുടെ അഭാവം ദഹനപ്രക്രിയയെയും പ്രതികൂലമായി ബാധിക്കുന്നു.

ധാതുക്കളുടെയും ലവണങ്ങളുടെയും അഭാവം കൂടുതലായി കാണപ്പെടുകയും അവയുടെ അപര്യാപ്തത രോഗങ്ങളിലേക്കു നയിക്കുകയും ചെയ്യുന്നു.

കീറ്റോഡയറ്റ് ഭക്ഷണക്രമം അപസ്മാരം എന്ന അസുഖത്തിനു നല്ല പരിഹാരം തന്നെയാണ്. എന്നാൽ ശരീരഭാരം കുറയ്ക്കാനുള്ള ചികിത്സയ്ക്കായി ഉപയോഗിക്കണമെങ്കിൽ ശ്രദ്ധിക്കുക. ഒരു ഡോക്ടറുടെ നിർദേശപ്രകാരം പൂർണ്ണമായും രക്തപരിശോധനകൾ നടത്തി നമ്മുടെ ശരീരം കീറ്റോഡയറ്റ് പാലിക്കാൻ തയ്യാറാണെന്ന് ഉറപ്പു വരുത്തുക. ഒരു കുടുംബത്തിലെയാണെങ്കിലും ഓരോ വ്യക്തിയിലും കീറ്റോഡയറ്റ് പാലിക്കുമ്പോൾ രക്തത്തിലുണ്ടാകുന്ന വ്യത്യാസങ്ങൾ പലവിധമായിരിക്കും. അതുകൊണ്ടുതന്നെ മറ്റൊരു വ്യക്തിക്ക് കീറ്റോഡയറ്റ് ഫലപ്രദമായി എന്നതുകൊണ്ട് തനിക്കും അങ്ങനെയാവും എന്നാശ്വസിക്കാതിരിക്കുക.

നമ്മുടെ ആഹാരത്തിൽ ആരോഗ്യകരമായ മാറ്റങ്ങൾ വരുത്തുന്നതു വഴി ശരീരഭാരം നിയന്ത്രിക്കുകയും കുറയ്ക്കുകയും ചെയ്യുക. ഇതുതന്നെയാണ് ആരോഗ്യകരമായ രീതി എന്നു മറക്കാതിരിക്കുക.

*ലേഖിക പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെ ക്ലിനിക്കൽ ന്യൂട്രീഷൻ ആൻഡ് ഡയറ്ററ്റിക്സ് വിഭാഗത്തിലെ ക്ലിനിക്കൽ ഡയറ്റീഷ്യനാണ്*



# മായാതെ, മറയാതെ മറഡോണ

മറഡോണ ഓർമ്മയായി. ലോകത്തിന്റെ കായികചരിത്രത്തിൽ സമാനതകളില്ലാത്ത ഒരേട് തന്റെ സുവർണ്ണപാദങ്ങൾകൊണ്ടു രേഖപ്പെടുത്തിയാണ് അദ്ദേഹം യാത്രയായത്. ഫുട്ബോളിന്റെ ചരിത്രത്തിലുണ്ടായിട്ടുള്ള അനവധി വീരനായകന്മാരിൽ അഗ്രഗണ്യനാണ് മറഡോണ.

അർജന്റീനയുടെ തലസ്ഥാനമായ ബ്യൂണസ് ഐറിസിൽ 1960 ഒക്ടോബർ 30 നാണ് മറഡോണ ജനിച്ചത്. അടിയുറച്ച കത്തോലിക്കാവിശ്വാസികളായിരുന്നു മാതാപിതാക്കൾ. തന്റെ ജീവിതവിജയത്തിനു പിന്നിൽ അമ്മയുടെ നിർണ്ണായകമായ പങ്കിനെക്കുറിച്ച് മറഡോണ ആത്മകഥയിൽ എടുത്തു പറഞ്ഞിട്ടുണ്ട്. നാലു പെൺമക്കൾക്കുശേഷം പിറന്ന മകനിൽ ആ അച്ഛൻ വലിയ പ്രതീക്ഷകൾ വച്ചുപുലർത്തി. അർജന്റീനോസ് ജൂണിയേഴ്സ് ടീമിലെ പരിശീലകനായിരുന്ന ഫ്രാൻസിസ്കോ ക്രൊന്യോ ആണ് മറഡോണയിലെ പ്രതിഭാശാലിയെ പുറത്തുകൊണ്ടു വന്നത്. എട്ടുവയസ്സുകാരനായ മറഡോണയുടെ കാൽപ്പന്തുപ്രയോഗങ്ങൾ കണ്ട് താൻ അതിശയിച്ചുപോയതായി ക്രൊന്യോ പറഞ്ഞിട്ടുണ്ട്.

പതിനാറാമത്തെ വയസ്സിൽ മറഡോണ അർജന്റീനോസ് ജൂണിയേഴ്സിനുവേണ്ടി കളിക്കളത്തിലിറങ്ങി. അതിനടുത്ത വർഷം തന്നെ ജൂണിയർ ലോകകപ്പ് അർജന്റീന സ്വന്തമാക്കി. അഞ്ചുവർഷം വിജയങ്ങളുടെ തേരോട്ടമായിരുന്നു മറഡോണയ്ക്കും ടീമിനും.

1982-ലെ ലോകകപ്പിനുശേഷമാണ് മറഡോണ യൂറോപ്യൻ ഫുട്ബോളിൽ അരങ്ങേറ്റം കുറിച്ചത്. 1983 ലെ 'എൽ ക്ലാസിക്കോ' മത്സരത്തിൽ ബാഴ്സലോണയും ചിരവൈരികളായ റിയൽ മാഡ്രിഡും തമ്മിൽ നടന്ന പോരാട്ടത്തിൽ മറഡോണ നേടിയ ഗോൾ എതിരാളികളെപ്പോലും വിസ്മയിപ്പിച്ചു.

പിന്നീട് മറഡോണയ്ക്ക് തിരിഞ്ഞു നോക്കേണ്ടി വന്നിട്ടില്ല. സമാനതകളില്ലാത്ത ഒരു നായകപരിവേഷത്തിലേക്ക് അദ്ദേഹത്തെ എത്തിച്ചത് 1986 ലെ ലോകകപ്പാണ്. കളിയിലെ അനായാസതയും മെയ്‌വഴക്കവും ചടുലതയാർന്ന വേഗവുമൊക്കെ മറഡോണയെ കായികപ്രേമികൾക്കു പ്രിയങ്കരനാക്കി. ആരാധകർ വർദ്ധിച്ചു; എതിരാളികളും. അർജന്റീനയും ഇംഗ്ലണ്ടും തമ്മിൽ നടന്ന ക്വാർട്ടർ ഫൈനലിലെ അവസാനത്തെ അഞ്ചുമിനിറ്റ്: അതാണ് എക്കാലവും ലോകഫുട്ബോൾ ഓർമ്മയിൽ സൂക്ഷിക്കുന്നതും ചർച്ച ചെയ്യുന്നതും. കളിയുടെ അമ്പത്തൊന്നാം മിനിറ്റിൽ ഇംഗ്ലണ്ടിന്റെ ഗോളി പീറ്റർ ഷിൽട്ടനെ കടത്തിവെട്ടി നേടിയ ഒന്നാമത്തെ ഗോൾ. തന്റെ തലയും ദൈവത്തിന്റെ കൈയുമാണ് ആ ഗോൾ നേടിയതെന്ന് മറഡോണ. ഇംഗ്ലീഷ് ഗോളിയുടെ അമ്പരപ്പ് മാറുന്നതിനുമുമ്പു തന്നെ മൂന്ന് ഇംഗ്ലീഷ് താരങ്ങളുടെ കാൽച്ചുവട്ടിൽനിന്ന് റാഞ്ചിയെടുത്ത പന്തുമായി ഗോളിയെ വെറും കാഴ്ചക്കാരനാക്കി മാറ്റിനിർത്തിക്കൊണ്ട് മറ്റൊരു ഗോൾകൂടി. 1986 ലെ ലോകകപ്പ് മറഡോണയുടേതു മാത്രമായിരുന്നു. ഞാൻ പണത്തിനുവേണ്ടിയല്ല, രാജ്യത്തിനുവേണ്ടിയാണ് കളിക്കുന്നതെന്ന് ഉറക്കെപ്പറഞ്ഞ കളിക്കാരൻ. ഫുട്ബോൾ അദ്ദേഹത്തിനു ജീവിതവും സമരവുമായിരുന്നു.

നാലുലോകകപ്പുകളിലായി എട്ടുഗോളുകൾ മറഡോണയുടെ പേരിലുണ്ട്. നല്ല കളിക്കാരൻ മാത്രമല്ല, നല്ല ഒരു പരിശീലകൻ കൂടിയായിരുന്നു മറഡോണ. ഒരു മനുഷ്യസ്നേഹി, ഒരു നല്ല രാഷ്ട്രീയക്കാരൻ ഇങ്ങനെ പല വിശേഷണങ്ങളും കൂടെയുണ്ട്.

ഡീഗോ അർമാൻഡോ മറഡോണ കാലത്തെയും ചരിത്രത്തെയും പിന്നിലാക്കി ജനഹൃദയങ്ങളിൽ എന്നും ജീവിക്കും.

**ഇന്ത്യ കണ്ട മികച്ച ഫുട്ബോൾ കളിക്കാരിലൊരാളായ കേരളത്തിന്റെ പ്രിയ താരം ഐ.എം.വിജയനും മുൻ ഫിഫ റഫറിയും ഇപ്പോൾ ഐ.എസ്.എൽ. റഫറിയുമായ കോട്ടയം സ്വദേശി എം.ബി. സന്തോഷ്കുമാറും മറഡോണയെക്കുറിച്ചുള്ള ഓർമ്മകൾ ദീപനാളവുമായി പങ്കുവയ്ക്കുന്നു:**

■ *ഡാലിയ വിജയകുമാർ*

## ചരിത്രമെഴുതിയ ഫുട്ബോൾ ഇതിഹാസം



**സന്തോഷ് കുമാർ എം.ബി.**

1986 ലെ ലോകകപ്പ് കായികലോകത്തിന്റെ ചരിത്രം മാറ്റിയെഴുതി. അന്ന് പുതിയൊരു താരോദയമായിരുന്നു ഫുട്ബോൾ ലോകത്ത് അരങ്ങേറിയത്. അത് ടിവിയിൽ കാണാനുള്ള ഭാഗ്യം എനിക്കുണ്ടായില്ല. നമ്മുടെ നാട്ടിൽ അന്നൊന്നും ടിവി വ്യാപകമായിരുന്നില്ലല്ലോ. ഒരുപക്ഷേ, 1986 ലെ ആ വിജയത്തിനുശേഷമായിരിക്കാം അർജന്റീന എന്ന ഒരു രാജ്യമുണ്ടെന്നും അവിടെ മറഡോണ എന്ന ഒരു കളിക്കാരനുണ്ടെന്നും അദ്ദേഹം ഒറ്റയ്ക്കാണ് തന്റെ ടീമിനെയും ഒപ്പം രാജ്യത്തെയും വിജയത്തിലേക്കു നയിച്ചത് എന്നുമൊക്കെ ലോകജനത മനസ്സിലാക്കിയത്. പിന്നീടുള്ള ഓരോ ലോകകപ്പ് വരുമ്പോഴും വാർത്തകളിൽ നിറയുന്നത് മറഡോണയും അദ്ദേഹത്തിന്റെ അസാധാരണമായ കളിയുമായിരിക്കും.

1986 ലെ ആ അത്യുജ്ജ്വലനേട്ടമാണ് അർജന്റീനയെ ലോകകായികഭൂപടത്തിൽ ഇത്ര രൂഢമൂലമായി പതിപ്പിച്ചത്. കേരളത്തിൽത്തന്നെ നിരവധിയാളുകൾ ഫുട്ബോളിലേക്കു തിരിയാൻ കാരണവും മറഡോണയുടെ ആ കാന്തശക്തിയാണ്.

എന്റെ കരിയർ ഫുട്ബോളിലേക്കു തിരിയാൻ കാരണവും മറഡോണയും അദ്ദേഹത്തെക്കുറിച്ചുള്ള ത്രസിപ്പിക്കുന്ന വാർത്തകളുമാണെന്ന് ഞാൻ വിശ്വസിക്കുന്നു.

വളരെ നന്നായി ട്രിബിൾ ചെയ്യുന്ന അപൂർവ്വം കളിക്കാരിലൊരാളാണ് മറഡോണ. പൊക്കം കുറഞ്ഞ ഒരാളായിരുന്നതുകൊണ്ട് കുറെയേറെ ഫൗളുകൾ ഒഴിവാക്കാൻ അദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്. എന്തൊക്കെയായാലും മറഡോണയെ എതിർടീമിലുള്ളവർ എന്നും ഭയപ്പെട്ടിരുന്നു. കാരണം, ഒറ്റയ്ക്കൊരു ടീമിനെ വിജയിപ്പിക്കാൻ കഴിവുള്ള ഒരു വ്യക്തിയാണ്. അതുകൊണ്ടുതന്നെ പരമാവധി ഫൗൾ ചെയ്ത് അദ്ദേഹത്തെ കളിക്കളത്തിനു പുറത്താക്കാൻ എല്ലാവരും ശ്രമിച്ചു. കപ്പു നേടാൻ കഴിഞ്ഞില്ലെങ്കിലും അദ്ദേഹത്തിന്റെ ടീം അന്ന് ഫൈനലിൽ എത്തി.

അർജന്റീനയും ലോകം മുഴുവനും അദ്ദേഹത്തെ സ്നേഹിച്ചു. ലോകരാജ്യങ്ങളിൽ പലതിനും (ഇന്ത്യയുൾപ്പെടെ) ലോകകപ്പ് മത്സരവേദിയുടെ പരിസരങ്ങളിൽപ്പോലും എത്താൻ സാധിക്കാതെ വരുമ്പോൾ, കേവലം ഒരു ലാറ്റിനമേരിക്കൻ രാജ്യം ഒരേയൊരു വ്യക്തിയുടെ മാത്രം കഴിവുകൊണ്ട് ലോകകപ്പ് കൈയെത്തിപ്പിടിക്കുക എന്നു വച്ചാൽ ആ രാജ്യവും ജനങ്ങളും അദ്ദേഹത്തെ ദൈവമായി കരുതുന്നതിൽ എന്താണദ്ഭുതം?

നിരവധി രാജ്യങ്ങൾക്കു മാതൃകയായ, അനവധി കായികപ്രേമികൾക്കു പ്രചോദനമായ ആ ഫുട്ബോൾ ഇതിഹാസം അകാലത്തിൽ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. ലോകമുള്ളിടത്തോളം കാലം ഫുട്ബോൾ രംഗത്തെ ആ അമാനുഷികപ്രതിഭ ജനഹൃദയങ്ങളിൽ ജീവിക്കുകതന്നെ ചെയ്യും.

## പകരം വയ്ക്കാനാവാത്ത മാന്ത്രികപാദങ്ങൾ



**ഐ.എം. വിജയൻ**

ഫുട്ബോൾ ചരിത്രത്തിൽ പെലേ രാജാവാണെങ്കിൽ, മഡോണ ദൈവമാണ്. കായികലോകത്തിന്റെ ചരിത്രത്തിൽ വിവിധ വിഭാഗങ്ങളിലായി വളരെയധികം മികച്ച കളിക്കാരുണ്ട്. ക്രിസ്റ്റ്യാനോ റൊണാൾഡോ, മെസി ഇവരെയൊക്കെ ലെജൻഡ്, ബെസ്റ്റ് പ്ലെയർ എന്നൊക്കെ വിശേഷിപ്പിക്കുന്നുണ്ട്. എങ്കിലും, ഒരു നാടിന്റെ മുഴുവൻ ശ്രദ്ധാകേന്ദ്രവും ആരാധനാപാത്രവും അഭിമാനവുമാകുന്നവർ വളരെ വിരളമാണ്. പെലെയെയും മറഡോണയെയും മാത്രമേ കായികലോ



കത്തു രാജാവെന്നോ ദൈവമെന്നോ വിളിച്ചിട്ടുള്ളൂ. ഇനി ഇങ്ങനെയുള്ള പേരുകളിൽ ആരും ഉണ്ടാവുമെന്നും കരുതാനും വയ്യ.

എന്നെ സംബന്ധിച്ചിടത്തോളം ജീവിതത്തിലെ മറക്കാനാവാത്ത ഒരു അനുഭവമാണ് മറഡോണയെ കാണാൻ കഴിഞ്ഞുവെന്നുള്ളത്. 2012 ഒക്ടോബറിൽ പ്രമുഖ വ്യവസായി ബോബി ചെമ്മണ്ണൂരിന്റെ ശ്രമഫലമായി കേരളത്തിലെത്തിയ മറഡോണയെ കാണാനും കെട്ടിപ്പിടിക്കാനും ഒപ്പം ഫുട്ബോൾ കളിക്കാനും കഴിഞ്ഞത് ഒരു കായികപ്രേമിയായ എന്റെ ജീവിതത്തിലെ സ്വകാര്യ അഹങ്കാരമായി ഞാൻ കണക്കാക്കുന്നു.

മറഡോണയെ ഒരു നോക്കുകാണുന്നതിനുവേണ്ടി ഞാനും ജോ പോൾ അഞ്ചേരി, നെൽസൺ സുരേഷ് തുടങ്ങിയവരും കുടുംബത്തോടുകൂടി അദ്ദേഹം താമസിക്കുന്ന ഹോട്ടലിലെത്തി. ആറുമണിക്കൂർ കാത്തുനിന്നിട്ടും മറഡോണയെ കാണാൻ കഴിഞ്ഞില്ല. നിരാശരായി തിരിച്ചുപോന്ന ഞങ്ങൾ പിറ്റേദിവസവും ഹോട്ടലിലെത്തി. ആദ്യത്തെ ദിവസം കാണാൻ കഴിയാതിരുന്നത് ഭാഗ്യമായിരുന്നു എന്ന് പിന്നീടു തോന്നി. കാരണം അദ്ദേഹത്തെ കാണാനും സംസാരിക്കാനും കെട്ടിപ്പിടിക്കാനും കൂടെ ഫുട്ബോൾ കളിക്കാനും എനിക്ക് അന്നു സാധിച്ചു.

1986 ൽ അർജന്റീന ടീമിന് ലോകകപ്പ് നേടാൻ സാധിച്ചത് മറഡോണയുടെ മാത്രം കഴിവുകൊണ്ടായിരുന്നുവെന്ന് നമുക്കറിയാം. ഒരേസമയം ദൈവത്തിന്റെയും പിശാചിന്റെയും ഗോൾ എന്ന് ലോകം ആ വിജയം ആഘോഷിച്ചു. ഞാൻ ഒരിക്കലും ഒരു അർജന്റീനയുടെ ആരാധകനായിരുന്നില്ല, ഫാൻ ആയിരുന്നില്ല. മറഡോണയുടെ കളി കണ്ടതിനു ശേഷമാണ് അർജന്റീന എന്ന ടീമിനെ ശ്രദ്ധിക്കുന്നതുതന്നെ.

അകാലത്തിൽ പൊലിഞ്ഞുപോയ ഈ നക്ഷത്രത്തിന്, നേട്ടങ്ങളുടെ രാജകുമാരന്, പകരം വയ്ക്കാനാവാത്ത ആ മാന്ത്രികപാദങ്ങൾക്ക് എന്റെ ആദരാഞ്ജലികൾ!

പാലാ ടൗൺ കപ്പേളയിൽ
അമലോത്ഭവമാതാവിന്റെ ജൂബിലിത്തിരുനാൾ
2020 ഡിസംബർ 8 –ാം തീയതി ചൊവ്വാഴ്ച


ജൂബിലിത്തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ!
പി. ഡി. ജോർജ് & സൺസ്
പൂവേലിൽ
കവീക്കുന്ന്–പാലാ PHONE: 9447037247

തിരുനാൾ ആശംസകൾ
Thanks to the whole -hearted support and co-operation for the past few years
SURYA DRUGS
Room No. 3K, Puthumana Tower,
PALA P.O., Kottayam Dist.
Ph: 04822- 201977(O)
WHOLESALE PHARMACY IN PALA HAVING FULL RANGE OF SURGICAL EQUIPMENTS, DENTAL PRODUCTS & GENERAL MEDICINES

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!

മൂഴയിൽ ജൂവലറി
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028
സഹോദരസ്ഥാപനം:
മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269
100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

കുരിശുപള്ളി മാതാവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദിയോടെ!

മണീസ് ടെയ്‌ലേഴ്സ്
ന്യൂ മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ്
റിവർവ്യൂ റോഡ്, പാലാ
Phone: 9447145789
എല്ലാവിധ ജെന്റ്സ് വർക്കുകൾക്കും സമീപിക്കുക...
Prop: പി.ജി. മണി, പാലാ

ജൂബിലിത്തിരുനാൾ ആശംസകൾ!
S.J. ആയുർവേദ ഫാർമസി
പുതിയ കാവ് ടെമ്പിൾ റോഡ്
ചെത്തിമറ്റം – പാലാ
ബ്രാഞ്ചുകൾ: കോട്ടയം & ആലപ്പുഴ
മദ്യപാനരോഗചികിത്സ ആയുർവേദത്തിലൂടെ...
നിരാശയിലാണ്ടുപോയ ആയിരക്കണക്കിനു കുടുംബങ്ങളെ സ്വസ്ഥതയിലേക്കു തിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞ ദിവ്യൗഷധം
Please Contact:
Dr. K.V. Joseph DAM
Mob: 9447421216, 04822-214167



ടേസ്റ്റിറ്റ്™
മൈക്രോഫിൽറ്റർ ചെയ്ത ശുദ്ധമായ നാടൻ വെളിച്ചെണ്ണ
KTS PRODUCTS
ISO 9001-2008 Certified Company
കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം
www.tastitcoconutoil.com
E-mail: kunneloilmils@yahoo.com
Customer Care No: 04822262835

Deepanalam Weekly
RNI No : 16998/68
Vol. 53 No. 31 Date of Publication 3 December 2020
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2018-2020
License No.KL/CR/KTM/WPP-04/2018-2020
Licensed to post without pre-payment










Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.com